# 10

# തലയെ മുറുകെ പിടിക്കൽ
## കൊലൊസ്യർ 2:16- 23

ന്യായപ്രമാണ ചട്ടങ്ങൾ നീക്കം ചെയ്യുകയും എല്ലാ ദുഷ്ടശക്തികളെയും തോൽപിക്കുകയും ചെയ്തു (2:8, 10 ന്റെ ചർച്ച നോക്കുക) പൗലൊസ് യുക്തിപരമായ തീർപ്പിലെത്തുകയായിരുന്നു. കൊലൊസ്യർ ആ ചട്ടങ്ങളെ പിൻപറ്റുകയോ അല്ലെങ്കിൽ മനുഷ്യ-നിർമ്മിതവും മതപരവുമായ സമ്പ്രദായങ്ങളെ അനുസരിക്കുവാൻ അവരെ മറ്റുള്ളവർ നിർബ്ബന്ധിക്കുവാൻ അനുവദിക്കുകയും ചെയ്യരുതെന്ന് അവൻ പറഞ്ഞു.

### ന്യായപ്രമാണത്തിനു പകരം ക്രിസ്തുവിനെ പിന്തുടരൽ (2:16, 17)

**16അതുകൊണ്ട് ഭക്ഷണപാനങ്ങൾ സംബന്ധിച്ചോ, പെരുന്നാൾ, വാവ്, ശബ്ബത്ത് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത്–17ഇവ വരുവാനിരുന്നവയുടെ നിഴലത്രെ; ദേഹം എന്നതോ ക്രിസ്തുവിനുള്ളത്.**

**"അതുകൊണ്ട്, ഭക്ഷണപാനങ്ങൾ സംബന്ധിച്ചോ പെരുന്നാൾ വാവ് ശബ്ബത്ത് എന്നീ കാര്യത്തിലോ ആരും നിങ്ങളെ വിധിക്കരുത്" (2:16)**

ആദ്യ വാക്ക് **അതുകൊണ്ട്** (*ഔൻ*) എന്നത് മുൻപറഞ്ഞ പ്രസ്താവനകളെ ഉറപ്പിക്കുന്നതാണ്. മറ്റുള്ളവരുടെ വിധി എന്തായാലും, യേശുവിന്റെ ഉപദേശം പരിശീലിക്കുവാനും, ദൈവത്തെ പ്രസാദിപ്പിക്കുവാനും കൊലൊസ്യർ യേശുവിനെ നോക്കണമായിരുന്നു.

ക്രിസ്ത്യാനികൾ സാമൂഹ്യനിയമാവലികളും ന്യായപ്രമാണവും ഉപേക്ഷിച്ച് വളരെ ദൂരെ പോയിരിക്കുന്നു എന്ന് കൊലൊസ്യയിലെ ചിലർ ഒരുപക്ഷെ വിചാരിച്ചിരിക്കാം. കൊലൊസ്യർ ഇപ്പോൾ അവക്ക് അധീനരല്ല, അവർ യേശുവിനു മാത്രം കീഴ്പ്പെട്ടിരിക്കണമായിരുന്നു. ഒരു സമൂഹം തങ്ങൾ-ഉണ്ടാക്കിയതായ നിയമങ്ങളെയും ന്യായപ്രമാണങ്ങളെയും അനുസരിക്കാതെ ക്രിസ്തുവിനെ അനുഗമിക്കുന്നവരെ കുറ്റപ്പെടുത്തുകയായിരുന്നു.

കൊലൊസ്യർ യേശുവിനെ മാത്രം പിൻപറ്റണം എന്നു പറയുവാനുള്ള ആധികാരിക കാരണങ്ങൾ ഉൾപ്പെടുന്നവയാണ് വാക്യം 16 വരെ മുൻപ് പ്രസ്താവിച്ചതെല്ലാം:

- ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും നിക്ഷേപങ്ങൾ അവനിൽ ആണ് ഉള്ളത് (2:3).
- അവൻ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയാണ് (2:9).
- കൊലൊസ്യർ അവനിൽ പരിപൂർണ്ണരാകുന്നു (2:10).
- വാഴ്ച്ചക്കും അധികാരത്തിനും അവൻ തലയാകുന്നു (2:10).
- സ്നാനം മൂലം അവർക്ക് അവന്റെ പരിഛേദന ലഭിച്ചു (2:11, 12).

- സ്നാനപ്പെട്ടപ്പോൾ, അവരുടെ അതിക്രമങ്ങൾ ക്ഷമിക്കുകയും അവരെ ജീവിപ്പിക്കുകയും ചെയ്തു (2:13).
- അവൻ ന്യായപ്രമാണത്തിന്റെ ചട്ടങ്ങൾ ക്രൂശിൽ തറെച്ചു മായിച്ചു കളഞ്ഞു (2:14).
- അധികാരികളെയും വാഴ്ച്ചകളെയും അവൻ ആയുധവർഗം വെപ്പിച്ചു (2:15).

വിസ്തൃതമായ സന്ദർഭത്തിനു പകരം, ഉടനെയുള്ള സന്ദർഭത്തിൽ, കൊലൊസ്യർ ഒരിക്കലും ന്യായപ്രമാണ ചട്ടങ്ങൾക്കോ അധികാരികളുടെ ദുഷ്ടാധിപത്യത്തിനോ കീഴ്പ്പെടരുതെന്ന സൂചനയാണ് പൗലൊസ് കൊലൊസ്യർക്ക് നൽകുന്നത്. ന്യായപ്രമാണം നീങ്ങപ്പെട്ടു എന്ന് 2:14 ൽ പറയുകയും, 2:15-ൽ, എതിർകക്ഷികളെ തോൽപിച്ചത് ബോധ്യമാക്കുകയും ചെയ്തു. തന്റെ പ്രവൃത്തിയാൽ യേശു അവരുടെ ശക്തിയെ ഇല്ലാതാക്കി അവരുടെ അധികാരത്തെ ജയിച്ചതിനാൽ, കൊലൊസ്യർ യേശുവിന്റെ ജയത്തെ ആസ്വദിക്കണമായിരുന്നു.

മുൻപ് ഉന്നയിച്ച വാദങ്ങളെ അവതരിപ്പിച്ച് പൗലൊസ്, കൊലൊസ്യരിൽ മാനുഷികാധികാരം അടിച്ചേൽപിച്ചാൽ എന്തുകൊണ്ട് അനുസരിക്കരുത് എന്നു പറയുന്നു-അത് ന്യായപ്രമാണമായാലും മാനുഷിക നിയമങ്ങളായാലും ശരിയാണ്.

ചില ഭക്ഷണ പാനങ്ങളെ കൊലൊസ്യയിലുള്ളവരോട് ഉപേക്ഷിപ്പാൻ കൽപിച്ചിരുന്നില്ല. എല്ലാ ഭക്ഷണവും വിശുദ്ധമാണെന്ന് യേശു തന്നെ പഠിപ്പിച്ചിരുന്നു (മർ. 7:19). അതുപോലെ, ആ ക്രിസ്ത്യാനികളോട് യെഹൂദ പെരുന്നാളുകളോ, അമാവാസിയോ, ശബ്ബത്ത് ആചാരമോ കൽപിച്ചിരുന്നില്ല. അവർ ആ **ചട്ടങ്ങളിൽനിന്നെല്ലാം** സ്വതന്ത്രരായിരുന്നു, അത്തരം കാര്യങ്ങളിൽ ആരും [അവരെ] **വിധിക്കുവാ** [നും] പാടില്ലായിരുന്നു. ഈ സന്ദർഭത്തിലും ഇതുപോലെയുള്ള മറ്റു വേദഭാഗങ്ങളിലും "വിധിക്കുക" (*ക്രിനോ*) "എന്ന ക്രിയ ഉപയോഗിച്ചിരിക്കുന്നത് "അന്യായമായി വിധിച്ച്, കുറ്റപ്പെടുത്തുന്നതിനെ" ആണ് വ്യക്തമാക്കുന്നത് തിന്നുന്നതിനെ കുറിച്ചും കുടിക്കുന്നതിനെ കുറിച്ചുമുള്ള ക്രിസ്തീയ സ്വാതന്ത്ര്യത്തെ കുറിച്ച് പൗലൊസ് എഴുതി, "അതുകൊണ്ട് നാം ഇനി അന്യോന്യം വിധിക്കരുത്" (റോമ. 14:13; റോമ. 14:3, 4; 1 കൊ. 10:29). കൂടാതെ ഭക്ഷണത്തെ കുറിച്ച് അവൻ എഴുതി, "ഒന്നും വർജ്ജിക്കേണ്ടതില്ല" (1 തിമൊ. 4:3-5).

യേശു തന്റെ അധികാരത്താലും പ്രവൃത്തിയാലും, അത്തരം പരിശീലനങ്ങൾ നടത്തുന്നതിൽനിന്നു കൊലൊസ്യരെ മോചിപ്പിച്ചിരുന്നു. അക്കാരണത്താൽ, അവരെ അത്തരം ആചാരങ്ങൾ അനുസരിക്കാത്തതിൽ ആരും പരുഷമായി കുറ്റപ്പെടുത്തുകയോ വിധിക്കുകയോ ചെയ്യരുതായിരുന്നു. അവയെ പരിശീലിക്കണോ വേണ്ടയോ എന്ന് അവർ തന്നെ തിരഞ്ഞെടുക്കണമായിരുന്നു. ഇക്കാര്യത്തിൽ അവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നവർ, സ്വസഹോദരന്മാരെ കാലോചിതമല്ലാത്ത ആചാരങ്ങൾ തെറ്റായി ഉപയോഗിക്കുവാൻ പ്രേരിപ്പിച്ച് അവർക്ക് ഇടർച്ച വരുത്തുകയാണ്, അത്തരം പരിശീലനങ്ങൾ നടത്തുവാൻ അവർ ഒരിക്കലും തങ്ങളുടെ സ്വാതന്ത്ര്യം ഉപയോഗിക്കയുമരുത് (റോമ. 14:13-15, 19-21; 1 കൊ. 8:8-13). നേരെ മറിച്ച്, അവർ പുതിയനിയമത്തിലില്ലാത്തത് പരിശീലിക്കുവാൻ മറ്റുള്ളവർ അവരെ നിർബ്ബന്ധിക്കുവാനും അനുവദിക്കരുത്.

ക്രിസ്തുവിന്റേതല്ലാത്ത മറ്റു നിയമങ്ങളും ന്യായപ്രമാണം ആവശ്യപ്പെടുന്നതും അടിച്ചേൽപിക്കുന്നതിനെ എങ്ങനെ പ്രതിരോധിക്കാമെന്ന് പൗലൊസ് അവർക്ക് കാണിച്ചുകൊടുത്തു. ക്രിസ്ത്യാനികൾ തിത്തൊസിനെ പരിഛേദന കഴിക്കുവാൻ നിർബ്ബന്ധിച്ചതിനെ തള്ളിക്കളയുകയാണ് പൗലൊസ് ചെയ്തത് (ഗലാ. 2:3-5). കൊലൊസ്യയിലെ .യെഹൂദ ക്രിസ്ത്യാനികൾക്ക് ന്യായപ്രമാണ ചട്ടങ്ങൾ പ്രമാണിക്കുവാൻ അവകാശമുണ്ടായിരുന്നോ ഇല്ലയോ എന്നതല്ല, ആരെയും യെഹൂദ നിയമങ്ങളോ മാനുഷിക പാരമ്പര്യങ്ങളോ അടിച്ചേൽപിക്കുവാൻ അവകാശമില്ല എന്നതാണ് പോയിന്റ്. മനുഷ്യ-നിർമ്മിതമായ നിയമാവലികൾക്ക് കീഴ്പ്പെടുവാൻ ക്രിസ്ത്യാനികളെ നിർബ്ബന്ധിക്കുമ്പോൾ, സംഭവിക്കുന്നത് ഉപദ്രവരഹിതമായ വർജ്ജിക്കലിലല്ല അകപ്പെടുന്നത്, മറിച്ച് ഉപദ്രവകരമായ പീഢനങ്ങൾക്ക് അവർ ഇരയായി തീരുകയാണ്.

ആ സംസ്ക്കാരപരമായ നിയമങ്ങൾക്ക് കൊലൊസ്യർ കടപ്പെടുകയോ അല്ലെങ്കിൽ അവരിൽ അത് അടിച്ചേൽപിക്കയോ ചെയ്താൽ, യേശു അവരെ ഏതിൽനിന്നു മോചിപ്പിച്ചുവോ അതിലേക്ക് തങ്ങളെ ത്തന്നെ കീഴ്പ്പെടുത്തുകയായിരിക്കും ഫലം. അങ്ങനെ വരുമ്പോൾ ദുഷ്ടശക്തികളെ ജയിച്ച യേശുവിന്റെ ജയത്തിന്റെ പ്രയോജനം ലഭിക്കാത വരുന്നു.

പൗലൊസ് പറഞ്ഞ ആ കാര്യങ്ങളെല്ലാം താൽക്കാലികമായിരുന്നു. അവ യാഥാർത്ഥ്യമായിരുന്നില്ല, നിഴൽ മാത്രമായിരുന്നു. അവ നിഷ്ഫലമായ നിഴലുകാൾ മാത്രമായി അവശേഷിച്ചു, എന്നാൽ ക്രിസ്തുവിനെ അനുഗമിച്ച ക്രിസ്ത്യാനികൾക്ക് യാഥാർത്ഥ്യം വാസ്തവത്തിലുള്ള സത്തയായി തീർന്നു.

ശബ്ബത്ത് ദിവസങ്ങളിലും, അമാവാസിയിലും, പെരുന്നാളുകളിലും ഭക്ഷണം കഴിക്കരുതെന്നല്ല പൗലൊസ് പറഞ്ഞത്. മറിച്ച്, അത്തരം ആചാരപരിശീലനങ്ങൾ സഹോദരങ്ങൾക്ക് അനുഷ്ഠിക്കുവാൻ കടമയില്ല, അത് ആചരിക്കുന്ന കാര്യത്തിലോ ആചരിക്കാത്ത കാര്യത്തിലോ ആരും കൊലൊസ്യരെ വിധിക്കരുത് എന്നാണ്. അത്തരം കാര്യങ്ങൾ രക്ഷയുമായി ബന്ധപ്പെട്ടതല്ലായ്കയാൽ, കൊലൊസ്യർക്ക് തന്നെ അവ വേണോ വേണ്ടയോ എന്നു നിർണ്ണയിക്കാമായിരുന്നു. അത്തരം പരിശീലനങ്ങൾ ഒരു ബലഹീന സഹോദരനെ ബാധിക്കാത്തിടത്തോളം കാലം അത് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം അവർക്ക് ഉണ്ടായിരുന്നു (റോമ. 14:1-21; 15:1-3; 1 കൊ. 8:8-13; 10:23-33; ഗലാ. 4:10 നോക്കുക). കൊലൊസ്യർക്ക് ആ നിയമാവലികൾ പ്രാബല്യത്തിലാണെന്നു പറയുന്നത് അസംബന്ധമാണ്, കാരണം യേശു അവയെല്ലാം മായിച്ചു നീക്കം ചെയ്തവയാണ്.

അവ പ്രമാണിക്കുന്നവരെ പൗലൊസ് ഉദാഹരണമായാണ് എടുത്തുകാണിക്കുന്നത്. കൊലൊസ്യരിൽ അടിച്ചേൽപിക്കുവാൻ സാധ്യതയുള്ള എല്ലാ പരിശീലനങ്ങളും അവൻ ഉൾപ്പെടുത്തിയിരുന്നില്ല. യിസ്രായേല്യരെ ബാധിക്കുന്നതും, ക്രിസ്ത്യാനികളെ ബാധിക്കാത്തതുമായ അഞ്ചു പരിശീലനങ്ങളെയാണ് പൗലൊസ് എടുത്ത് പറഞ്ഞത്. പൗലൊസ് പ്രാധാന്യം കൊടുത്തിരിക്കുന്നത് ന്യായപ്രമാണമാണെന്ന് അവൻ പറഞ്ഞ മൂന്നു പരിശീലനങ്ങൾ വ്യക്തമാക്കുന്നു-"പെരുന്നാളുകൾ," "അമാവാസികൾ," "ശബ്ബത്തുകൾ." ഇതേരീതിയിലാണ് LXX ലും പറഞ്ഞിരിക്കുന്നത് (ഹോശെ. 2:11; യെഹെ. 45:17). പ്രത്യേകമായി, അതേ ലിസ്റ്റ് മറ്റൊരു ഭാഗത്ത്, വേറൊരു രീതിയിൽ കാണാം (1 ദിന. 23:31; 2 ദിന. 2:4; 31:3). പൗലൊസ് പറഞ്ഞ ആ അഞ്ചു പരിശീലനങ്ങളും ന്യായപ്രമാണത്തിൽ ഉൾപ്പെടുത്തിയിരുന്നു.

വാക്യം 16 ലെ ലിസ്റ്റ് രണ്ടായി തരംതിരിച്ച് പ്രായോഗികമാക്കാവുന്നതായിരുന്നു (1) ശരീരത്തിലേക്ക് എടുക്കുന്നത് (2) പ്രത്യേക യെഹൂദ പെരുന്നാളുകളും ദിവസങ്ങളും ആചരിക്കൽ. അവ ക്രിസ്ത്യാനിയുടെ ആരാധനയെയോ, അല്ലെങ്കിൽ ധാർമ്മികതയെയോ, ആത്മികതയെയോ ബാധിച്ചിരുന്നില്ല. ശരീര നിയന്ത്രണവും, ലൗകിക പരിശീലന നിയന്ത്രണവും ക്രിസ്തുവിന്റെ അനുയായികളിൽനിന്ന് ആവശ്യപ്പെട്ടിരുന്നു (റോമ. 12:1–3; 1 കൊ. 6:19, 20; 2 കൊ. 7:1). ശ്രദ്ധിച്ചുള്ള ധാർമ്മിക ജീവിതത്തെ പൗലൊസ് നിരാശപ്പെടുത്തുകയായിരുന്നില്ല. മറിച്ച്, കൊലൊസ്യരിൽ മറ്റുള്ളവർ അടിച്ചേൽപിക്കുവാൻ ശ്രമിച്ച പരിശീലനങ്ങൾക്ക് ദൈവത്തോടുള്ള ബന്ധത്തിൽ ഒരു കാര്യവുമില്ലായിരുന്നു.

**ആഹാരം അല്ലെങ്കിൽ പാനിയം**. ദൈവം യിസ്രായേലിന് ആഹാര നിയമങ്ങൾ നൽകിയിരുന്നു. യിസ്രായേലിനു ഭക്ഷിക്കാവുന്നതും ഭക്ഷിക്കുവാൻ പാടില്ലാത്തതും ന്യായപ്രമാണത്തിൽ, ദൈവം പ്രത്യേകമായി പറഞ്ഞിരുന്നു (ലേവ്യ. 11:1–47; ആവ. 14:3–21). ആ നിയമങ്ങളെയെല്ലാം യേശു നീക്കം ചെയ്തു: “ഇങ്ങനെ നിങ്ങളും ബോധമില്ലാത്തവരോ? പുറത്തുനിന്നു മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധമാക്കാൻ കഴിയുകയില്ല എന്നു തിരിച്ചറിയുന്നില്ലയോ? അത് അവന്റെ ഹൃദയത്തിലല്ല, വയറ്റിലത്രെ ചെല്ലുന്നത്; പിന്നെ മറപ്പുരയിലേക്ക് പോകുന്നു (അങ്ങനെ എല്ലാ ഭക്ഷണവും നല്ലതാണ് എന്ന് അവൻ പറഞ്ഞിരിക്കുന്നു).” (മർ. 7:18, 19; പ്രവൃ. 10:10–16).

ഭാവികാലത്ത് ആളുകൾ വിശ്വാസത്തിൽനിന്നകന്നു പോകുകയും ക്രിസ്ത്യാനികൾ ചില ഭക്ഷണം വർജ്ജിക്കണമെന്നു തുടങ്ങിയ ആവശ്യമില്ലാത്ത നിന്ത്രണങ്ങൾ കൊണ്ടുവരികയും ചെയ്യുമെന്ന് പൗലൊസ് മുന്നറിയിച്ചിരുന്നു (1 തിമൊ. 4:1–4). കഴിക്കേണ്ട ആഹാരത്തെ സംബന്ധിച്ച് ക്രിസ്ത്യാനികൾക്ക് തിരഞ്ഞെടുക്കാമെന്ന് റോമർക്കുള്ള സന്ദേശത്തിൽ പൗലൊസ് എഴുതി (റോമ. 14:5, 6, 13–15, 20, 21). ക്രിസ്ത്യാനികൾക്ക് എന്തു തിന്നാമെന്നും എന്തു പാടില്ല എന്നുമുള്ള കാര്യത്തെ സംബന്ധിച്ച് പരിമിതികൾ കൽപിച്ചിരുന്നില്ല. “ദൈവരാജ്യം ഭക്ഷണവും പാനിയവുമല്ല” (റോമ. 14:17).

ന്യായപ്രമാണത്തിൽ പാനിയങ്ങളെ കുറിച്ച് വളരെ കുറച്ചുമാത്രമാണ് പറഞ്ഞിരിക്കുന്നത്. മതപരമായ ശുശ്രൂഷകളിൽ ഏർപ്പെട്ടിരുന്ന പുരോഹിതന്മാർ വീഞ്ഞോ, മദ്യമോ കുടിക്കുവാൻ പാടില്ലായിരുന്നു (ലേവ്യ. 10:9). നാസീർ വ്രതം ദീക്ഷിക്കുന്ന കാലത്ത് വീഞ്ഞും മദ്യവും കുടിക്കരുത്, മുന്തിരിപ്പഴത്തിന്റെ യാതൊരു രസവും കുടിക്കരുത് (സംഖ്യ. 6:3). മാനോഹയുടെ ഭാര്യ ശിംശോനെ പ്രസവിക്കുവാനിരുന്നതുകൊണ്ട്, അവളോട് വീഞ്ഞും മദ്യവും കുടിക്കരുതെന്നു പറഞ്ഞിരുന്നു (ന്യായാ. 13:4, 7, 14). മദ്യാസക്തി എല്ലായ്പ്പോഴും നിഷിദ്ധമായിരുന്നു (സദൃശ. 20:1; യെശ. 5:11; 28:1).

**പെരുന്നാളുകൾ**. ന്യായപ്രമാണം അനുസരിക്കുന്നതിൽ പല പെരുന്നാളുകളും ഉൾപ്പെട്ടിരുന്നു (ആവ. 16:16; 2 ദിന. 8:13).

(1) പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ (പുറ. 23:15; 34:18; ലേവ്യ. 23:6), അതിനെ പെസഹ പെരുന്നാൾ എന്നും അറിയപ്പെട്ടിരുന്നു (ലേവ്യ. 23:5; ആവ. 16:1–6), ദൈവം യിസ്രായേൽ ജനത്തെ മിസ്രയിം അടിമത്വത്തിൽനിന്നു വിടുവിച്ചു **കൊണ്ടുവന്നതിന്റെ ഓർമ്മക്കായി അവർ ചെയ്യേണ്ടതായിരുന്നു അത്. (പുറ. 12:24–27). യിസ്രായേൽ** ഭവനങ്ങളുടെ വാതിൽ പടിമേൽ രക്തം കണ്ടതിനാൽ മരണം അവരുടെ ആദ്യജാതന്മാരെ വിട്ടുപോയതും അവർ ഓർക്കണമായിരുന്നു (പുറ. 12:22, 23). പുളിപ്പില്ലാത്ത അപ്പം തിന്നുന്നത് ആ

പെരുന്നാളിൽ ഉൾപ്പെട്ടിരുന്നു (പുറ. 12:14-20; 13:6-8).

(2) വാരോൽസവം (പുറ. 34:22; ആവ. 16:10). വിളവിൽ അരിവാൾ ഇടുന്നതുമുതൽ ഏഴ് ആഴ്ച്ചകൾ എണ്ണേണ്ടതുകൊണ്ടാണ് അത് ആ പേരിൽ അറിയപ്പെട്ടത് (ആവ. 16:9), അതിനെ കൊയ്ത്തുപെരുന്നാൾ അല്ലെങ്കിൽ ആദ്യഫലശേഖരപ്പെരുന്നാൾ എന്നും വിളിച്ചിരുന്നു (പുറ. 23:16; 34:22; സംഖ്യ. 28:26). പുതിയനിയമത്തിൽ, അതിനെ "പെന്തെകൊസ്ത്" എന്നാണ് വിളിച്ചിരിക്കുന്നത് (പ്രവൃ. 2:1), അർത്ഥം "അമ്പതിന്റെ പെരുന്നാൾ" എന്നാണ് കാരണം അത് പെസഹ കഴിഞ്ഞ് അമ്പതാം ദിവസമായിരുന്നു ആഘോഷിച്ചിരുന്നത് (ലേവ്യ. 23:15, 16).

(3) കൂടാരപ്പെരുന്നാൾ (ലേവ്യ. 23:34; എസ്രാ. 3:4), മറ്റു തർജ്ജിമകളിൽ അതിനെ സമാഗമന കൂടാരപ്പെരുന്നാൾ എന്നും അറിയപ്പെടുന്നു (കെജെവി; എൻകെജെവി). മരുഭൂമിയിൽ നാൽപതു വർഷം കഴിച്ചുകൂട്ടിയ യിസ്രായേൽ മക്കൾ കൂടാരങ്ങളിൽ (ടെന്റുകളിൽ) താമസിച്ചിരുന്നതിന്റെ ഓർമ്മക്കായിട്ടായിരുന്നു അവർ കൂടാരപ്പെരുന്നാൾ ആഘോഷിക്കേണ്ടിയിരുന്നത്. ഒരു പെരുന്നാളിന്റെ ഒന്നാം ദിവസവും എട്ടാം ദിവസവും അവർ ജോലി ഒന്നും ചെയ്യുവാൻ പാടില്ലായിരുന്നു (ലെവ്യ. 23:39).

(4) പാർസി രാജാവായിരുന്ന അഹശ്വേരേശിന്റെ കാലത്ത് ഹാമാന്റെ ഗൂഢാലോചനയിൽനിന്നു, യെഹൂദ ജനത്തെ വംശനാശത്തിൽനിന്നു എസ്ഥേർ വിടുവിച്ചശേഷമാണ് പൂരിം ആരംഭിക്കുന്നത് (എസ്. 9:26-28).

യെഹൂദന്മാർ ആചരിക്കേണ്ട മറ്റു ദിവസങ്ങളുമുണ്ടായിരുന്നു. ഏഴാം മാസം ഒന്നാം തീയതി യിസ്രായേൽ കാഹളം ഊതുകയും മൃഗബലിയും ധാന്യയാഗവും അർപ്പിക്കണമായിരുന്നു (ലേവ്യ. 23:23-25; സംഖ്യ. 29:1-6). പ്രായശ്ചിത്ത ദിവസം (ലേവ്യ. 16:3-34; 23:27-32), അതിനെ ഇന്ന് യോൺ കിപ്പൂർ എന്നാണ് വിളിക്കുന്നത്. യെഹൂദന്മാരുടെ ആദ്യമാസത്തെ പിന്നീട് രോഷ് ഹഷാനാ എന്നാണ് വിളിക്കുന്നത്, അത് ആചരിക്കുവാൻ തുടങ്ങിയത് ബാബേൽ പ്രവാസ കാലത്തായിരിക്കാം (യെഹെ. 45:18; പുറ. 12:2 നോക്കുക). വർഷത്തിന്റെ ആരംഭമാസത്തെ നിസാൻ എന്നാണ് വിളിച്ചിരുന്നത് (എസ്. 3:7).

**അമാവാസി**. യിസ്രായേലിന് ലൂണാർ **ക**ലണ്ടറായിരുന്നു ഉണ്ടായിരുന്നത്; അതുകൊണ്ട് അമാവാസി വരുന്നത് ദൈവത്തിന്നു യാഗം അർപ്പിക്കുന്ന മാസത്തിന്റെ ആദ്യദിവസമായിരുന്നു (സംഖ്യ. 10:10; 28:11). അന്നായിരുന്നു അവർ അമാവാസി ആഘോഷിച്ചിരുന്നത് (സങ്കീ. 81:3; യെശ. 1:14; യെഹെ. 46:3; ഹോശെ. 2:11; ആമോ. 8:5; കൂടാതെ ഒരുപക്ഷെ, 1 ശമു. 20:18; 2 രാജാ. 4:23).

**ശബ്ബത്ത്**. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിന്റെ മുൻപ് വരുന്ന ആഴ്ച്ചയുടെ ഏഴാം ദിവസമായിരുന്നു യിസ്രായേൽ ശബ്ബത്ത് ആചരിച്ചിരുന്നത് (മത്താ. 28:1; മർ. 16:1, 2; ലൂക്കൊ. 23:56; 24:1; യോഹ. 20:1). "ശബ്ബത്ത്" അർത്ഥം, "നിർത്തി വെക്കുക, വേല ചെയ്യാതിരിക്കുക." ശബ്ബത്തിൽ ഒരു ജോലിയും അനുവദിച്ചിരുന്നില്ല (പുറ. 20:8-10; ആവ. 5:12-15). ശബ്ബത്ത് ഒരു ഉടമ്പടിയായിരുന്നു (പുറ. 31:14-16), ദൈവവും യിസ്രായേൽ മക്കളും തമ്മിൽ, യാക്കൊബിന്റെ സന്തതികളെ പിന്നീട് പേർ മാറ്റി യിസ്രായേൽ എന്നാക്കി (ഉല്. 35:10) . യിസ്രായേൽ ജനത്തെ ദൈവം മിസ്രയിമിൽ നിന്നു വിടുവിച്ചുകൊണ്ടുവന്നതിന്റെ ഓർമ്മക്കായി അവൻ ഒരു പ്രത്യേക ദിനം ആചരിക്കുവാൻ പറഞ്ഞു (ആവ. 5:12-15). സൃഷ്ടി നടത്തിയ ശേഷം ദൈവം ഏഴാം നാൾ വിശ്രമിച്ചതുകൊണ്ടാണ് അവരോട് ആ ദിവസം വിശ്രമിക്കുവാൻ ആവശ്യപ്പെട്ടത് (പുറ. 20:11).

ദൈവം അവർക്ക് ശബ്ബത്ത് നൽകിയത് സിനായ് പർവ്വതത്തിൽ വെച്ചായിരുന്നു (പുറ. 20:8-10). അന്ന് സാമാന്യ ജോലി ചെയ്തിരുന്നവരെ കല്ലെറിഞ്ഞു കൊന്നിരുന്നു; യിസ്രായേൽ ശബ്ബത്ത് വിശുദ്ധമായി ആചരിക്കണമായിരുന്നു (പുറ. 31:14). ആ ദിവസത്തെ ദൈവം വിശ്രമിക്കുവാനായി മാറ്റി നിർത്തിയിരുന്നു, അത് ആരാധിക്കുവാനായിരുന്നില്ല. ബാബേൽ പ്രവാസകാലത്ത്, യിസ്രായേൽ ജനം ശബ്ബത്തുനാളിൽ സമാഗമന കൂടാരങ്ങളിൽ വെച്ച് തിരുവെഴുത്തുകൾ വായിച്ചിരുന്നു. എങ്കിലും അത് ആരാധനാ ദിവസമായിരുന്നില്ല, പക്ഷെ പ്രാർത്ഥനയുടേയും വിശ്രമത്തിന്റേയും തിരുവെഴുത്തു വായനയുടേയും ദിവസമായിരുന്നു (പ്രവൃ. 15:21).

ആഴ്ച്ച തോറുമുള്ള ശബ്ബത്തുകൾക്ക് പുറമെ, എല്ലാ ഏഴാം വർഷവും യിസ്രായേൽ ശബ്ബത്തു വർഷമായി ആചരിക്കണമായിരുന്നു. ശബ്ബത്തു വർഷം അവരുടെ വയലിൽ അവർക്ക് കൃഷി ചെയ്യുവാൻ പാടില്ലായിരുന്നു, എന്നാൽ അവർ വിശ്രമിക്കണമായിരുന്നു (പുറ. 23:10, 11).

ന്യായപ്രമാണം മനഃപ്പൂർവ്വമായി ലംഘിക്കുന്നവരെ ജനത്തിനിടയിൽനിന്നു ഛേദിച്ചുകളയുമായിരുന്നു (സംഖ്യ. 15:30, 31). അതിൽ ന്യായപ്രമാണം പറയുന്ന ആഹാരം, പാനിയം, ഉൽസവങ്ങൾ, അമാവസി, ശബ്ബത്തുകൾ എന്നിവയും ഉൾപ്പെടുന്നു. എങ്ങനെയായാലും, ന്യായപ്രമാണം പുതിയനിയമകാലത്ത് ജീവിക്കുന്നവരെ ബാധിക്കുന്നില്ല. അക്കാരണത്താൽ ക്രിസ്ത്യാനികളെ വിധിക്കയുമരുത് (മത്താ. 7:1) അല്ലെങ്കിൽ ന്യായപ്രമാണം ആചരിക്കുന്നില്ല എന്ന കാര്യത്തിൽ തങ്ങളെ വിധിക്കുവാൻ മറ്റുള്ളവരെ അനുവദിക്കയുമരുത്.

ശബ്ബത്ത് ആചരിക്കുവാൻ പുതിയ നിയമത്തിൽ ക്രിസ്ത്യാനികളോട് കൽപിച്ചിട്ടില്ല. ജാതികളിൽനിന്നു ക്രിസ്ത്യാനികളായി തീർന്നവർക്ക് പല നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും, ശബ്ബത്ത് ദിവസം എന്ന വിശ്രമ ദിവസം ആചരിക്കുവാൻ അവരോട് പറഞ്ഞിട്ടില്ല എന്നത് പ്രാധാന്യമുള്ള കാര്യമാണ്. ജോലി ചെയ്യാതിരിക്കണം എന്ന പരിശീലനം അവർക്ക് പരിചയമില്ലാത്തതിനാൽ, അവർ ശബ്ബത്ത് ആചരിക്കണമായിരുന്നുവെങ്കിൽ അവർക്ക് പ്രത്യേക നിർദ്ദേശം നൽകണമായിരുന്നു. ഒന്നാമത്തെ നിയമം നീക്കുകയും രണ്ടാമത്തേതു സ്ഥാപിക്കുകയും ചെയ്തതോടെ (എബ്രാ. 8:13; 10:9), ശബ്ബത്ത് ആചരിക്കണം എന്ന കൽപനയും നീങ്ങി പോയി.

ശബ്ബത്ത് പ്രത്യേക വിശ്രമ ദിവസമായി കൊലൊസ്യർ ആചരിച്ചിരുന്നില്ല എന്ന് വാക്യം 16 വ്യക്തമാക്കുന്നു. ജാതികളിൽനിന്നു ക്രിസ്ത്യാനികളായവർക്ക് അതിൽ യാതൊരു പ്രത്യേകതയുമില്ല. കർത്തൃദിവസമായ, ഞായറാഴ്ച്ചയാണ് യേശു മരണത്തെ ജയിച്ച് ഉയർത്തെഴുന്നേറ്റത്. അവൻ മരണത്തെ ജയിച്ച ദിവസമാണ് ക്രിസ്ത്യാനികൾ അവനെ ഓർമ്മിക്കുവാൻ കൂടി വരുന്നത് (പ്രവൃ. 20:7).

### "അവ വരുവാനുള്ളവയുടെ നിഴൽ മാത്രമായിരുന്നു" (2:17)

വാക്യം 16 ൽ പൗലൊസ് വിവരിച്ച പരിശീലനങ്ങൾ രക്ഷയുമായോ നീതിയുമായോ യാതൊരു ബന്ധവുമില്ലാത്തവയാണ്. നിയമാവലികൾ പ്രമാണിക്കുന്നതോ അല്ലെങ്കിൽ ദിവസങ്ങൾ ആചരിക്കുന്നതോ കൊലൊസ്യരുടെ ആത്മിയ ജീവിതത്തെ വികസിപ്പിക്കുന്നതെങ്ങനെ? ക്രിസ്തുവിലുള്ള ജീവനു മുൻപുള്ള നിഴൽ മാത്രമായിരുന്നു അവ, വാസ്തവത്തിലുള്ള ഭക്ഷണം

ക്രിസ്തുവാണ് (യോഹ. 6:48). ന്യായപ്രമാണവുമായി താരതമ്യം ചെയ്താൽ പല പുരോഗമനങ്ങളും കാണാം. കോശെർ ആഹാരത്തേക്കാൾ, പ്രാധാന്യം ആത്മിയ നിർമ്മലതക്കാണ് (2 കൊ. 7:1). യേശുവിന്റെ യാഗം പാപങ്ങളെ പോക്കി ശുദ്ധീകരിക്കുന്നതിനായിരുന്നു (മത്താ. 26:28), എന്നാൽ ന്യായപ്രമാണത്തിന് പാപങ്ങളെ പൂർണ്ണമായി മോചിക്കുവാൻ കഴിഞ്ഞിരുന്നില്ല (എബ്രാ. 10:4). സ്വർഗത്തിൽ നിത്യമായ വിശ്രമം ക്രിസ്ത്യാനികൾക്കാണ് വാഗ്ദാനം ചെയ്തിരിക്കുന്നത് (എബ്രാ. 4:9; 1 പത്രൊ. 1:3, 4), അത് ശബ്ബത്ത് വിശ്രമത്തെക്കാൾ ശ്രേഷ്ഠമാണ്. ന്യായപ്രമാണത്തിലെ പുരോഹിതന്മാരേക്കാളും, മോശെയെക്കാളും വലിയ നിയമകർത്താവാണ് യേശു (എബ്രാ. 3:3; 7:28).

യാഥാർത്ഥ്യത്തിന്റെ ഭാഗം പോലെ **പ്രതിബിംബം** ആയി വെളിപ്പെടുന്നതിനാണ് *സ്കിയാ* എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. അത് മറ്റൊന്നിന്റെ അനുകരണം അല്ലെങ്കിൽ വെറും പ്രതിനിധാനത്തെയാണ് സൂചിപ്പിക്കുന്നത്. പുതിയ നിയമത്തിൽ, യേശു പഴയനിയമത്തിൽ നിഴലായിരുന്ന സത്യങ്ങൾ വെളിപ്പെടുത്തുകയുണ്ടായി (എബ്രാ. 10:1–4), അവയിൽ സ്വയമായി ശക്തിയോ പ്രാധാന്യമോ ഇല്ലായിരുന്നു. ഉദാഹരണമായി, ക്രിസ്തുവിൽ കാണുന്ന യാഥാർത്ഥ്യത്തിന്റെ മുൻനിഴലായി മൃഗബലി അർപ്പിച്ചിരുന്നു (എബ്രാ. 8:5; 10:1–3).

അത് യാഥാർത്ഥ്യത്തിന്റെ നിഴലായിരുന്നു, വെറും പ്രതിനിധാനം മാത്രമായിരുന്നു, അതുപോലെ ന്യായപ്രമാണത്തിലെ കാര്യങ്ങളെല്ലാം വാസ്തവത്തിലുള്ളവയുടെ പ്രതിരൂപങ്ങൾ മാത്രമായിരുന്നു. മോശെ ന്യായപ്രമാണം കൊടുത്തു എങ്കിൽ, യേശു ആണ് വാസ്തവത്തിലുള്ള സത്യം ജനങ്ങൾക്ക് നൽകിയത് (യോഹ. 1:17) ന്യായപ്രമാണം നിഴലായിരുന്നു (എബ്രാ. 10:1). പുതിയ നിയമത്തിന്റെ പ്രതിരൂപം മാത്രമായിരുന്നു ന്യായപ്രമാണം, എന്നാൽ യേശു പിന്നീട് പഠിപ്പിച്ച സത്യം മുഴുവനായി നൽകുവാൻ അതിനു കഴിഞ്ഞിരുന്നില്ല. ന്യായപ്രമാണത്തിലെ കാര്യങ്ങൾ അനുസരിക്കാത്ത ക്രിസ്ത്യാനികളെ വിധിക്കുന്നവർ ഒരു മനുഷ്യന്റെ നിഴൽ കണ്ട് അതിന്റെ അടിസ്ഥാനത്തിൽ വിധിക്കുന്നവരെ പോലെ ആകും. "വാസ്തവത്തിലുള്ളത് ഇപ്പോൾ ഉള്ളതിനാൽ, ന്യായവിധിയിൽ പ്രതിരൂപം കണക്കാക്കുകയില്ല."[1]

**വരുവാ ... നുള്ളവ** എന്നു പറയുന്നത് ഇനി ഭാവിയിൽ സംഭവിക്കുവാനുള്ളതല്ല. നിഴലായിരുന്നതിന്റെ "വരുവാനുള്ളത്" ആണ് യേശു പുതിയ നിയമത്തിൽ പരിചയപ്പെടുത്തിയിരിക്കുന്നത് (എബ്രാ. 8:5).

### "ദേഹം ക്രിസ്തുവിനുള്ളതാണ്" (2:17)

**ദേഹം** എന്നത് തർജിമ ചെയ്തിരിക്കുന്ന വാക്ക് *സോമാ* ആണ്, സാധാരണ അർത്ഥമാക്കുന്നത് "ശരീരം" എന്നാണ്. ആ ദേഹം എന്നു പറയുന്നത് ഒരു വ്യക്തിയാകാം (മത്താ. 5:29), മൃഗമാകാം (യാക്കൊ. 3:3), ചെടികൾ ആകാം (1 കൊ. 15:37), അല്ലെങ്കിൽ ഒരു കൂട്ടം ആളുകളാകാം–ഉദാഹരണത്തിന് സഭ (റോമ. 12:5; കൊലൊ. 1:18). ഇവിടെ ഒരു പ്രശ്നം നേരിട്ടേക്കാം. പൗലൊസ് *സോമാ ടൗ ക്രിസ്റ്റൗ* ("ക്രിസ്തുവിന്റെ ശരീരം") എന്ന പ്രയോഗം നടത്തിയപ്പോൾ, (1) യേശുവിന്റെ ഭൗതിക ശരീരം (മത്താ. 26:12), (2) സഭ, അല്ലെങ്കിൽ (3) ഒരു നിഴലിനെ അഥവാ പ്രതിബിംബമായിരുന്ന ദേഹത്തെയാണോ കാണിക്കുന്നത്? കെജെവി *സോമാ* ഒരു പ്രാവശ്യം ഒഴിച്ച്, തർജിമ ചെയ്തിരിക്കുന്നത് "ശരീരം" അല്ലെങ്കിൽ "ശരീരങ്ങൾ" എന്നാണ്. അവിടെ "ശാരീരികമായി"

എന്നാണ് തർജിമ ചെയ്തിരിക്കുന്നത് (2 കൊ. 10:10).[2]

മുകളിൽ പറഞ്ഞ മൂന്നു വ്യാഖ്യാനങ്ങളിൽ ഏതെങ്കിലും ഒന്നിനു സാധ്യതയുണ്ടെങ്കിലും, സന്ദർഭം വ്യക്തമാക്കുന്നതു പുതിയനിയമത്തിന്റെ നിഴലായിരുന്നു ന്യായപ്രമാണം എന്നാണ്. വാക്യം 16 ൽ പറഞ്ഞ "ഭക്ഷണ പാനങ്ങൾ ... പെരുന്നാളുകൾ, അമാവാസി, ശബ്ബത്ത്" എന്നിവ യേശുവിന്റെ ഭൗതിക ശരീരം അല്ലെങ്കിൽ സഭയുടെ നിഴലായിരുന്നു എന്ന് വിശദീകരിക്കുവാൻ ഒരാൾക്ക് പ്രയാസമാണ്. പുതിയനിയമത്തിൽ വിവരിച്ച പരിശീലനങ്ങളുടെ നിഴലായിരുന്നു വാക്യം 16 ൽ പറഞ്ഞിരിക്കുന്നവ എന്നു വിവരിക്കുവാനാണ് എളുപ്പം. പുതിയ നിയമത്തിലെ ആത്മിയ യാഥാർത്ഥ്യങ്ങളുടെ നിഴലായിരുന്നു ഭൗതികമായ ആ ആചാരങ്ങൾ. ന്യായപ്രമാണം ചില ഭക്ഷണങ്ങളെ നിയന്ത്രിച്ചിരുന്നു, എന്നാൽ പുതിയനിയമം ആത്മിയ ഭക്ഷണമാണ് കഴിക്കുവാൻ പറഞ്ഞിരിക്കുന്നത് (1 പത്രൊ. 2:2). ക്രൂശിലെ യേശുവിന്റെ മരണമായ വാസ്തവത്തിൽ ആഴ്ച്ച തോറും ഓർമ്മിക്കുന്നതിന്റെ നിഴലായിരുന്നു മൃഗയാഗങ്ങളും പെരുന്നാളുകൾ ആഘോഷവും (1 കൊ. 11:23-25). ന്യായപ്രമാണത്തിലെ പല പരിശീലനങ്ങളും വാസ്തവത്തിലുള്ള ക്രിസ്തീയ പരിശീലനങ്ങളുടെ നിഴലായി കാണാവുന്നതാണ്.

സത്യത്തിന്റെ ഉറവിടമായ യേശു വെളിപ്പെടുത്തിയ സത്യത്തിനു പകരം ദുരുപദേഷ്ടാക്കന്മാർ കാണുന്നത് നിയന്ത്രിക്കപ്പെട്ട നിഴൽ മാത്രമാണ് (എഫെ. 4:21). നിഴലിന്റെ ഉദ്ദേശം യാഥാർത്ഥ്യത്തിനുവേണ്ടി ഒരുങ്ങുവാനായിരുന്നു (ഗലാ. 3:24). ന്യായപ്രമാണത്തിൻകീഴിലായിരുന്നവർ അപ്പോൾ ഇരുട്ടിലായിരുന്നു: അവരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നു (2 കൊ. 3:14), അവർക്ക് ലോകത്തിന്റെ വെളിച്ചത്തെ കാണുവാൻ കഴിഞ്ഞില്ല (യോഹ. 8:12), അതിനെ ന്യായപ്രമാണം നിഴലിലാക്കിയിരുന്നു.

ക്രിസ്ത്യാനികൾ ജീവിക്കുന്നത് നിറവേറ്റലിന്റേയും യാഥാർത്ഥ്യത്തിന്റേയും കാലത്തിലാണ്, അല്ലാതെ നിഴലിന്റെ കാലത്തിലല്ല. ക്രിസ്തീയ കാലത്തിന്റെ ഫലപ്രദമായ ഒരു നിഴലായിട്ടാണ് ഇപ്പോൾ ന്യായപ്രമാണം ഇരിക്കുന്നത്. ന്യായപ്രമാണത്തിന്റെ മങ്ങിയ വെളിച്ചത്തിൽ ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ നഷ്ടമാക്കുന്നത്, ക്രിസ്തീയ ജീവിതത്തിന്റെ മനോഹാരിതയും സ്വർഗത്തിലെ നിത്യജീവനുമാണ്.

## മാനുഷ പരിശീലനങ്ങളെ ഒഴിവാക്കൽ (2:18, 19)

**18താഴ്മയിലും ദൂതന്മാരെ ആരാധിക്കുന്നതിലും രസിച്ച് സ്വന്ത ദർശനങ്ങളിൽ പ്രവേശിക്കയും തന്റെ ജഡമനസിനാൽ വെറുതെ ചീർക്കയും തലയെ മുറുകെ പിടിക്കാതിരിക്കയും ചെയ്യുന്നവൻ ആരും നിങ്ങളെ വിരുത് തെറ്റിക്കരുത്. 19തലയായവനിൽനിന്നല്ലോ ശരീരം മുഴുവൻ സന്ധികളാലും ഞരമ്പുകളാലും ചൈതന്യം ലഭിച്ചും ഏകീഭവിച്ചും ദൈവികമായ വളർച്ച പ്രാപിക്കുന്നു.**

### "ആരും നിങ്ങളെ വിരുത് തെറ്റിക്കരുത്" (2:18)

അവരെ "തെറ്റിക്കുന്നവരെയും" (2:4), "കവർന്നുകളയുന്നവരെയും" (2:8),

“[അവരെ] വിധിക്കുന്നവരെയും” (2:16) സൂക്ഷിച്ചുകൊള്ളേണം എന്നത്രെ പൗലൊസ് കൊലൊസ്യരോട് പറഞ്ഞത്. പിന്നെ അവൻ പറഞ്ഞു, **ആരും നിങ്ങളെ വിരുത് തെറ്റിക്കരുത്** ... തുടർപ്രവൃത്തിക്കു വേണ്ട ഒരു കൽപന ആയിരുന്നു ആ പ്രസ്താവന. യേശു നൽകുന്ന അനുഗ്രഹങ്ങൾ അവരിൽനിന്നു ദുരുപദേഷ്ടാക്കന്മാർ കവർന്നു കളയാതിരിപ്പാനാണ് അപ്പൊസ്തലൻ കൽപിക്കുന്നത്.

യേശു കൊണ്ടുവന്ന യാഥാർത്ഥ്യത്തിൽനിന്നു ദുരുപദേഷ്ടാക്കന്മാർ കൊലൊസ്യരെ വശീകരിച്ചു **വിരുത്** “തെറ്റിക്കുകയായിരുന്നു.” “തെറ്റിക്കൽ” (*കാറ്റാബ്രബെയുവോ*) എന്ന വാക്ക് പുതിയനിയമത്തിൽ ഇവിടെ മാത്രമാണ് കാണുന്നത്. അതുകൊണ്ട് ആ വാക്കിന്റെ പൊതുവായ ഉപയോഗം മറ്റു സാഹിത്യത്തിൽ നോക്കി വേണം മനസിലാക്കുവാൻ. കായിക മൽസരത്തിൽ തീർപ്പ് കൽപിക്കുന്നയാൾ ഒരാളെ പുറത്താക്കുവാൻ നിഷേധമായ അർത്ഥത്തിൽ, “എതിരായി തീരുമാനിക്കുക” എന്നാണ്. ഗ്രീക്ക് മൽസരങ്ങളെ ഉദ്ദേശിച്ചായിരിക്കാം പൗലൊസ് ഒരുപക്ഷെ ആ വാക്ക് ഉപയോഗിച്ചത്. ന്യായമല്ലാത്ത വിധിയാൽ ഒരു കായിക മൽസരാർത്ഥിക്ക് യോഗ്യത നഷ്ടമായേക്കാം, ഒരാൾ ഒരുപക്ഷെ മൽസരിച്ചപ്പോൾ വിജയിയാകുകയും എന്നാൽ നിയമപരമായി അയോഗ്യനാകുകയും ചെയ്യുവാൻ സാധ്യതയുണ്ട്. രണ്ടു വിധത്തിലും അയാൾക്ക് സമ്മാനം ലഭിക്കയില്ല.

തെറ്റായ താഴ്മ ധരിച്ച് യേശുവിൽനിന്ന് സഹോദരന്മാർ അകന്നുപോകരുത് എന്ന് പൗലൊസ് മുന്നറിയിച്ചിരിക്കുന്നു. അവർ യേശുവിനെ ആരാധിക്കുന്നതിനുപകരം ദൂതന്മാരെ ആരാധിച്ചാൽ, അവർ തങ്ങളുടെ വിരുത് തെറ്റിക്കുകയായിരിക്കും. ആ വിരുതിൽ, “രക്ഷ,” സ്വർഗത്തിൽ നിത്യജീവൻ, ക്രിസ്തുവിലുള്ള ആത്മിയ ജീവിതം എന്നിവ ഉൾപ്പെടുന്നു. “ആരും നിങ്ങളെ വിരുത് തെറ്റിക്കരുത്” എന്ന പ്രയോഗം വാക്യം 16 ലേതുപോലെയാണ്. ആരാ*ലും*, ആരി*ലേക്കും* കൊലൊസ്യർ വഴി മാറി പോകരുത് എന്നാണ് പൗലൊസ് ആഗ്രഹിച്ചത്. അവർക്ക് യാഥാർത്ഥ്യവും സത്യവും ലഭിച്ചുകഴിഞ്ഞ സ്ഥിതിക്ക് അവർ പിന്നെ ദുരുപദേഷ്ടാക്കന്മാരുടെ വെറും നിഴലിലേക്ക് പോകരുത്. അവർ അങ്ങനെ പോയാൽ, അവർ സത്യത്തിനു പകരം ഭോഷ്ക്ക് എടുക്കുന്നവരും, ദേഹത്തിനു പകരം നിഴൽ എടുക്കുന്നവരുമാകും. അങ്ങനെ അവർ യഥാർത്ഥ്യം നഷ്ടമാക്കും.

എല്ലാവർക്കും സ്വാതന്ത്ര്യമുള്ളതിൽ, ആരും ദൈവത്തിനു പണയം വെച്ചിട്ടില്ല എന്നു പറയാം. അല്ലെങ്കിൽ അവന്റെ മുന്നറിയിപ്പിനു വിലയില്ലാതാകും. ആരും അവരെ വിരുത് തെറ്റിക്കരുത് എന്നു മുന്നറിയിച്ചതിനാൽ അവർക്ക് തിരഞ്ഞെടുക്കുവാനുള്ള അവസരമുണ്ടായിരുന്നു എന്നു തെളിയുന്നു. അവരെ ദുരുപദേഷ്ടാക്കന്മാർക്ക് സ്വാധീനിക്കാമായിരുന്നു, അല്ലെങ്കിൽ അവർക്ക് ആ സ്വാധീനം നിഷേധിക്കാമായിരുന്നു.

അവർ യേശുവിനെ വിട്ട് മറ്റു ഉപദേശങ്ങളിലേക്കോ പരിശീലനങ്ങളിലേക്കോ പോകരുതെന്ന് പൗലൊസ് ആറു നിഷേധ പ്രയോഗങ്ങളാൽ അവരെ മുന്നറിയിച്ചു. നാല് മുന്നറിയിപ്പുകൾ 2:18, 19-ൽ പറഞ്ഞു, പിന്നെ “ഉപയോഗത്താൽ നശിച്ചുപോകുന്നവയെ കുറിച്ചും” (2:22), “ജഡാഭിലാഷം ... അടക്കുവാനോ പ്രയോജനമുള്ളതല്ല” (2:23).

ക്രിയാത്മകമായി, വിവിധ പ്രയോഗങ്ങളാൽ പൗലൊസ് സഹോദരന്മാരെ യേശുവിനെ പിന്തുടരുവാനും അവനോട് വിശ്വസ്തരായിരിപ്പാനും പ്രബോ

ധിപ്പിച്ചു:

- "ഇരുട്ടിന്റെ അധികാരത്തിൽനിന്ന് അവൻ നമ്മെ വിടുവിച്ചു" (1:13).
- "അവൻ ദൈവത്തിന്റെ ... പ്രതിമയാണ്" (1:15).
- അവൻ "സകലസൃഷ്ടികൾക്കും ആദ്യജാതൻ" (1:15).
- "സകലവും അവനാൽ സൃഷ്ടിക്കപ്പെട്ടു" (1:16).
- "അവൻ സകലത്തിനും മുമ്പെയുള്ളവൻ" (1:17).
- "അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു" (1:17).
- "അവൻ ... ശരീരത്തിന്റെ തലയാകുന്നു" (1:18).
- "അവൻ ആരംഭവും, മരിച്ചവരിൽനിന്നും ആദ്യജാതനുമാകുന്നു (1:18)
- അവൻ "സകലത്തിലും മുമ്പൻ ആകുന്നു" (1:18).
- "സർവ്വ സമ്പൂർണ്ണതയും അവനിൽ [വസിക്കുന്നു]" (1:19).
- "അവൻ ഇപ്പോൾ നിങ്ങളെ നിരപ്പിച്ചു" (1:20).
- "അവനിൽ ജ്ഞാനത്തിന്റേയും പരിജ്ഞാനത്തിന്റേയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിരിക്കുന്നു" (2:3).
- "ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും അവനിൽ വസിക്കുന്നു" (2:9).
- "അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു" (2:10).
- "അവനിൽ നിങ്ങൾക്ക് പരിച്ഛേദന ലഭിച്ചിരിക്കുന്നു" (2:11).
- "കയ്യെഴുത്ത് മായിച്ച്, ക്രൂശിൽ തറെച്ചു ... നുടുവിൽനിന്നു നീക്കി കളഞ്ഞു" (2:14).
- "അവൻ അധികാരങ്ങളെയും വാഴ്ച്ചകളെയും ആയുധവർഗ്ഗം വെപ്പി [ച്ചു]" (2:15).
- "നിങ്ങൾ ക്രിസ്തുവിനോടുകൂടെ മരിച്ചു" (2:20).

### "താഴ്മയിലും ദൂതന്മാരെ ആരാധിക്കുന്നതിലും രസിച്ച്" (2:18)

**താഴ്മയിലും ദൂതന്മാരെ ആരാധിക്കുന്നതിലും രസിച്ചാണ്** കൊലൊസ്യരെ യേശുവിൽനിന്നു വശീകരിച്ച് അകറ്റുവാൻ ശ്രമിച്ചത്. *തെലോ* എന്ന വാക്ക് സാധാരണ തർജിമ ചെയ്തിരിക്കുന്നത് "രസിക്കുക, ഇഷ്ടപ്പെടുക, ആഗ്രഹിക്കുക, ഇഛിക്കുക" (മത്താ. 1:19; 8:2). ഈ സന്ദർഭത്തിൽ ഗ്രീക്ക് പ്രിപൊസിഷൻ *എൻ* ("ഇൽ") ഉപയോഗിച്ചിരിക്കയാണ്. ശരിയായ അർത്ഥം "രസം കണ്ടെത്തുക"[3] അല്ലെങ്കിൽ "സന്തോഷിക്കുക" എന്നാണ്. ആ വഞ്ചകർക്ക് തെറ്റായ താഴ്മയുള്ള ഭക്തിയാണുള്ളത്; മറ്റുള്ളവരുടെ ദൃഷ്ടിയിൽ അവർ രസിക്കുകായയണ് ചെയ്യുന്നത്.

ചില പരീക്ഷണങ്ങളിലേക്ക് തിരിയുന്നത് കൊലൊസ്യർ ഒഴിവാക്കുവാനായി താഴെ കൊടുത്ത പ്രയോഗങ്ങളിൽ പൗലൊസ് നാല് ഗ്രീക്ക് അനുബന്ധക്രിയകൾ ഉപയോഗിച്ചിരിക്കുന്നു: "താഴ്മയിലും ദൂതന്മാരെ ആരാധിക്കുന്നതിലും രസിച്ച്" (വാ. 18); (2) "സ്വന്ത ദർശനങ്ങളിൽ പ്രവേശിക്കുക" (വാ. 18); (3) "ജഡമനസിൽ വെറുതെ ചീർക്കുകയും" (വാ. 18); (4) "തലയെ മുറുകെ പിടിക്കാതിരിക്കുകയും ചെയ്യൽ" (വാ. 19). (എംഫസിസ് ആഡഡ്.)

*ടാപെയിനോഫ്രോസുനേ* എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് ഇവിടെയും വാക്യം 23 ലും "താഴ്മയിൽ" എന്നാണ്., സാധാരണ അത് തർജിമ ചെയ്തിരിക്കുന്നത് "താഴ്മ" എന്നാണ് (പ്രവൃ. 20:19; എഫെ. 4:2; ഫിലി. 2:3). ദൈവമുൻപാകെ താഴുന്നതിന്റെ പ്രാധാന്യത്തെ കുറിച്ചാണ് മറ്റു പുതിയനിയമ വേദഭാഗങ്ങൾ പഠിപ്പിക്കുന്നത്

(യാക്കൊ. 4:10; 1 പത്രൊ. 5:5, 6). എങ്ങനെയായാലും, ഈ സന്ദർഭത്തിൽ, "ദൂതന്മാരെ ആരാധിക്കുന്നതുമായി ബന്ധപ്പെടുത്തി" നിഷേധ രൂപത്തിലാണ് "താഴ്മ" ഉപയോഗിച്ചിരിക്കുന്നത്. കൃത്രിമമായ താഴ്മ കാപട്യമാണെന്നാണ് പൗലൊസ് പറഞ്ഞത് ("തെറ്റായ താഴ്മ"; എൻഐവി). ദരിദ്രർക്ക് കൊടുക്കുന്നതും, പ്രാർത്ഥിക്കുന്നതും, ഉപവസിക്കുന്നതും മറ്റുള്ളവരെ കാണിക്കുവാൻ ചെയ്യുന്നത് കാപട്യാമാണെന്ന് യേശു പറയുകയുണ്ടായി (മത്താ. 6:1–7, 16–18; 23:25–28 നോക്കുക). അഭിനയിച്ചുകൊണ്ടുള്ള നീതിയും താഴ്മയും ശരിയായുള്ളതല്ല.

മിക്കവാറും എല്ലാ മതസംഘടനയിലും തങ്ങളുടെ ഭക്തിയിൽ ഊറ്റം കൊള്ളുന്നവരുണ്ട്, അത് മറ്റുള്ളവരെ കാണിക്കുവാൻ അവർ തെറ്റായ താഴ്മയിലാകും. അസാധാരണ മതപരമായ അനുഭവത്താലോ ആത്മിക വരങ്ങളാലോ അത്തരം ആളുകൾക്ക് പ്രത്യേക വിശുദ്ധി ലഭിച്ചു എന്നാണ് വിശ്വസിക്കുന്നത്. ആ മുഖപ്പ് കാണുവാൻ കഴിയാത്ത ആളുകൾ യേശുവിൽനിന്നകന്ന് വ്യാജമായ താഴ്മയിലാകും.

മുഖഭാവം വികൃതമാക്കി, ശാരീരിക ചലനങ്ങൾ പ്രകടനാത്മക പൊങ്ങച്ചം കാണിക്കുന്നവർ, തങ്ങളുടെ ശബ്ദം കൃത്രിമമാക്കി, ശാരീരിക പ്രയോഗങ്ങളെല്ലാം നടത്തുന്നവർ ദൈവത്തെയല്ല, മനുഷ്യരെയാണ് പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നത്. അത്തരം മറിമായം കാണിക്കുന്നവർ, തങ്ങളുടെ ഭക്തി മറ്റുള്ളവരെ കാണിക്കുവാൻ മാത്രമാണ് അങ്ങനെ ചെയ്യുന്നത്.

"ദൂതന്മാരെ ആരാധിക്കുന്നതിനെതിരെയും" പൗലൊസ് മുന്നറിയിച്ചു. ആരാധനാരീതി മാത്രമല്ല, ആരെ ആരാധിക്കുന്നു എന്നത് ശ്രദ്ധിച്ചില്ലെങ്കിൽ അത് തെറ്റായി മാറും. ദൈവത്തെ അല്ലാതെ മറ്റാരെ ആരാധിച്ചാലും ക്രിസ്ത്യാനികളുടെ വിരുത് തെറ്റിപ്പോകും. പത്മൊസ് ദ്വീപിൽവെച്ച് തന്നോട് യേശുക്രിസ്തുവിന്റെ സന്ദേശം അറിയിച്ച ദൂതനെ യോഹന്നാൻ നമസ്ക്കരിക്കുവാൻ തുടങ്ങി. ദൂതൻ അത് തടയുകയും ദൈവത്തെ നമസ്ക്കരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു (വെളി. 19:10; 22:8, 9). ദൈവത്തെ മാത്രമെ നമസ്ക്കരിക്കാവു (ആവ. 6:13; മത്താ. 4:10).

തന്നെ നമസ്ക്കരിക്കുവാൻ യേശു അനുവദിച്ചിരുന്നു[4]–അത് ശരിയാണ്, കാരണം അവൻ ദൈവമാണ് (മത്താ. 1:23; യോഹ. 1:1). ആരാധിക്കുവാനും നമസ്ക്കരിക്കുവാനുമുള്ള സ്ഥാനത്തേക്ക് മറിയയെ അവൻ ഉയർത്തിയിരുന്നില്ല. യേശുവിനു ജന്മം നൽകിയതിനാലും, അവനെ കുടിപ്പിച്ചതിനാലും മറിയയുടെ ഉദരവും മുലയും ഭാഗ്യമുള്ളവ എന്നു പുരുഷാരത്തിൽ ഒരാൾ പറഞ്ഞപ്പോൾ, അവൻ പ്രതികരിച്ചു, "അല്ല, ദൈവവചനം കേട്ട് അനുസരിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ" (ലൂക്കൊ. 11:27, 28; മത്താ. 12:48–50 നോക്കുക).

ദൂതന്മാരുടെ ആരാധനയെകുറിച്ചാണ് 2:18 ൽ പൗലൊസ് പറഞ്ഞത് എന്നു ചില ആളുകൾ വിശ്വസിക്കുന്നു. അങ്ങനെയാണെങ്കിൽ, ദൂതന്മാർ എങ്ങനെ ആരാധിച്ചിരുന്നു എന്നു ദുരുപദേഷ്ടാക്കന്മാർ വിചാരിച്ചിരുന്നതിനെ ആളുകൾ അനുകരിക്കുവാൻ പ്രേരിപ്പിച്ചിരിക്കാം. ഈ വിവരണത്തിലുള്ള കുഴപ്പം എന്തെന്നാൽ, ദൂതന്മാർ എങ്ങനെ ആരാധിച്ചിരുന്നു എന്ന് ആർക്കും അറിയില്ല എന്നതാണ്. കൂടാതെ, ആളുകൾ ദൂതന്മാരുടെ ആരാധനയെ അനുകരിച്ചു എന്നതിനെ പിന്തുണക്കുന്ന വേദഭാഗങ്ങൾ ഇല്ല.

ലൂക്കസ് താഴ്വരയിൽ ദൂതന്മാരെ ആരാധിക്കുന്ന പരിശീലനം ഉണ്ടായിരുന്നുവെങ്കിലും, കൊലൊസ്യർ ദൂതന്മാരെ ആരാധിച്ചിരിക്കുവാൻ സാധ്യതയില്ല. ആസ്യാ ഭൂഖണ്ഡം മുഴുവൻ യാത്ര ചെയ്ത ഐറേനിയസ്, സഭ ദൂതന്മാരെ ആരാധിച്ചിരുന്നില്ല എന്ന് ഏ. ഡി. 182 നും 188 നും ഇടക്ക് എഴുതി.[5] പിന്നീട്, ലവൊദിക്യ സുന്നഹദോസ്, കാനോൻ XXXV (ഏ. ഡി. 363) പറഞ്ഞിരിക്കുന്നത് സഭക്ക് ദൂതന്മാരെ ആരാധിക്കു

വാൻ അവകാശമില്ല എന്നാണ്.[6] സരാസെന്നിനെ ജയിച്ചപ്പോൾ മിഖായേലിന്നു ആ വിജയം സമർപ്പിക്കുമ്പോൾ, ഏ. ഡി. 739 ന്റെ അവസാനം, പ്രധാന ദൂതനായ മിഖായേലിനെ ആരാധിച്ചിരുന്നതായി ആസ്യാ ഭൂഖണ്ഡത്തിൽനിന്നു കണ്ടെടുത്ത മേലെഴുത്ത് വ്യക്തമാക്കുന്നു. കൊലൊസ്യർ ദൂതന്മാരെ ആരാധിക്കുവാൻ തിരിയരുത് എന്ന മുന്നറിയിപ്പാണ് പൗലൊസ് നൽകുന്നത് എന്ന തീർപ്പായിരിക്കും സുരക്ഷിതമായത്.

"നമസ്ക്കാരം" (*ത്രെസ്കെയിയാ*) ഈ സന്ദർഭത്തിൽ, അർത്ഥമാക്കുന്നത്, "അതീന്ദ്രിയ ധ്യാനം നടത്തുന്നവരുടെ പ്രകടനം, [പ്രത്യേകിച്ച്] ഉപാസനാ രീതിയിലുള്ള ആചാരപ്രകടനങ്ങൾ."[7] പൗലൊസിന്റെ എഴുത്തുകളിലെ ആ വാക്കുകൾ ആനുകാലിക സാഹിത്യത്തിലും കാണാം. പുതിയ നിയമത്തിൽ ആ വാക്ക് മറ്റൊരു ഭാഗത്ത് തർജിമ ചെയ്തിരിക്കുന്നത് "മതം" എന്നാണ്, അത് ആരാധനയിൽ യെഹൂദ സമ്പ്രദായങ്ങളെ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് (പ്രവൃ. 26:5) ദൈവത്തിന് അർപ്പിക്കുന്ന സേവനത്തെ പറയുമ്പോഴാണ് സൂചിപ്പിക്കുന്നത് (യാക്കൊ. 1:26, 27). അതിനു മതപരമായ ചടങ്ങുകൾ പാലിക്കുക എന്നും അർത്ഥം വരാം. അന്യദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ ചടങ്ങുകൾ, പ്രത്യേകിച്ച് ദൂതന്മാരെ ആദരിക്കുന്നതിലേക്ക് കൊലൊസ്യർ തിരിയാതിരിക്കുന്നതിനായിരുന്നു പൗലൊസ് മുന്നറിയിച്ചത്. മറ്റുള്ളവർ അത്തരം പരിശീലനങ്ങൾ നടത്തിയിരിക്കാം; എന്നാൽ, ആൾക്കൂട്ടം പോകുന്നതിനനുസരിച്ച് നീങ്ങാതെ, കൊലൊസ്യർ യേശുവിനോട് സത്യസന്ധത പുലർത്തി വിശ്വസ്തമായി ജീവിക്കണമായിരുന്നു.

കൊലൊസ്യർ ശരിയായ ദൈവത്തെ ആരാധിക്കുക മാത്രമല്ല, യേശു മുഖാന്തരം വെളിപ്പെടുത്തിയ സത്യത്തിൽ ആയിരിക്കണം അവരുടെ ആരാധന (യോഹ. 1:17; 4:23, 24; 8:31, 32). പൗലൊസ് വിലക്കിയ ദൂതന്മാരെ ആരാധിക്കുന്നത്, ഈ രണ്ടു വിധത്തിലുള്ള ആരാധനയിലും പെട്ടിരുന്നില്ല.

## "സ്വന്ത ദർശനങ്ങളിൽ പ്രവേശിക്കൽ"
## (2:18)

**സ്വന്ത ദർശനങ്ങളിൽ പ്രവേശിക്കുന്ന** ഏതു ഉപദേഷ്ടാവിനേയും കുറിച്ചായിരിക്കാം അടുത്ത മുന്നറിയിപ്പ്. ഈ പ്രയോഗത്തിന്റെ കൃത്യമായ അർത്ഥം നിശ്ചയമില്ല. അത് തർജിമ ചെയ്തിരിക്കുന്നത് "കാണാത്ത കാര്യങ്ങളിലേക്ക് കടന്നു ചെല്ലൽ" എന്നാണ് (കെജെവി; എൻകെജെവി നോക്കുക);[8] "താൻ കണ്ട കാര്യങ്ങളിൽ വസിക്കൽ" (എൻഐവി); "അവരുടേതായ സ്വന്ത ദർശനങ്ങളിൽ പ്രവേശിക്കൽ" (എൻഈബി); "ചില മിഷ്ണറി ലോകത്തിലേക്ക് ... പ്രവേശിക്കൽ" (ആർഈബി). "താൻ കണ്ട ദർശനങ്ങളിൽ പ്രവേശിക്കുക" എന്നാണ് മിക്ക തർജിമക്കാരും പറയുന്നത്.

പുതിയ നിയമത്തിൽ ഇവിടെ മാത്രമാണ് "സ്വന്ത ... ദർശനങ്ങളിൽ പ്രവേശിക്കൽ" (*എംബാടെയുവോ*) എന്ന വാക്ക് കാണുന്നുള്ളു, അർത്ഥം, "പ്രവേശിക്കൽ." ബാവർ ആ വാക്കിനെ കുറിച്ച് ഈ അഭിപ്രായം നൽകിയിരിക്കുന്നു: "... അടുത്ത് പരിശോധിക്കുക, ഏറ്റവും അടുത്തു ചെന്നു പരിശോധിക്കുവാൻ, പ്രവേശിക്കുക, ഒരു [വിഷയത്തെ] കുറിച്ച് പിരിശോധിക്കുവാനായി പ്രവേശിക്കുക, വിശദമായി പോകുക ..., അതുകൊണ്ട് കൊലൊ. 2:18 പറയുന്നത് [ഒരുപക്ഷെ] ഒരാൾ കണ്ടതായ *ദർശനത്തിലെ കഥയുടെ അടിസ്ഥാനത്തിൽ* വിശ്വസിക്കുകയും ... ആ സമീപനം സ്വർഗീയ സന്ദേശവാഹകരുടേതാണെന്ന പരിഗണനയിൽ എത്തുകയും ചെയ്യുന്നതാവാം."[9]

വില്യം എം. രാംസേ രണ്ടാം നൂറ്റാണ്ടിൽ, അപ്പോളോ ഓഫ് ക്ലാരോസ്

എന്ന ക്ഷേത്രത്തിന്റെ ഒരു മേലെഴുത്ത് കണ്ടെടുക്കുകയുണ്ടായി.[10] അതിൽ ഒരു രഹസ്യമതാനുഭവത്തെ പറയുന്നതിനു ഉപയോഗിച്ച ഗ്രീക്ക് വാക്ക് *എംബാറ്റെയുവോ* എന്നതും ഉൾപ്പെടുന്നു. വാക്യം 18 ന്റെ അർത്ഥം അതാണെങ്കിൽ, പിന്നെ, ദർശനങ്ങളാൽ, മതോപാസനാ അനുഭവത്തിലേക്ക് തിരിയുന്നതിന് തെറ്റായി നയിക്കുന്നതിനെതിരെയായിരിക്കണം പൗലൊസ് മുന്നറിയിച്ചത്. ഉപദേശ വക്താക്കളായി പ്രവർത്തിക്കുന്ന മാദ്ധ്യമങ്ങൾക്കും, മരിച്ചവരുമായി ആശയവിനിമയം നടത്തുന്നുവെന്ന് അവകാശപ്പെടുന്നവർക്കും, ഭാവിയെ സംബന്ധിച്ച ഉൾക്കാഴ്ച്ച ഉണ്ടെന്ന് പറയുന്നവർക്കും എതിരായുള്ള മുന്നറിയിപ്പുകൂടെയാണ് അത്.

"എങ്ങനെ ആ ദർശനങ്ങൾ ലഭിച്ചു?" "ആർക്കാണ് അവ ലഭിച്ചത്?" എന്നീ ചോദ്യങ്ങൾ അവശേഷിക്കുന്നു. മുൻപറഞ്ഞ പ്രയോഗങ്ങളായ "ദൂതന്മാരെ ആരാധിക്കുന്ന" തുമായിട്ടായിരിക്കാം പൗലൊസ് "ദർശനങ്ങളെ" പറഞ്ഞത്. അങ്ങനെയാണെങ്കിൽ, വഞ്ചകർ തങ്ങൾക്ക് സ്വർഗീയ ദൂതന്മാരിൽനിന്നു ലഭിച്ചുവെന്നു പറയുന്ന ദർശനങ്ങളിൽ കൊലൊസ്യർ കുടുങ്ങാതിരിപ്പാനായിരിക്കാം അവൻ മുന്നറിയിച്ചത്. അവരുടെ ദർശനങ്ങൾ നിമിത്തം തങ്ങൾ ആത്മിയമായി ഉയർന്നവർ എന്ന് പരിഗണിച്ചിരിക്കാം. എന്നാൽ അത്തരം വികാരങ്ങളെ അവർ വ്യാജ താഴ്മയാൽ മൂടിയിരുന്നു. അത്തരം താഴ്മയിൽ അവർക്ക് അതീവ ഭക്തിയുണ്ടെന്ന മറ്റുള്ളവരുടെ മതിപ്പ് ലഭിക്കുമെന്ന് വിശ്വസിച്ചിരുന്നു.

മറ്റുള്ളവരുടെ മുൻപിൽ തങ്ങളെത്തന്നെ ഉയർത്തിക്കാണിക്കുവാൻ മാത്രമല്ല അവർ അത്തരം ദർശനങ്ങളെ ഉപയോഗിച്ചത്, അവരുടെ ഉപദേശത്തിന് വിലയുണ്ടെന്നു വരുത്തിത്തീർക്കുവാനുമായിരുന്നു. തങ്ങളുടെ സന്ദേശം സ്വർഗീയമാണെന്ന് വരുത്തി തീർത്ത്, തങ്ങൾ ആധികാരിക പരിജ്ഞാനമുള്ളവരാണെന്ന് മറ്റുള്ളവരെ ധരിപ്പിക്കുകയും ചെയ്തു. അവർ അഹങ്കാരം നിറഞ്ഞവരായിരുന്നു, കാരണം മറ്റുള്ളവർക്ക് ഇല്ലാത്ത ദർശനങ്ങളാൽ അവരെ സ്വർഗീയ രഹസ്യങ്ങളുള്ളവരാക്കി തീർത്തു എന്നായിരുന്നു അവരുടെ ധാരണ.

വ്യാജ ദർശനങ്ങൾ പുതിയതായിരുന്നില്ല. കള്ളപ്രവാചകന്മാരെ കുറിച്ച് ദൈവം പറഞ്ഞത് യിരെമ്യാവ് രേഖപ്പെടുത്തിയിരിക്കുന്നു: "ഞാൻ സ്വപ്നം കണ്ടു, സ്വപ്നം കണ്ടു എന്നു പറഞ്ഞു എന്റെ നാമത്തിൽ ഭോഷ്ക്ക് പ്രവചിക്കുന്ന പ്രവാചകന്മാരുടെ വാക്ക് ഞാൻ കേട്ടിരിക്കുന്നു" (യിരെ. 23:25). അവർ ചിലത് കണ്ടു എന്നു പറയുന്നുവെങ്കിലും, വാസ്തവത്തിൽ അവർ ഒന്നും കണ്ടിരുന്നില്ല.

അവരുടേതിൽനിന്നു വ്യത്യസ്തമായിരുന്നു പൗലൊസിന്റെ സ്വർഗീയ ദർശനം. അവൻ മൂന്നാം സ്വർഗത്തോളം എടുക്കപ്പെടുകയും, "പറഞ്ഞറിയിക്കുവാൻ പറ്റാത്തതും" മറ്റുള്ളവരുമായി പങ്കുവെക്കുവാൻ പറ്റാത്തതുമായ വാക്കുകൾ കേൾക്കുകയും ചെയ്തു. വെളിപ്പാടുകളുടെ ആധിക്യം അവനു ലഭിച്ചതിനാൽ, പൗലൊസിന് ജഡത്തിൽ ഒരു ശൂലം സാത്താനിൽനിന്നു ലഭിച്ചിരുന്നു, അത് തന്റെ അനുഭവങ്ങളാൽ നിഗളിച്ചുപോകാതിരിക്കേണ്ടതിനായിരുന്നു (2 കൊ. 12:1–7). ദൈവത്തിന്റെ സന്ദേശവാഹകന്റെ ഹൃദയം നിഗളിക്കുകയല്ല, താഴുകയാണ് വെണ്ടത്, കാരണം ദൈവമാണ് അവൻ മുഖാന്തരം പ്രവർത്തിക്കുന്നത്.

ഒരു ചോദ്യത്തിന് ഉത്തരം നൽകുക പ്രയാസമാണ്: ആ ദുരുപദേഷ്ടാക്ക

ന്മാർ വാസ്തവത്തിൽ എന്തെങ്കിലും കണ്ടിരുന്നോ, അതോ അത് അവരുടെ വിഭ്രാന്തി മാത്രമായിരുന്നോ, അതോ അവർ കാണാത്തതിനെ കണ്ടു എന്നു ഭോഷ്ക്ക് പറയുകയായിരുന്നോ? അവർ ദർശനങ്ങൾ കണ്ടിരുന്നുവെങ്കിൽ, അവരുടെ വിവരണങ്ങൾ ശരിയാകുമായിരുന്നു, എന്നാൽ അവരുടെ പ്രാ യോഗികത ദൈവത്തിന്റെ വെളിപ്പാടിനെ പ്രതിഫലിപ്പിക്കുന്നതായിരുന്നില്ല. സ്വപ്നം കണ്ടു എന്നു പറഞ്ഞ കള്ളപ്രവാചകന്മാരെ കുറിച്ച് യിരെമ്യാവ് പറഞ്ഞത് അവർ "ഹൃദയത്തിലെ വഞ്ചനയുടെ പ്രവാചകന്മാരായിരുന്നു" (യിരെ. 23:25, 26).

അവ വ്യാമോഹം മാത്രം, യാഥാർത്ഥ്യമെന്ന് വരുത്തി തീർക്കുന്ന തെറ്റായ കാഴ്ച്ചപ്പാടുകൾ, കാണുന്നവർക്ക് വാസ്തവമായി തോന്നിയിരിക്കാം. എന്നാൽ, വാസ്തവത്തിൽ അവയിൽ ദൈവത്തിന്റെ സത്യം ഇല്ല. തങ്ങൾ ദർശനങ്ങൾ കണ്ടു എന്നു ഭോഷ്ക്ക് പറയുകയായിരുന്നുവെങ്കിൽ, ആളുകളെ തങ്ങളുടെ പിന്നാലെ വരുത്തുവാൻ ആകർഷണിയമായി, അവർ വാസ്തവത്തിലുള്ള ദൈവത്തിന്റെ സന്ദേശവാഹകരായി മറ്റുള്ളവരുടെ മുൻപാകെ ഉയർത്തി കാണിക്കുമായിരുന്നു. ആ ദർശനങ്ങൾ ഉള്ളതായിരുന്നാലും കളവായിരു ന്നാലും അത് ദൈവത്തിൽനിന്നു നൽകിയതായിരുന്നില്ല. ആ ഉപദേശങ്ങളുടെ ഉറവിടം ദൈവമായിരുന്നില്ല, കൊലൊസ്യർ അവയാൽ തെറ്റായി നയിക്കപ്പെ ടുവാൻ പാടില്ലായിരുന്നു.

തുടർന്നുള്ള നൂറ്റാണ്ടുകളിൽ, ചിലരുടെ ദർശനങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ മതവിഭാഗങ്ങൾ ആരംഭിച്ചിട്ടുണ്ട്: മുഹമ്മദ്, മോർമോന്റെ സ്ഥാപകനാ യിരുന്ന ജോസഫ് സ്മിത്ത്; സെവന്ത് ഡേ അഡ്വെന്റിസ്റ്റ് സ്ഥാപിച്ച എല്ലെൻ ജി. വൈറ്റ്; മറ്റു പലരും തങ്ങളുടെ ദർശനം ദൈവം, യേശു അല്ലെങ്കിൽ ദൂതന്മാർ നേരിട്ട് പറഞ്ഞു എന്നു അവകാശപ്പെട്ടിരുന്നു. എന്നാൽ വാസ്തവത്തിലുള്ള പ്രത്യക്ഷത അവർക്ക് ആർക്കും ഇല്ലായിരുന്നു, കാരണം തനിക്കാണ് "അവൻ എല്ലാറ്റിലും ഒടുവിൽ പ്രത്യക്ഷപ്പെട്ടത്" എന്ന് പൗലൊസ് കൊരിന്ത്യരോട് പ റഞ്ഞിരിക്കുന്നു[11] (1 കൊ. 15:8). അവൻ അവസാന നാളിൽ വരുന്നതു വരെ ഇനി വേറെ പ്രത്യക്ഷത സംഭവിക്കുകയില്ല.

ദർശനങ്ങളും മന്ത്രവിദ്യയും അവകാശപ്പെടുന്നവരുടെ കൂട്ടത്തിൽ ഭാവി പ്രവചിക്കുന്നവരും ഉൾപ്പെടുന്നു. എല്ലാ ഉപദേശത്തെയും ക്രിസ്ത്യാനികൾ പുതിയ നിയമത്തിൽ എഴുതിയിരിക്കുന്ന സത്യവുമായി പരിശോധിക്കണം (1 യോഹ. 4:1, 6). നാം അങ്ങനെ ചെയ്യുമ്പോൾ, ദർശനക്കാർ എന്നും വെളിപ്പാ ടുകാർ എന്നും പേരെ-ടുത്തിരിക്കുന്നവരുടെ ചതി ഒഴിവാക്കുവാൻ കഴിയും. അങ്ങനെ ഒരു ഉപദേഷ്ടാവ് സത്യമാണോ അസത്യമാണോ ഉപദേശിക്കുന്നത് എന്ന് തിരിച്ചറിയുവാൻ കഴിയും.

### "ജഡമനസിൽ വെറുതെ ചീർക്കയും"
### (2:18)

ചില ഉപദേഷ്ടാക്കന്മാർ താഴ്മ നടിക്കുമെങ്കിൽ, മറ്റുള്ളവർ ദുരഭി മാനത്താൽ **ചിർക്കുകയായിരിക്കും** (*ഫുസിയൂ*). ആ അവസ്ഥ തുടരു ന്നതായിട്ടാണ് ഗ്രീക്ക് അനുബന്ധ ക്രിയ വ്യക്തമാക്കുന്നത്, ഗർവ്വമെന്ന വികാര സ്വഭാവം. തങ്ങളെ ഉയർത്തി കാണിക്കുന്നവർക്ക് ഗർവ്വമുണ്ടാ കുവാൻ വേറെ കാരണം ഒന്നും വേണ്ട. വേറൊരു ഭാഗത്ത് പൗലൊസ് "ചിർക്കുക" "ധാർഷ്ട്യം" എന്നീ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നത്

കൊരിന്ത്യർക്ക് ലേഖനം എഴുതുമ്പോഴാണ് (1 കൊ. 4:6, 18, 19; 5:2; 8:1; 13:4). അവൻ അവരോട് പറഞ്ഞു, "അറിവ് ചീർപ്പിക്കുന്നു, *ഫുസിയോയി*, [അഹ ങ്കാരത്താൽ നിഗളിക്കുന്നു], സ്നേഹമോ ആത്മികവർദ്ധന വരുത്തുന്നു" (1 കൊ. 8:1).

ദർശനങ്ങൾ ലഭിച്ചു എന്ന് അവകാശപ്പെടുന്നവർ ഉറപ്പില്ലാത്ത ദുരഭിമാന ത്തിലേക്ക് തിരിയുകയും അവരുടെ ഉപദേശത്തെ യേശുവന്റെ ഉപദേശത്തേ ക്കാൾ പ്രാധാന്യമുള്ളതായി കണക്കാക്കുകയും ചെയ്യുന്നു. കൊലൊസ്യയിലു ള്ളവർ യേശുവിനെ വിട്ട് ദുരുപദേഷ്ടാക്കന്മാരെ അനുഗമിക്കുമോ എന്ന ഭയം നിമിത്തമായിരുന്നു പൗലൊസ് അവരെ മുന്നറിയിച്ചത്. അത്തരം ദർശനങ്ങൾ കൊലൊസ്യരെ സമ്പന്നരാക്കുന്നതിനുപകരം, ദരിദ്രമാക്കുകയാണ് ചെയ്യുക. ശരിയായ പരിജ്ഞാനത്തിൽനിന്നും വിവേകത്തിൽനിന്നും ദുരുപദേഷ്ടാക്ക ന്മാർ അവരെ അകറ്റി (2:3) മനുഷ്യർ കണ്ടുപിടിച്ച വിലയില്ലാത്ത കണ്ടുപി ടിത്തങ്ങളിലേക്ക് മാറ്റും. അങ്ങനെയായാൽ അവർ നഷ്ടപ്പെട്ടുപോകും കാ രണം വാസ്തവത്തിലുള്ള ആത്മിയ വളർച്ച യേശുവിൽനിന്നാണ് വരുന്നത്, അല്ലാതെ മനുഷ്യരുടെ ആശയങ്ങളിൽനിന്നല്ല (യിരെ. 10:23).

ഈ വാക്യത്തിലെ അന്തരം വ്യക്തമാണ്. സ്വന്ത-ദർശനങ്ങളിൽ അഭിമാ നിക്കുന്നവർ അകമെ നിഗളം വെച്ച് ബാഹ്യമായ ഭക്തി കാണിക്കുന്നതിനെ തിരെയായിരുന്നു പൗലൊസിന്റെ മുന്നറിയിപ്പ്. അവരുടെ ചീർത്തുപോയ മനസിന് പൊങ്ങച്ചത്തിന് യാതൊരു കാരണവുമില്ലായിരുന്നു കാരണം അവർ വ്യാജ ദർശനങ്ങളിൽ ആശ്രയിക്കുകയായിരുന്നു. ഇത് അവരെ അകാരണമായ സ്വയം-ഉയർത്തലിലേക്കും അന്യായമായ അഹങ്കാരത്തിലേക്കും നയിക്കും.

നേരെ മറിച്ച്, ക്രിസ്ത്യാനികൾ അഭിമാനിക്കേണ്ടത്, യേശു മൂലം അവർക്ക് ലഭിച്ചതിലാണ്. പൗലൊസ് എഴുതി,

> ഞങ്ങൾ ലോകത്തിൽ, വിശേഷാൽ നിങ്ങളോട്, ജഡജ്ഞാനത്തിലല്ല, ദൈവകൃപയിലത്രെ, ദൈവം നൽകുന്ന വിശുദ്ധിയിലും നിർമ്മലതയിലും പെരുമാറിയിരിക്കുന്നു എന്ന് ഞങ്ങളുടെ മനസാക്ഷിയുടെ സാക്ഷ്യം തന്നെ ഞങ്ങളുടെ പ്രശംസ (2 കൊ. 1:12).

യേശുവിനെ കുറിച്ചും അവന്റെ ജീവിതത്തെ കുറിച്ചും ക്രിസ്ത്യാനികൾ ലജ്ജിക്കുകയല്ല, അഭിമാനിക്കുകയാണ് വേണ്ടത്. തന്റെ അനുയായികൾക്ക് ആവശ്യമുള്ളതെല്ലാം ചെയ്തത് അവനാണ്. അത്തരം അഭിമാനത്തെ നീതീ കരിക്കാവുന്നതാണ് കാരണം ആ നേട്ടം ഒരു വ്യക്തിയുടേയും കഴിവിനാലാ യിരുന്നില്ല, മറിച്ച് ദൈവ കൃപയും യേശുവുമാണ് അതിനു പ്രവർത്തിച്ചത്. "ഭാവിക്കേണ്ടതിനു മീതെ ഭാവിച്ച് ഉയരരുത്" എന്നാണ് ക്രിസ്തുവിന്റെ അനു യായിയോട് പറഞ്ഞിരിക്കുന്നത് (റോമ. 12:3).

ആത്മിയ-മനസുള്ള ക്രിസ്ത്യാനികൾ അകാരണമായ ദുരഭിമാനത്തിൽനി ന്നു വിട്ടുനിൽക്കണം, കാരണം അത് ജഡ-മനസുള്ളവരുടെ സ്വഭാവമാണ്. ജഡമല്ല തിന്മയായുള്ളത് എന്ന് എഡ്വേർഡ് സ്കചീസർ ശരിയായി പറഞ്ഞി രിക്കുന്നു.[12] മനുഷ്യ ജഡത്തിൽ സ്വയമായി നന്മയും തിന്മയും ഇല്ല. ദൈവ ത്തിന്റെ വെളിപ്പാടിൽ ആശ്രയിക്കാതെ കൊലൊസ്യർ സ്വന്ത വിവേകത്തിൽ ഊന്നരുത് എന്നാണ് പൗലൊസ് മുന്നറിയിച്ചത്. ദൈവ മനസിന്റെ ഉൾക്കാഴ്ച്ച ലഭിക്കുവാൻ മാനുഷ ജ്ഞാനം ഉപയോഗിക്കുന്നതിന്റെ മൗഢ്യം പൗലൊസ്

കൊരിന്ത്യർക്ക് ലേഖനം എഴുതുമ്പോൾ എടുത്തു കാണിച്ചിരിക്കുന്നു (1 കൊ. 1:20, 21). ദൈവം പ്രത്യേകമായി വെളിപ്പെടുത്തിയിരിക്കുന്നതിൽ കൂടെ മാത്രമെ നമുക്ക് ദൈവമനസ് മനസിലാക്കുവാൻ കഴിയു (1 കൊ. 2:10–16).

**ജഡമനസ്** (*ഹോ നൗസ് ടെസ് സർക്കോസ് ഔടൗ*, അക്ഷരികമായി, "അവനിലെ ജഡ മനസ്") എന്നാണ് എൻഏഎസ്ബിയിലും, കെജെവിയിലും, എൻകെജെവിയിലും. ആ പ്രയോഗത്തെ "ഐന്ദ്രിക മനസ്" എന്നും തർജിമ ചെയ്തിട്ടുണ്ട് (ആർഎസ്‌വി), "മാനുഷികമായ ചിന്ത" (എൻആർഎസിവി), "ലോക മനസ്" (എൻഈബി), "ആത്മിയമല്ലാത്ത മനസ്" (എൻഐവി; ടിഎൻഐവി നോക്കുക).

മനുഷ്യർ ഭൗമികമായി ചിന്തിച്ച് രൂപപ്പെടുത്തിയ മതപരമായ കാര്യങ്ങൾ ദൈവിക വെളിപ്പാടിന് എതിരാണെന്നാണ് പൗലൊസ് അർത്ഥമാക്കിയത്. ലോകവീക്ഷണം നടത്തുന്നവർ വിവേചിക്കുന്നത് മനുഷ്യരുടെ ബുദ്ധിയുടെ അടിസ്ഥാനത്തിലാണ്, അല്ലാതെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിലല്ല. സ്വന്ത ആശയങ്ങളിൽ ആശ്രയിക്കുന്നത് ബുദ്ധിപരമായ അഹംഭാവത്താൽ സംഭവിക്കുന്നതാണ്. അവർ ആശ്രയിക്കേണ്ടത് വെളിപ്പെടുത്തിയ ദൈവവചനത്തിലാണ്.

### "തലയെ മുറുകെ പിടിക്കാതിരിക്കൽ" (2:19)

ജഡമനസുള്ളവരുടെ പ്രശ്നം പൗലൊസ് പ്രത്യേകമായി പറഞ്ഞിരിക്കുന്നു: അവർ **തലയെ മുറുകെ പിടിക്കുന്നതിനു** പകരം പല ദുരുപദേഷ്ടാക്കന്മാരെയാണ് ശ്രദ്ധിക്കുന്നത്. സ്വർഗത്തെയും ഭൂമിയെയും വാഴുന്ന കർത്താവാണ് യേശു (മത്താ. 28:18; എഫെ. 1:20–23). അത് വാസ്തവമാണെങ്കിലും, അവൻ തലയായിരിക്കുന്ന സഭ അവനെ ബഹുമാനിച്ച് അവന്നു കീഴ്പ്പെട്ടിരിക്കും (എഫെ. 5:24). ഭൗതിക ശരീരം തലയുമായി ബന്ധിച്ചിരിക്കുന്നതുപോലെ, ശരീരമായ സഭ ക്രിസ്തു എന്ന തലയുമായി ബന്ധിപ്പിച്ചിരിക്കുകയാണ്. തലയാണ് നിയന്ത്രണ കേന്ദ്രം. തല ശരീരത്തെ കരുതുന്നതുപോലെ, ക്രിസ്തു ശരീരത്തെ കരുതുകയും, അതിന്റെ പ്രവൃത്തികളെ നിയന്ത്രിക്കുകയും, അതിന്റെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യും.

"തലയെ മുറുകെ പിടിക്കാതിരിക്കുന്നവർ" എന്നു പൗലൊസ് പറയുന്നത് പുറത്തുള്ളവരെ കുറിച്ചാണോ അതോ ക്രിസ്ത്യാനികളെ കുറിച്ചാണോ പറയുന്നത്? അവൻ അത് പുറത്തുള്ളവരെ കുറിച്ച് പറഞ്ഞതാവാൻ വഴിയില്ല. അവർ തലയോട് ബന്ധപ്പെട്ടിട്ടില്ല, അതുകൊണ്ട്, അവർക്ക് എങ്ങനെ തലയെ മുറുകെ പിടിക്കാതിരിക്കുവാൻ കഴിയും? അവൻ ക്രിസ്ത്യാനികളെ കുറിച്ചാണ് പറഞ്ഞതെങ്കിൽ, ചിലർ തലയെ മുറുകെ പിടിക്കാതിരുന്നിരിക്കണം. രണ്ടാമത് പറഞ്ഞതായിരിക്കാം അർത്ഥം. വർത്തമാന കാല അനുബന്ധക്രിയ (*ക്രാറ്റോൺ*) നിഷേധമായി "പിടിക്കാതിരിക്കൽ" എന്നു പറഞ്ഞിരിക്കുന്നത് അർത്ഥമാക്കുന്നതു, അവരുടെ അഹങ്കാരം നിമിത്തം അവർ തലയെ മുറുകെ പിടിക്കാതിരിക്കുന്നു എന്നാണ്. ക്രിസ്തുവിന്റെ ഉപദേശത്തോടു പറ്റിച്ചേരുന്നതും അവനോടുള്ള ഭക്തിയും അവർ നിർത്തിയിരുന്നു.

ക്രിസ്ത്യാനികൾക്ക് ക്രിസ്തുവിനോടുള്ള ബന്ധം പരമ പ്രധാനമാണ്. ഒരാൾ ക്രിസ്തുവിനെ മുറുകെ പിടിക്കുകയാണെങ്കിൽ അയാൾക്ക് ആത്മിയമായി വളരുവാൻ കഴിയും. ഈ ബന്ധം ഒരാൾ അവസാനിപ്പിച്ചാൽ, അയാൾ ഉതിർന്നു പോകയും അവസാനം തീയിലേക്ക് തള്ളുകയും ചെയ്യും (യോഹ. 15:5, 6).

ക്രിസ്തുവിന്റെ ശരീരത്തിനുള്ളിലെ ഒരാൾ തലയെ മുറുകെ പിടിക്കാതിരുന്നാൽ, അയാൾ വിശ്വാസത്യാഗിയായി മാറും. കൂടാതെ, ഒരാൾ ശൈശവാവസ്ഥയിൽ തന്നെ കഴിഞ്ഞാൽ, ജഡമനസിനപ്പുറമുള്ള ആത്മിയ യാഥാർത്ഥ്യങ്ങളെ കാണുവാൻ കഴിയാതെ വരും (1 കൊ. 2:14–3:3). സഭയുടെ തലയായ യേശുവിനെ മുറുകെ പിടിക്കാതിരിക്കുന്ന ആർക്കും ഇത് സംഭവിക്കാം. യേശുവിനെ മുറുകെ പിടിച്ച് അവന്റെ ഉപദേശത്തെ പിൻപറ്റുകയാണെങ്കിൽ മാത്രമെ യേശുവിനോടുള്ള ബന്ധവും അവനിലുള്ള ആത്മിയ പോഷണവും ഒരാൾക്ക് ലഭിക്കുകയുള്ളു.

**‘‘അവനിൽനിന്നല്ലോ ശരീരം മുഴുവൻ” (2:19)**

ഗ്രീക്കിലെ പ്രയോഗം (*എക്സ് ഹൗ* തർജിമ ചെയ്തിരിക്കുന്നത്, **അവനിൽ നിന്ന്**) എന്നാണ്. പരിഷ്ക്കിച്ച് (*കെഫ്ഹാലെ*) വാക്യം 19 ലെ “തല” എന്നതിനാണ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. “അവനിൽ നിന്ന്” എന്നത് പുല്ലിംഗമാണ്, എന്നാൽ “തല” സ്ത്രീലിംഗത്തിലാണ് പറഞ്ഞിരിക്കുന്നത്. അക്കാരണത്താൽ, “തല” എന്നു പറഞ്ഞിരിക്കുന്നത് യേശുവിനെ അല്ല പറയുന്നത് എന്ന് ചിലർ കരുതുന്നു. ആ എതിർപ്പിന് സ്ക്വീസർ മറുപടി നൽകുന്നു: “ഗ്രീക്കിൽ ‘തല’ സ്ത്രീലിംഗത്തിലാണെങ്കിലും, പുല്ലിംഗം ബന്ധപ്പെടുത്തിയിരിക്കുന്നത് സർവ്വനാമത്തോടാണ്”[13] മറ്റു വേദഭാഗങ്ങളിൽ, യേശുവിനെ ശരീരത്തിന്റെ തലയായിട്ടാണ് പറഞ്ഞിരിക്കുന്നത് (1 കൊ. 11:3; എഫെ. 1:22; 4:15; 5:23; കൊലൊ. 1:18; 2:10).

ശരീരം മുഴുവൻ വളരുവാനാവശ്യമായ പോഷണത്തിന്റെ ഉറവിടത്തെ ആണ് “അവനിൽനിന്നു” എന്ന പ്രയോഗം സൂചിപ്പിക്കുന്നത്. “ൽനിന്നും,” “മുഴുവൻ” എന്നീ പ്രയോഗങ്ങൾ ഊന്നി പറയുന്നത്, വളർച്ച ഏതാനും അംഗങ്ങൾക്ക് മാത്രമല്ല, **ശരീരം മുഴുവനും** ആണ് ലഭിക്കുന്നത് എന്നാണ്. തലയോടും മറ്റു അവയവങ്ങളോടുമുള്ള ബന്ധമനുസരിച്ചാണ് ഓരോ അവയവത്തിന്റേയും വളർച്ച.

ശരീരത്തിന്റെ ആത്മിയ വളർച്ചക്ക് യേശുവിനോടുള്ള ബന്ധം അനിവാര്യമാണ്. ഓരോ അംഗത്തിനും ആവശ്യമായ ആത്മികമായ കാര്യങ്ങളെല്ലാം ഓരോരുത്തരുടേയും ഗുണത്തിനാണ് നൽകുന്നത്. ഓരോ അവയവവും അതാതിന്റെ പ്രവൃത്തി ചെയ്യുകയാണെങ്കിൽ ശരീരം മുഴുവൻ യുക്തമായി ഏകീഭവിച്ച് പ്രവർത്തിക്കും. സഭയിലെ അംഗങ്ങൾ തമ്മിലുള്ള ബന്ധം മനസിലാക്കി തരുവാനായി പൗലൊസ് മനുഷ്യ ശരീരത്തെ ചിത്രീകരിക്കുകയുണ്ടായി (1 കൊ. 12:14–26; എഫെ. 5:15, 16).

**“ശരീരം മുഴുവൻ സന്ധികളാലും**
**ഞരമ്പുകളാലും, ചൈതന്യം പ്രാപിച്ചും**
**ഏകീഭവിച്ചും ദൈവികമായ വളർച്ച പ്രാപിക്കുന്നു” (2:19)**

പൗലൊസ് ഇവിടെ രണ്ട് ഗ്രീക്ക് അനുബന്ധ ക്രിയകളാണ് ഉപയോഗിച്ചിരിക്കുന്നത്. *എപികോറെഗൗമേനോൻ* (**നൽകൽ**) *സംബിബാസോമേനോൻ* (**ഒന്നിച്ചു പിടിക്കൽ**) എന്തു ചെയ്യണമെന്ന് കൊലൊസ്യർ അറിയുവാൻ ആഗ്രഹിച്ചു. രണ്ടു ഗ്രീക്കു വാക്കുകളും തുടർ പ്രവൃത്തികളെയാണ് സൂചിപ്പിക്കുന്നത്. ശരീരം മുഴുവൻ ആത്മിയ പോഷണം ലഭിച്ചാൽ, യോജിച്ചിരുന്നാൽ വളരുവാൻ കഴിയും. അവയവങ്ങൾ അന്യോന്യം വിയോജിച്ച് തലയോട്

അകന്നിരുന്നാൽ, അതിനു വളരുവാൻ കഴിയുകയില്ല. തന്റെ അനുയായികൾ ഒന്നായി തീരുവാനായിരുന്നു യേശു ആഗ്രഹിച്ചത് (യോഹ. 17:20-23), അതായത് ഭിന്നിക്കാതിരിക്കണം (1 കൊ. 1:10). തലയാകുന്ന യേശുവിനോട് ചേർന്നു ഐകമത്യപ്പെട്ടാൽ ഇടവകക്കുള്ളിൽ വളർച്ച സാധ്യമാകും, എന്നാൽ ഭിന്നത വളരെ വേഗത്തിൽ നാശത്തിനു വഴിയൊരുക്കും. യേശുവുമായുള്ള ബന്ധത്തിൽ, ഐക്യതയില്ലായ്മയാണ് ഇടവകയുടെ വളർച്ചക്ക് ഏറ്റവും വലിയ തടസമായിരിക്കുന്നത്.

**വളരുന്നു** (*ഔക്സോ*) അർത്ഥം ശരീരത്തിനു ആവശ്യമുള്ളതെല്ലാം നൽകുകയും യോജിച്ചിരിക്കുകയും ചെയ്യുമ്പോൾ പക്വതാ നടപടി തുടരുകയാണ്. വളർച്ചയുടെ ഉറവിടമായ **സന്ധികളും ഞരമ്പുകളും** എന്ന ശാസ്ത്രീയ തത്വത്തെയായിരുന്നില്ല പൗലൊസ് വാദിച്ചത്. ശരീരത്തിനു അയവും ചലിക്കുവാനുള്ള കഴിവും പ്രദാനം ചെയ്യുന്നത് സന്ധികളാണ്. ഞരമ്പുകളാണ് ശരീരത്തിലെ അവയവങ്ങളെ യോജിപ്പിച്ച് ഏകോപിപ്പിച്ച് ശരീരത്തെ ഒന്നിച്ചു പ്രവർത്തിക്കുവാൻ സഹായിക്കുന്നത്. ഓരോന്നും തലയോട് സഹകരിച്ച്, ചലിക്കുന്നതിനും, പോഷണത്തിനും വളർച്ചക്കും, ശരീരത്തിന്റെ മൊത്തം ശ്രദ്ധക്കും അനിവാര്യമാണ്.

ശരീരം മുഴുവൻ യുക്തമായി ഏകീഭവിച്ചാൽ മാത്രമെ ലഭിക്കുന്ന പോഷണം ശരീരത്തിന്റെ മൊത്തം ക്ഷേമ-ത്തിന് സഹായകരമായി തീരുകയുള്ളു. തലയോട് അവയവങ്ങളെല്ലാം സഹകരിച്ചാണ് ശരീരം മുഴുവൻ വളരുന്നത്. ശരീരത്തിന്റെ നന്മക്കായി ഓരോ അവയവത്തിനും അതാതിന്റെ ഭാഗം ചെയ്യുവാനുണ്ട്. പോഷണം നടത്തുന്നത് "സന്ധികളാലും ഞരമ്പുകളാലും" ഒരേ രീതിയിലല്ല. ശരീരത്തിന്റെ ശേഷം ഭാഗങ്ങളുടെ പോഷണത്തിൽ ആഹാരം ദഹിപ്പിക്കുന്ന ദഹനേന്ദ്രിയവും രക്തവ്യവസ്ഥയും ഉൾപ്പെടുന്നു. ഈ പ്രവർത്തനവും കൂടെ പൗലൊസ് പറയണമായിരുന്നു എന്നു കരുതുന്നവർ അവന്റെ പോയിന്റ് നഷ്ടമാക്കുകയാണ്. ഓരോ അവയവത്തിന്റേയും പ്രവൃത്തി ശരീരത്തിന്റെ ആകെയുള്ള ക്ഷേമത്തിനായിരിക്കണം എന്നായിരുന്നു പൗലൊസ് ഉദ്ദേശിച്ചത്. ശരീരത്തിന്റെ പ്രവർത്തനങ്ങളും പോഷണവും വിവരിച്ചിരിക്കുന്നതും പൗലൊസിന്റെ കാലത്തെ വൈദ്യശാസ്ത്രപരമായ അറിവും വ്യത്യസ്തമായിരുന്നു.

വളർച്ചയുടെ ഉറവിടമായ തലയോടുള്ള അവരുടെ ബന്ധത്തിൽനിന്ന് അവരെ അകറ്റുന്നതായിരുന്നു ദുരുപദേഷ്ടാക്കന്മാരുടെ ഉപദേശം എന്നതായിരുന്നു പൗലൊസ് പഠിപ്പിച്ച സത്യം. ആ ബന്ധത്തിനു ഉലച്ചിൽ തട്ടുന്നതിന്റെ ഫലമായി വളർച്ച മുരടിച്ച് അവസാനം മരണം സംഭവിക്കും. സഭക്ക് ആത്മിയ വളർച്ച ഉണ്ടാകുന്നത്, യേശുവിനെ മുറുകെ പിടിക്കുകയും ശരീരത്തിലെ ഓരോ അവയവവും ആത്മിയ പുരോഗതി അന്വേഷിക്കുകയും ചെയ്യുമ്പോഴാണ്.

സഭയുടെ വളർച്ചക്ക് വേണ്ടിയാണ് ചില അദ്ധ്യക്ഷന്മാരെ നിയമിച്ചിരിക്കുന്നത് എന്ന സത്യമാണ് പൗലൊസ് എഫെസ്യർ 4:11-16 ൽ പഠിപ്പിക്കുന്ന സത്യം. വളർച്ചക്കുള്ള വിഭവങ്ങൾ നൽകുന്നത് ദൈവമാണ്: അത് വചനമാണ് (1 പത്രൊ. 2:2), ആത്മാവിനാലുള്ള സഹായവുമുണ്ട് (എഫെ. 3:16). ദൈവസഹായം കൂടാതെ ശരീരത്തിനു ഫലം പുറപ്പെടുവിക്കുവാൻ സാധ്യമല്ല (യോഹ. 15:4, 5); അവയവങ്ങൾ ശരിയായി പ്രവർത്തിച്ചില്ലെങ്കിൽ, വളർച്ച സംഭവിക്കുകയില്ല. ശരീരത്തിന്റെ വളർച്ച തലയെ ആസ്പദമാക്കിയാണ് ഇരിക്കുന്നത്,

ശരീരത്തിലെ അവയവങ്ങളിൽ കൂടെയാണ് തലയുടെ ഇഛകൾ പ്രാവർത്തികമാക്കുന്നത്. വളർച്ചക്ക് ആവശ്യമായ ഘടകങ്ങളെല്ലാം ദൈവം നൽകുന്നു, എന്നാൽ ദൈവത്തിന്റെ പോഷണം ശരീരത്തിന്റെ ഓരോ ഭാഗത്തും എത്തിക്കേണ്ടത് അവയവങ്ങളാണ്. ദൈവവുമായി ശരീരം യുക്തമായി യോജിക്കുമ്പോഴാണ് വളർച്ച സാധ്യമാകുന്നത്. ദൈവത്തിൽനിന്ന് ആവശ്യമായതെല്ലാം നൽകുമ്പോൾ, അത് വളർച്ചക്കാണെന്ന് കരുതി നാം സ്വീകരിക്കണം.

തല, സന്ധികൾ, ഞരമ്പുകൾ എന്നെല്ലാം പറഞ്ഞിരിക്കുന്നത് അക്ഷരികമായി എടുക്കരുത്, അത് ആലങ്കാരിക ഉപയോഗമാണ്. പൗലൊസിന്റെ ചിത്രീകരണത്തിൽ, ക്രിസ്തു തലയും-സന്ധികളും, ഞരമ്പുകളും ഉൾപ്പെടുന്ന-ശരീരം സഭയുമാണ്. ശരീരത്തിന്റെ മൊത്തം ക്ഷേമം നോക്കി ഓരോ അവയവവും തലയോട് സഹകരിച്ച് അതാതിന്റെ പ്രവൃത്തി ചെയ്താൽ ശരീരത്തിന് പരമാവധി വളർച്ച ലഭിക്കും.

## ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ച് ക്രിസ്തുവിനോടുകൂടെ മരിക്കൽ (2:20-23)

**[20]നിങ്ങൾ ക്രിസ്തുവിനോടുകൂടെ ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ച് മരിച്ചു എങ്കിൽ ലോകത്തിൽ ജീവിക്കുന്നവരെ പോലെ [21]മാനുഷകൽപനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായി, പിടിക്കരുത്, രുചിക്കരുത്, തൊടരുത് എന്നുള്ള ചട്ടങ്ങൾക്ക് കീഴ്പ്പെടുന്നത് എന്ത്? [22]ഇതെല്ലാം ഉപയോഗത്താൽ നശിച്ചുപോകുന്നതത്രെ. [23]അതൊക്കെയും സ്വേഛാരാധനയിലും താഴ്മയിലും ശരീരത്തിന്റെ ഉപേക്ഷയിലും രസിക്കുന്നവർക്ക് ജ്ഞാനത്തിന്റെ പേർ മാത്രമുള്ളത്; ജഡാഭിലാഷം അടക്കുവാനോ പ്രയോജനമുള്ളതല്ല.**

വാക്യം 18 ലും 19 ലും, ഊന്നി പറഞ്ഞിരിക്കുന്നത് ശ്രദ്ധിച്ചില്ലെങ്കിൽ, ദുരുപദേശം കൊലൊസ്യരെ ക്രിസ്തുവിൽനിന്നകറ്റും എന്നാണ്. അങ്ങനെ സംഭവിക്കാതിരിക്കുവാൻ അവരെ മുന്നറിയിക്കുന്നതിനു മുൻപ് പൗലൊസ് ക്രിസ്തുവിന്റെ ശ്രേഷ്ഠതയെ, പരമാധികാരത്തെ കാണിച്ച് പറഞ്ഞു, അവൻ ദൈവത്തിന്റെ പ്രതിമയാണ്, സൃഷ്ടികർത്താവാണ്, സഭയുടേതടക്കം എല്ലാറ്റിന്റേയും തലയാണ്, ദൈവത്തോടുള്ള നിരപ്പിന്റെ അടിസ്ഥാനവുമാണ് (1:15-20). സകല ജ്ഞാനവും പരിജ്ഞാനവും അവനിലാണ്, ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും അവനിലാണ്, പരിപൂർണ്ണരാകുവാനുള്ള അവസരവും അവനിലാണ്. കൊലൊസ്യയിലുള്ളവരുടെ ജഡാഭിലാഷങ്ങൾ ഉരിഞ്ഞുകളയുകയും, അവരുടെ പാപങ്ങൾ അവനിൽ മോചിച്ചുകിട്ടുകയും ചെയ്തു (2:3-13).

അക്കാരണത്താൽ, കൊലൊസ്യർ യേശുവിൽ നിലനിൽക്കുകയും, അവനെ മാത്രം പിൻപറ്റുകയും ചെയ്യണമായിരുന്നു. ദുരുപദേശങ്ങളെ ഒഴിവാക്കുവാനുള്ള മറ്റു കാരണങ്ങളും പൗലൊസ് പറഞ്ഞു:

(1) ന്യായപ്രമാണം ക്രൂശിൽ തറെച്ചു മായിച്ചു കളഞ്ഞു (2:14). അത് സ്വാതന്ത്ര്യം നൽകിയില്ല, പക്ഷെ അതിന് അധീനമാക്കുകയാണ് ചെയ്തത്. അതിന് ജീവിപ്പിക്കുവാൻ കഴിഞ്ഞില്ല, അതിനു പകരം മരിപ്പിക്കുകയാണ് ചെയ്തത്.

(2) മത പരിശീലനങ്ങൾ, അത് യെഹൂദ മതത്തിന്റേതായാലും, അന്യ

ദേവന്മാരെ നമസ്ക്കരിക്കുന്നവരുടെ പരിശീലനങ്ങളായാലും ശരി, അതിന് ആത്മിയ വളർച്ചയോ സ്വാതന്ത്ര്യമോ നൽകുവാൻ കഴിഞ്ഞില്ല. അവ ആളുകളെ അതിന് അടിമയാക്കുകയായിരുന്നു ചെയ്തത് (2:8). അത്തരം പരിശീലനങ്ങളെ അനുകരിച്ചിരുന്നവർ തങ്ങളുടെ വിരുത് നഷ്ടപ്പെടുത്തുകയായിരുന്നു.

ആ സത്യങ്ങൾ വാക്യങ്ങൾ 20 മുതൽ 23 വരെയുള്ള ഭാഗങ്ങളിലെ പൗലൊസിന്റെ ഉപദേശത്തിന് പശ്ചാത്തലം ഒരുക്കുന്നതായിരുന്നു. ലോകത്തിന്റെ കാഴ്ച്ചപ്പാടനുസരിച്ച് ജഡാഭിലാഷങ്ങൾ അടക്കുവാനോ അതിൽനിന്നു സ്വാതന്ത്ര്യം നേടുവാനോ സാധ്യമല്ല, പകരം, അവയെ പിൻപറ്റുന്നവരെ ലോകത്തിന്റെ ആദ്യപാഠങ്ങൾ അവരെ കീഴ്പ്പെടുത്തുകയാണ് ചെയ്യുന്നത്. ലോകത്തിന്റെ നിയന്ത്രണങ്ങൾ സംബന്ധിച്ച് കൊലൊസ്യർ ക്രിസ്തുവിനോടുകൂടെ മരിച്ചിരുന്നു. ഇവിടെ പൗലൊസ് പറയുന്ന വാഴ്ച്ചകൾ നശിച്ചുപോകുന്നതും വിലയില്ലാത്തതുമായവയെ കുറിച്ചാണ്.

സ്വാതന്ത്ര്യത്തിന്റേയും ആത്മ-നിയന്ത്രണത്തിന്റേയും ഉറവിടമായ ക്രിസ്തുവിനെ മുറുകെ പിടിച്ചാൽ മാത്രമാണ്, ആത്മിയ വളർച്ചയും, ക്രിസ്തീയ സ്വാതന്ത്ര്യവും, സ്വർഗത്തിലേക്കുള്ള പ്രവേശനവും സാധ്യമാകുന്നത്. യേശു വാഗ്ദാനം ചെയ്തിരിക്കുന്നത് നൽകുവാൻ മറ്റൊരു സമീപനത്തിനും കഴിയുകയില്ല.

**“ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ച് നിങ്ങൾ ക്രിസ്തുവിനോടുകൂടെ മരിച്ചു എങ്കിൽ” (2:20)**

കൊലൊസ്യർ **ക്രിസ്തുവിനോടുകൂടെ മരിച്ചു**. പഴയ ജീവിതരീതി അവസാനിപ്പിച്ചാൽ മാത്രമെ അവർക്ക് ക്രിസ്തുവിലുള്ള പുതിയ ജീവിതത്തിന് അവരെ സമർപ്പിക്കുവാൻ സാധിക്കു. ആലങ്കാരികമായ അർത്ഥത്തിൽ അവർ അവന്റെ മരണത്തിന്റേയും മരണത്തിന്റെ ഉദ്ദേശത്തെയും പങ്കിട്ടു-പാപത്തിൽനിന്നുള്ള വിടുതൽ ലഭിച്ചവരായി. പാപസംബന്ധവും ലോകസംബന്ധവുമായ പരിശീലനങ്ങൾ അവർ ഒഴിവാക്കിയതിനാൽ, ലോകത്തിന്റെ പാഠങ്ങളെ വിട്ട് യേശുവിനോടുകൂടെ ജീവിക്കുവാൻ കഴിഞ്ഞു.

റോമർ 6:3-ൽ പൗലൊസ് സ്നാനത്തെ ക്രിസ്തുവിന്റെ മരണത്തോട് ബന്ധപ്പെടുത്തിയിരിക്കുകയാണ്, സ്നാനമാണ് ആളുകളെ ക്രിസ്തുവിന്റെ മരണത്തിലേക്ക് കൊണ്ടുവരുന്നത് എന്ന് എഴുതിയിരിക്കുന്നു. അവൻ തുടർന്നു പറയുന്നു, “സ്നാനത്തിൽ, നാം അവന്റെ മരണത്തിൽ പങ്കാളികളായി ... അവനോടുകൂടെ അടക്കപ്പെട്ടു ... നാം ഇനി പാപത്തിനു ദാസന്മാരാകാതിരിക്കേണ്ടതിന്ന് അവനോടുകൂടെ ക്രൂശിക്കപ്പെട്ടു” (റോമ. 6:4–6) അതേ ആശയം വ്യക്തമാക്കുവാൻ താൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു പൗലൊസ് പറഞ്ഞിരിക്കുന്നു (ഗലാ. 2:20). അത് അവന്റെ ജീവിതത്തിൽ പ്രകടമായ മാറ്റം വരുത്തി, അവൻ പിന്നെ എഴുതി, “ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു.” “മരിച്ചു” എന്നു കൊലൊസ്യർ 2:20 ൽ പറഞ്ഞിരിക്കുന്നത് തർജിമ ചെയ്തിരിക്കുന്നത് അയോറിസ്റ്റ് രൂപത്തിലാണ്, അത് സൂചിപ്പിക്കുന്നത്, ക്രിസ്തുവിനോടുകൂടെ അനുഭവിച്ചത്, പൂർണ്ണവും അന്തിമവുമാണ് എന്നത്രെ. ഗലാത്യർ 2:20-ൽ പൗലൊസ് ഉപയോഗിച്ച് അനുബന്ധക്രിയ അർത്ഥമാക്കുന്നത് ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നും, ആ ക്രൂശിക്കപ്പെട്ട അവസ്ഥ തുടരുന്നതായിട്ടുമാണ്.

ക്രിസ്ത്യാനികൾ ഇനി പാപത്തിനു ദാസന്മാരായി തീരരുത് എന്ന്

പൗലൊസ് പഠിപ്പിച്ചു (റോമ. 6:1–7). യേശുവിന്റെ മരണത്തോട് പങ്കാളികളായവർ പാപസംബന്ധമായി മരിച്ചവരാണ്. പുതിയ ജീവിതത്തിലേക്ക് പ്രവേശിക്കുവാൻ കൊലൊസ്യയിലുള്ളവർ പാപത്തിന്റെ ആധിപത്യത്തിൽനിന്നു വിടുവിക്കപ്പെട്ടിരുന്നു. അവർ ക്രിസ്തുവിനോടുകൂടെ മരിച്ചതിന്റെ ഫലമായി **ലോകത്തിന്റെ ആദ്യപാഠങ്ങൾ** സംബന്ധിച്ചും മരിച്ചിരുന്നു എന്ന് പൗലൊസ് 2:20–ൽ ഓർമ്മിപ്പിച്ചു.

ലോകത്തിന്റെ പാഠങ്ങളിലൊന്നിലും ജീവൻ ഇല്ല. അവയുമായി മരിച്ചു കൊണ്ടാണ് കൊലൊസ്യർ ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ച് മരിച്ചത്. അവരുടെ മുൻകാല ജീവിതത്തിൽ, ക്രിസ്തുവിലുള്ള ജീവിതത്തിൽ മരിച്ചവരും, ലോകത്തിന്റെ ആദ്യപാഠങ്ങളിൽ ജീവിച്ചിരുന്നവരുമായിരുന്നു; എന്നാൽ ഇപ്പോൾ ലോകസംബന്ധമായി അവർ മരിക്കുകയും ക്രിസ്തുവിൽ ദീവിക്കുകയും ചെയ്തു. അവർ ലോകത്തിന്റെ പാഠങ്ങൾ സംബന്ധിച്ച് മരിച്ചതിനാൽ ഇനി അവയിൽ ജീവിക്കുവാൻ പാടില്ല.

**എങ്കിൽ** എന്ന വാക്ക് ഉപയോഗിച്ചതിനാൽ പൗലൊസ് അവരുടെ ക്രിസ്തുവിനോടുകൂടെ മരിച്ചതിനെ ചോദ്യം ചെയ്യുകയായിരുന്നില്ല: “ഗ്രീക്ക് ഇവിടെ ഒരു നിബന്ധനാ രൂപമാണ് കൊടുത്തിരിക്കുന്നത്, ‘നിങ്ങൾ ... മരിച്ചു എങ്കിൽ’ (ആർഎസ്‌വി), ഒരു സംശയവും തോന്നിപ്പിക്കാത്ത ആലങ്കാരിക പ്രയോഗമാണ് അത്; ചില അനന്തര ഫലത്തെ കാണിക്കുവാൻ ഉപയോഗിക്കുന്ന വസ്തുതയാണ്.”[14]

അവർ “ക്രിസ്തുവിനോടുകൂടെ മരിച്ചു” എന്നതിനെ ചോദ്യം ചെയ്യുന്നതിനു പകരം, ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളികളായതിന്റെ ഫലം അവരെ ഓർപ്പിക്കുകയായിരുന്നു പൗലൊസ്. സ്നാനത്തിൽ അവർ ക്രിസ്തുവിന്റെ അടക്കത്തിലും ഉയർപ്പിലും പങ്കാളികളായപ്പോൾ അവരുടെ ജീവിതത്തിൽ മാറ്റം സംഭവിച്ചിരിക്കണം (വാ. 12). തൽഫലമായി “ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ചു” മരിക്കയും ക്രിസ്തുവിനു വേണ്ടിയുള്ള പുതിയ ജീവിതം പിന്തുടരുകയുമാണ് ചെയ്യുന്നത്.

“ലോകത്തിന്റെ ആദ്യ പാഠങ്ങൾ” (*സ്റ്റോയിക്കെയിഓൺ ടൗകോസ്മൗ*) ഇനി കൊലൊസ്യരെ നിയന്ത്രിക്കുവാൻ അനുവദിക്കരുതെന്ന് വാക്യം 20–ൽ, പൗലൊസ് അവരെ മനസിലാക്കി കൊടുക്കുകയായിരുന്നു (2:8 ന്റെ പരാമർശം നോക്കുക). ക്രിസ്തുവിന്റെ മരണത്തിലും അടക്കത്തിലും പങ്കാളികളായപ്പോൾ അവർ ലോകത്തിന്റെ ആദ്യപാഠങ്ങൾ സംബന്ധിച്ചു മരിച്ചിരുന്നു. ലോകത്തിന്റെ തത്വങ്ങൾ സംബന്ധിച്ച് ആ സഹോദരന്മാർ മരിച്ചു എങ്കിൽ, യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽ ലഭിക്കുന്ന പ്രതിഫലത്തെ തള്ളിക്കളഞ്ഞ് വീണ്ടും ഉപേക്ഷിച്ചതിലേക്ക് പോകുവാൻ പാടില്ല എന്നർത്ഥം.

### “പിന്നെ ലോകത്തിൽ ജീവിക്കുന്നവരെപോലെ ചട്ടങ്ങൾക്ക് കീഴ്പ്പെടുന്നതെന്ത് ...?” (2:20)

യേശു അപ്പൊസ്തലന്മാരെ കുറിച്ച് പറഞ്ഞു, “നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽനിന്നു തിരഞ്ഞെടുത്തു” (യോഹ. 15:19). പിതാവിനോടുള്ള തന്റെ പ്രാർത്ഥനയിൽ അവൻ പറഞ്ഞു, “ഇവരോ ലോകത്തിൽ ഇരിക്കുന്നു ...” (യോഹ. 17:11); “അവർ ലൗകികന്മാരല്ല” (യോഹ. 17:14, 16). ലോകത്തിന് അനുരുപരാകാതെ ലോകത്തിൽ ജീവിക്കുക എന്നതാണ്

ക്രിസത്യാനികളുടെ ലക്ഷ്യം (റോമ. 12:2).

ലോകത്തിൽ ജീവിക്കുമ്പോൾ, പാപം ചെയ്യുവാനുള്ള എല്ലാ പരീക്ഷണങ്ങളും നേരിടുമെന്ന് നാം തിരിച്ചറിയണം, അതേസമയം നാം അതിന്റെ ഭാഗമല്ല. നമുക്ക് **ലോകത്തിൽ ജീവിക്കാതെ** തരമല്ല, നമ്മുടെ ജീവിതത്തിൽനിന്നു ലോകത്തെ നമുക്ക് മാറ്റി നിർത്തുവാൻ കഴിയും. ലോകത്തിൽ "ജീവിച്ചിരിക്കുമ്പോൾ" (*സോണ്ടെസ്*, "തുടർന്നു ജീവിക്കുക") ലോകത്തെ ഭരിക്കുന്ന തത്വങ്ങൾ നമ്മെ വാഴുവാൻ നാം അനുവദിക്കരുത് എന്ന കാര്യം നാം തിരിച്ചറിയണം.

1:6-ൽ "ലോകം" (*കോസ്മോസ്*) എന്നു പൗലൊസ് പറഞ്ഞത് ഭൂമിശാസ്ത്രപരമായ ഒന്നിനെയാണ്. ഈ വേദഭാഗത്ത് അതേ വാക്ക് ഉപയോഗിച്ച് കൊലൊസ്യർ ജീവിച്ച സമൂഹത്തെയാണ് അർത്ഥമാക്കിയത്.

*ഡോഗ്മാറ്റിസെസ്തെ* എന്ന ഒറ്റ ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ് **ചട്ടങ്ങൾക്ക്** [നിങ്ങൾ] **കീഴ്പ്പെടുക** എന്ന പ്രയോഗം. 2:14 ലെ *ഡോഗ്മാറ്റാ*, ("ചട്ടങ്ങൾ") ഈ ക്രിയക്ക് ബന്ധമുണ്ട്. ഒരേ മൂല വാക്കിൽനിന്നാണ് ആ രണ്ടു വാക്കുകളും വന്നതെങ്കിലും, അതേ ചട്ടങ്ങളെ കുറിച്ചായിരുന്നില്ല പൗലൊസ് വാക്യം 20 ൽ പറഞ്ഞിരിക്കുന്നത്. ദൈവം മോശെ മുഖാന്തരം കൊടുത്ത ന്യായപ്രമാണത്തെയാണ് 2:14-ൽ പൗലൊസ് പറഞ്ഞത്. വാക്യം 20 ൽ പറഞ്ഞിരിക്കുന്നത് ഒന്നുകിൽ ന്യായപ്രമാണ ചട്ടങ്ങൾ അല്ലെങ്കിൽ ലൗകിക മനസിൽനിന്നും ഉരുത്തിരിഞ്ഞ ചട്ടങ്ങളെയാണ്.

ദൈവത്തിന്റെ പ്രമാണങ്ങളിൽനിന്നും അകന്നുപോകുന്നവർ സാധാരണ സ്വാതന്ത്ര്യം അന്വേഷിച്ചുകൊണ്ടാണ് പോകുന്നത്; അവർ വിചാരിക്കുന്നത് ദൈവത്തിന്റെ പ്രമാണങ്ങൾ കൂടുതൽ കർക്കശമാണ് എന്നാണ്. അവർ കരുതുന്ന സ്വാതന്ത്ര്യം അവരെ വാസ്തവത്തിൽ അടിമകളാക്കുകയാണെന്ന് അവർ പിന്നീടാണ് തിരിച്ചറിയുന്നത് (2 പത്രൊ. 2:19; കൂടാതെ യോഹ. 8:34; റോമ. 6:16 നോക്കുക). സന്തോഷത്തിന് നല്ല നിയമങ്ങൾ ആവശ്യമാണ്. നിയമമൊന്നും ഇല്ലാതിരിക്കുന്നത് വാസ്തവത്തിൽ ഭൗതികമായും ആത്മികമായും അടിമത്വത്തിലേക്കാണ് നയിക്കുന്നത്. റോഡ് നിയമങ്ങൾ ഒന്നുമില്ലാത്ത ഒരു നഗരത്തിൽ വാഹനം ഓടിക്കുന്നത് ഒന്ന് ഊഹിച്ചു നോക്കുക. അപകടം സംഭവിക്കുകയും ഗതാഗതം നിശ്ചലമാകുകയും ചെയ്യും. പാപത്തെ അതിജീവിച്ച് ലൗകിക ഇഛകളെ ഒഴിവാക്കുവാനും ആത്മിക സ്വാതന്ത്ര്യത്തിനും യേശുവിന്റെ ഉപദേശമല്ലാതെ മറ്റു മാർഗമില്ല.

### "ഉദാഹരണമായി 'പിടിക്കരുത്, രുചിക്കരുത്, തൊടരുത്!' " (2:21)

അവരെ ദാസ്യപ്പെടുത്തുവാനിടയുണ്ടായിരുന്ന ചില കാര്യങ്ങൾ എന്തായിരുന്നു? പൗലൊസ് നൽകിയ ഉദാഹരണങ്ങൾ ഇവയാണ്: **"ഉദാഹരണമായി, 'പിടിക്കരുത്, രുചിക്കരുത്, തൊടരുത്!' "** കുറഞ്ഞു വരുന്ന ക്രമത്തിലാണ് ആ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നത്. "പിടിക്കരുത്" എന്നത് ശക്തമായ വാക്കാണ്, അതിനു താഴെയാണ് "രുചിക്കുക" എന്ന്, അതിലും താഴെയാണ് "തോടരുത്" എന്ന വാക്ക്. വെറുതെ ഒന്നു തൊടുന്നത് രുചിച്ചു നോക്കുന്നതുപോലെയാണ്, അല്ലെങ്കിൽ രുചിക്കുന്നതിൽ സ്പർശനവും ഉൾപ്പെടുന്നു. കൊലൊസ്യരെ വിലക്കിയ, പിടിക്കരുത്, രുചിക്കരുത്, തൊടരുത് എന്നീ വാക്കുകൾ അവർക്ക് പരിചയമുണ്ടായിരുന്നു.

“അരുത്” എന്നു പറയുന്ന നിരവധി നിയമങ്ങൾ ദുരുപദേഷ്ടാക്കന്മാർക്ക് ഉണ്ടായിരുന്നു. അതായിരുന്നില്ല യേശുവിന്റെ ഉപദേശ സമീപനം. ഏതാനും കാര്യങ്ങളെ ഉപേക്ഷിക്കുന്ന നിഷേധ ലിസ്റ്റുകൾ മാത്രം ക്രിയാത്മക ജീവിതത്തിനു പ്രയോജനം ചെയ്യുകയില്ല. ക്രിയാത്മതക്ക് ഊന്നൽകൊടുത്തു പറയുമ്പോഴാണ് നിഷേധനിയമങ്ങളെ തള്ളിക്കളയുന്നത് (റോമ. 13:8–11); എങ്ങനെയായാലും, ക്രിസ്ത്യാനിത്വത്തിൽ “ചെയ്യുക” എന്നും “ചെയ്യരുത്” എന്നും പറയുന്ന നിയമങ്ങളാണ് ഉള്ളത്.

പുതിയനിയമം ശ്രദ്ധിച്ചു വായിച്ചാൽ, യേശു അടിക്കടി “ചെയ്യരുത്” എന്നു പറഞ്ഞിരിക്കുന്നത് കാണാം. തന്റെ മലപ്രസംഗത്തിൽ (മത്താ. 5–7) അവൻ പറഞ്ഞു,

- “സത്യം ചെയ്യരുത്” (5:34).
- “നിന്റെ വലങ്കൈ ചെയ്യുന്നത് ഇടങ്കൈ അറിയരുത്” (6:3).
- “ജാതികളെ പോലെ ജൽപനം ചെയ്യരുത്” (6:7).
- “നിങ്ങൾ അവരെ പോലെ ആകരുത്” (6:8).
- “ഭൂമിയിൽ നിക്ഷേപം സ്വരൂപിക്കരുത്” (6:19).
- “വിചാരപ്പെടരുത്” (6:25; വാ. 31, 34 നോക്കുക).
- “വിധിക്കരുത്” (7:1).
- “വിശുദ്ധമായത് നായ്ക്കൾക്ക് കൊടുക്കരുത്” (7:6).

തെറ്റു ചെയ്യുന്നതിനെതിരെയുള്ള മുന്നറിയിപ്പു പ്രസ്താവനകളും പ്രസംഗത്തിൽ അടങ്ങിയിട്ടുണ്ട്. ചെയ്യുവാൻ പറയുന്ന ക്രിയാത്മ കാര്യങ്ങൾ പ്രാധാന്യമുള്ളതാണ്, അതുപോലെ ഉപദേശത്തിൽ നിഷേധമായ കാര്യങ്ങളും ഉൾപെട്ടിരിക്കണം.

ചിലത് ഉദ്ധരിച്ചുകൊണ്ട് കൊലൊസ്യർ ഉപേക്ഷിക്കേണ്ടതായ ചട്ടങ്ങൾ ഏതുവിധത്തിലാണെന്ന് മനസിലാക്കുവാൻ ചിത്രീകരിച്ചിരിക്കുന്നു. കൊലൊസ്യർക്ക് പരിചയമുണ്ടായിരുന്ന പൊതുവായ ഒരു ലിസ്റ്റായിരുന്നേക്കാം അത്. സമൂഹം പഠിപ്പിച്ചിരുന്ന എല്ലാ നിയമാവലികളെയും ലിസ്റ്റാക്കി നൽകുകയായിരുന്നില്ല പൗലൊസിന്റെ ഉദ്ദേശം, അത്തരം നിയമാവലികളുടെ ഉദാഹരണങ്ങളായിരുന്നു അവൻ നൽകിയത്. എച്ച്. സി. ജി. മൗൾ ആ നിയമാവലികളെ “മോശെയുടെ ന്യായപ്രമാണത്തിലെ ... വിലക്കുകൾ, വികസിപ്പിച്ച് പരീശസ്കൂളുകളിൽ അതിനെ അതിശയോക്തിപരമാക്കിയിരുന്നു.”[15] അവ ന്യായപ്രമാണത്തോട് ചിലർ കൂട്ടിച്ചേർത്ത മാനുഷ നിയമാവലികളാകുവാനാണ് കൂടുതൽ സാധ്യത. ഭക്തിക്കായി രൂപപ്പെടുത്തിയ നിയന്ത്രിത നിയമങ്ങൾ കൂടുതൽ കർക്കശമാക്കി, ചിലപ്പോൾ ശരീരപരിശീലനത്തെ കൂടുതൽ ദുഷ്പ്രയോഗത്തിനാക്കി തീർത്തു. മൗൾ കൂടാതെ എഴുതി,

> തീർച്ചയായും, മോശെയുടെ ന്യായപ്രമാണത്തിലെ ഏതു കൽപനയായാലും, *അവരുടെ ഉദ്ദേശവും കാലയളവും* ദൈവികമായ അധികാരവും വിശുദ്ധ പൗലൊസ് തിരിച്ചറിഞ്ഞിരുന്നു. അതിന്റെ ഉദ്ദേശം ക്രിസ്തുവിൽ നിറവേറുകയും കാലയളവ് അവസാനിക്കുകയും ചെയ്തിരുന്നു. അവ ഇപ്പോൾ അടിച്ചേൽപിക്കുന്നത് ദൈവത്തിന്റെ നിയമത്തെ മനുഷ്യരിൽ ദുർബ്ബലമാക്കുന്നതിനു തുല്യമാണ്.[16]

പുതിയനിയമ കാലയളവിൽ പഴയനിയമ കൽപനകൾ അനുസരിക്കുവാൻ നിർബ്ബന്ധിക്കുന്നത് ദൈവത്തിന്റെ അധികാരമല്ല, മറിച്ച് മനുഷ്യരുടെ അധികാരമാണ്.

പൗലൊസ് അർത്ഥമാക്കിയത് മനുഷ്യനിർമ്മിതമായ ദേശത്തിന്റെ നിയമമാണ് എന്ന് ചിലർ കരുതുന്നു. എങ്ങനെയായാലും, അതു അവന്റെ ഉപദേശമായിരുന്നില്ല, കാരണം ക്രിസ്ത്യാനികളോട് ഗവൺമെന്റ് നിയമം അനുസരിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. "ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്ക് കീഴടങ്ങട്ടെ ..." (റോമ. 13:1–4; തിത്തൊ. 3:1 നോക്കുക); "സകല മാനുഷ നിയമത്തിന്നും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ" (1 പത്രൊ. 2:13). മുകളിൽ പൗലൊസ് പറഞ്ഞ ചട്ടങ്ങൾ ഗവൺമെന്റ് നിയമങ്ങളല്ല; മറിച്ച്, ധാർമ്മിക പ്രയോജനം ഇല്ലാത്ത നൈതികവും മതപരവുമായ ചട്ടങ്ങളാണ്.

പൗലൊസ് വിലക്കിയ മൂന്നു കാര്യങ്ങളെ തമ്മിൽ വേർതിരിച്ചറിയുക പ്രയാസമാണ്. അവൻ എഴുതിയത് കാണാത്ത കാര്യങ്ങളോ, നിത്യമായവയോ, ആത്മിയമായ കാര്യങ്ങളോ ആയിരുന്നില്ല, പിന്നെയോ ഭൗതിക കാര്യങ്ങളെ കുറിച്ചായിരുന്നു (2 കൊ. 4:18). ചോദ്യം ചെയ്യപ്പെട്ട കാര്യങ്ങൾ ഭൗതിക ലോകത്തിലുള്ള, നശിച്ചുപോകുന്നവയിൽ പെട്ടതായിരുന്നു. അല്ലാതെ ആത്മിയ വിലയുള്ളതായിരുന്നില്ല.

(1) "പിടിക്കുക" (*ഹാപ്സേ, ഹാപ്റ്റോ* യിൽനിന്ന്) അർത്ഥമാകുന്നത് "ലൈംഗിക ബന്ധമാണ്"), അതായത് ഒരു സ്ത്രീയെ തൊടുന്നത് (1 കൊ. 7:1). പലപ്പോഴും, ആ വാക്കിന്റെ അർത്ഥം "സ്പർശിക്കുക" (മത്താ. 8:3, 15) അല്ലെങ്കിൽ "പറ്റിച്ചേരുക" (യോഹ. 20:17), ചിലപ്പോൾ "പങ്കു ചേരുക" അല്ലെങ്കിൽ ഈ വാക്യത്തിലേതുപോലെ "പിടിക്കുക." അതിൽ ലൈംഗികവും ആഹാര സംബന്ധവുമായ അർത്ഥവും അടങ്ങുന്നുണ്ട്. ആളുകൾ ഭക്ഷണപദാർത്ഥങ്ങളും വിവാഹവും വർജിക്കുവാൻ കൽപിക്കുമെന്ന് പൗലൊസ് പ്രവചിച്ചിരുന്നു (1 തിമൊ. 4:3). *ഹാപ്സെ* എന്ന വാക്ക് ഉപയോഗിച്ചതിനാൽ പൗലൊസ് ലൈംഗികമായ അർത്ഥമാണ് ഉദ്ദേശിച്ചത് എന്ന് ചിലർ കരുതുന്നു. ഇവിടെ പറഞ്ഞിരിക്കുന്നതിൽ ലൈംഗികമായ പരിശീലനവും ഉൾപ്പെടുന്നു എങ്കിലും കൂടുതൽ പൊതുവായ രീതിയിലാണ് പറഞ്ഞിരിക്കുന്നത്.

*ഹാപ്സെ*, "പിടിക്കൽ" എന്നത് ലൈംഗികമായി മാത്രം ചുരുക്കാവുന്നതല്ല എന്നതിന് ഓബ്രിയെൻ മൂന്നു കാരണങ്ങൾ അവതരിപ്പിച്ചിരിക്കുന്നു:

> ആദ്യമായി ലൈംഗിക ബന്ധം ഉപേക്ഷിക്കുന്നതിനെ സംബന്ധിച്ച് ഈ ലേഖനത്തിൽ മറ്റൊരിടത്തും ഒരു സൂചന പോലുമില്ല (1 തിമൊഥെയൊസ് 4:3 ലെ ദുരുപദേഷ്ടാക്കന്മാർ വിവാഹം വിലക്കുമെന്ന് പറഞ്ഞു, പക്ഷെ അവിടെ ഗെയിം/ഡബ്ലിയു, "വിവാഹം" എന്നാണ് ഉപയോഗിച്ചിരിക്കുന്നത്). രണ്ടാമത്, ഗ്രീക്ക് വാക്ക് പ്റ്റോമായി ["പിടിക്കുക"] എന്നത് ക്രിയയോടുകൂടി ഈ ലക്ഷ്യാർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്, ഇവിടെ ["പിടിക്കുക"] അർത്ഥമാക്കുന്നത് പൊതുവായിട്ടാണ് (ഒ. വാ. ഉല്. 20:4, 6; സദൃശ. 6:29; 1 കൊ. 7:1). ആ ക്രിയ തന്നെ വിസ്തൃതമായ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. മൂന്നാമത്, ഉടനെ താഴെ കൊടുത്തിരിക്കുന്ന വാക്കുകൾ (വാ. 22, "ഉപയോഗത്താൽ നശിച്ചുപോകുവാനായി" മുൻനിശ്ചയിച്ചതാണ് അവയെല്ലാം) അതായത് ഭൗതിക വസ്തുക്കളായ ഭക്ഷണവും പാനിയവുമാണ് വിവക്ഷിക്കുന്നത്: വാക്യം

22 ലൈംഗിക ബന്ധത്തെയല്ല സൂചിപ്പിക്കുന്നത്.[17]

(2) "രുചിക്കുക" (*ജെയുവോ*) അക്ഷരികമായ അർത്ഥത്തിൽ, ഭക്ഷണമോ പാനിയമോ "വായിൽ എന്തെങ്കിലും രുചിച്ചു നോക്കുക" (മത്താ. 27:34; ലൂക്കൊ. 14:24). ആലങ്കാരികമായ അർത്ഥത്തിൽ, എന്തെങ്കിലും "അനുഭവിക്കുക" എന്നുമാകാം (എബ്രാ. 6:4, 5; 1 പത്രൊ. 2:3) ഉദാഹരണമായി മരണം (മത്താ. 16:28; യോഹ. 8:52; എബ്രാ. 2:9).

(3) "തൊടുക" (*തിങ്കനാ*), ഇതിന്റെ അർത്ഥം "പിടിക്കുക" എന്നതിനോട് സാമ്യമുണ്ടെങ്കിലും, ലൗകിക എഴുത്തുകളിൽ അതിനു ധാർമ്മികമായ ലക്ഷ്യാർത്ഥമുണ്ട്. എബ്രായർ 11:28 ൽ അതേ വാക്കിനു നശിപ്പിക്കുക എന്ന അർത്ഥം വരുന്നു, എബ്രായർ 12:20 ൽ ദൈവം സിനായ് പർവ്വതത്തിൽ വെച്ച് ന്യായപ്രമാണം നൽകിയപ്പോൾ മൃഗങ്ങൾ പർവ്വതത്തെ സ്പർശിക്കരുതെന്നാണ് പറഞ്ഞത്. ഈ ജീവിതത്തിലെ നശിച്ചുപോകുന്ന വസ്തുക്കളുമായി ബന്ധപ്പെടുന്നത് ഒഴിവാക്കണമെന്നാണ് 2:21 ലെ അർത്ഥം.

ആത്മാവിന്റെ ബലഹീനതക്ക് പരിഹാരമോ നിർമ്മലതയോ ഉണ്ടാക്കുന്നതല്ല ശരീരത്തെ ഉപേക്ഷിക്കുന്നതും ദുർവ്വിനിയോഗം ചെയ്യുന്നതും. ഈ കഴിവുകൾ ഉള്ളിൽനിന്നും വരുന്നതും ശരീരത്തിൽ പ്രകടിപ്പിക്കേണ്ടതുമാണ്. പരീക്ഷണങ്ങൾ ശരീരം മുഖാന്തരമാണ് വരുന്നതെങ്കിലും, ശരീരമല്ല തിന്മയുടെ ഉറവിടം.

### "(ഇതെല്ലാം ഉപയോഗത്താൽ നശിച്ചുപോകുന്നതത്രെ)" (2:22)

ഇവിടെ ശരിയായി തർജിമ ചെയ്തിരിക്കുന്നതുപോലെ, ഇത് ഇടക്കു ചേർത്ത ഒരു പ്രയോഗമാണ്; അല്ലെങ്കിൽ അതിന്റെ സന്ദർഭത്തിൽ ആ പ്രയോഗം വിശദീകരിക്കുക ബുദ്ധിമുട്ടാണ്. പിടിക്കാവുന്നതും, തൊടാവുന്നതും, രുചിക്കാവുന്നതുമായ ഭൗതികവും, താൽക്കാലികവും ആയ കാര്യങ്ങളെയാണ് പൗലൊസ് ഉദ്ദേശിച്ചത്. ഇവയെല്ലാം ഉപയോഗിച്ച് അവസാനം ഇല്ലാതാകുന്നതാണ്, പക്ഷെ ആത്മികമായവ ഒരിക്കലും-അവസാനിക്കുകയില്ല (1 യോഹ. 2:15-17). വാക്യം 22 ലും 23 ലും, വാക്യം 20 ൽ പറഞ്ഞതും വാക്യം 21-ൽ ചിത്രീകരിച്ചതുമായ ചട്ടങ്ങൾ പിൻപറ്റരുത് എന്നതിന് പൗലൊസ് മൂന്നു കാരണങ്ങൾ പറഞ്ഞിരിക്കുന്നു.

ആദ്യമായി, ആ വസ്തുക്കളൊന്നും നിത്യമായവയല്ല, മറിച്ച് ലൗകികവും താൽക്കാലികവുമാണ്, ഉപയോഗത്താൽ നശിച്ചുപോകുന്നവയുമാണ്. അത്തരം ചട്ടങ്ങൾ പാലിക്കുന്നവർ നിത്യമായും വിലയുള്ളതിനെ ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്. ജീവിതത്തിൽ പ്രാധാന്യമുള്ളവയെ കുറിച്ച് അവർക്ക് തെറ്റായ ആശയമാണുള്ളത്. നിലനിൽക്കുന്ന വിലയുള്ളതിനെ നിയന്ത്രിക്കുന്നത് താൽക്കാലികവും നിത്യമായി വിലയില്ലാത്തതെന്നു തോന്നിപ്പിക്കുന്നതുമാണെന്ന് ഇക്കൂട്ടർ കൊലൊസ്യരെ തെറ്റായി ധരിപ്പിച്ചിരുന്നു.

മനുഷ്യ-നിർമ്മിതമായ കൽപനകളെ എടുത്തിരുന്ന യെഹൂദന്മാരെ യേശു കുറ്റപ്പെടുത്തിയതുമായി പൗലൊസിന്റെ മുന്നറിയിപ്പ് യോജിക്കുന്നു. അവരുടെ സമ്പ്രദായങ്ങൾ കൊണ്ട് ദൈവകൽപനകളെ ദുർബ്ബലമാക്കിയതും വിലക്കുകളിൽ ഉൾപ്പെട്ടിരുന്നു (മർ. 7:7, 8). അവരുടെ പാരമ്പര്യത്തിൽ, ശുദ്ധീകരണം, ഭക്ഷണ വിലക്കുകൾ എന്നിവ അടങ്ങിയിരുന്നു, അവ അവർ സ്വീക

രിക്കുകയും മറ്റുള്ളവരിൽ അടിച്ചേൽപിക്കുകയും ചെയ്തിരുന്നു, അത്തരം പരിശീലനങ്ങൾ തങ്ങളുടെ ഭക്തിയെ ഉയർത്തുമെന്നാണ് അവർ വിചാരിച്ചിരുന്നത്. അത്തരം ഭൗതിക വിലക്കുകൾക്ക് ആത്മിയമായി ഒരു ബന്ധവുമില്ല എന്നാണ് യേശു പറഞ്ഞത്:

> "ഇങ്ങനെ നിങ്ങളും ബോധമില്ലാത്തവരോ? പുറത്തുനിന്നു മനുഷ്യന്റെ അകത്തു ചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധമാക്കുവാൻ കഴിയുകയില്ല എന്നു തിരിച്ചറിയുന്നില്ലയോ?" ... "മനുഷ്യനിൽനിന്നു പറപ്പെടുന്നതത്ര മനുഷ്യനെ അശുദ്ധമാക്കുന്നത്" (മർ. 7:18–20).

മറ്റൊരുഭാഗത്ത് പൗലൊസ് ഊന്നി പറഞ്ഞത്, ദൈവരാജ്യം ആത്മിയമാണ്, "അത് ഭക്ഷണവും പാനിയവും അല്ല" (റോമ. 14:17). "ദൈവം വയറിനേയും ഭോജ്യങ്ങളെയും ഇല്ലായ്മയാക്കും" (1 കൊ. 6:13).

സ്വയം-ത്യജിക്കൽ അതിൽ തന്നെ യാതൊരു ആത്മിയ വിലയുമില്ല എന്ന ഉത്തരമാണ് പൗലൊസ് ഇവിടെ ശരീരത്തെ ഉപേക്ഷയായി വിചാരിക്കുന്നവർക്ക് നൽകുന്നത്. ക്രിസ്തീയ ജീവിതം നയിക്കേണ്ടത് ദൈവത്തിന്റെ ആത്മികമായ കാര്യങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം; അവർ വിചാരിക്കുന്നതുപോലെ, നശിച്ചുപോകുന്ന വസ്തുക്കളുടെ അടിസ്ഥാനത്തിന്മേലല്ല ആത്മിയത ഉത്ഭവിക്കുന്നത്. ഭൗതിക ജീവിതത്തിനു ചില കാര്യങ്ങൾ ആവശ്യമാണ്, പക്ഷെ ക്രിസ്ത്യാനികളുടെ ഭക്തിക്ക് അവ അവശ്യമായ ഘടകങ്ങളല്ല. ഭൗതിക കാഴ്ച്ചപ്പാടുള്ള ജീവിതം ആത്മിയതക്കു തടസമാണ്. യേശു പറഞ്ഞു, "രണ്ട് യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴിയുകയില്ല" (മത്താ. 6:24).

### "മാനുഷ കൽപനകൾക്കും ഉപദേശങ്ങൾക്കും അനുസരണമായുള്ളത്" (2:22)

പൗലൊസ് മുൻപ് പറഞ്ഞ ചട്ടങ്ങളെ പിൻപറ്റരുതെന്നതിന് രണ്ടാമത്തെ കാരണം നൽകുന്നതാണ് ഈ പ്രയോഗം: അത്തരം നിയമാവലികൾ അനുസരിക്കരുത് കാരണം അവ മനുഷ്യരിൽനിന്നുണ്ടായതാണ്, അവയുടെ ഏക ഉറവിടം മനുഷ്യർ മാത്രമാണ്. ബൈബിളിലെ മറ്റു വാക്കുകൾ പോലെയാണ് **മനുഷ്യരുടെ കൽപനകളും ഉപദേശങ്ങളും** എന്ന പ്രയോഗം. മത്തായി 15:9; മർക്കൊസ് 7:7-ൽ, ദൈവകൽപനകളോട് മാനുഷ കൽപനകളും സമ്പ്രദായങ്ങളും കൂട്ടിച്ചേർത്ത് യെഹൂദന്മാരോട് യെശയ്യാവ് 29:13 ഉദ്ധരിച്ചു പറഞ്ഞു. അവർ ദൈവത്തിന്റെ കൽപനകൾ അനുസരിക്കുന്നതിനു പകരം, അവയെ അവഗണിച്ച് അവരുടെ സ്വന്ത സമ്പ്രദായങ്ങളെയാണ് പിൻതുടർന്നത് (മർ. 7:8). ഇങ്ങനെ അവർ ദൈവനിയമങ്ങളെ ദുർബ്ബലമാക്കി (മർ. 7:13).

ചില യെഹൂദന്മാരുടെ സന്യാസപരിശീലനമോ അല്ലെങ്കിൽ എസ്സെനെസ്കാരുടെ ജീവിതശൈലിയെയോ ആയിരിക്കാം പൗലൊസ് പറഞ്ഞത് എന്നാണ് ചിലർ കരുതുന്നത്, അവർ വിവാഹം കഴിക്കുകയില്ല എന്ന് ആളുകളെകൊണ്ട് പ്രതിജ്ഞ എടുപ്പിക്കുകയും, ചില ഭക്ഷണപദാർത്ഥങ്ങൾ വിലക്കുകയും ചെയ്തിരുന്നു. അത് ശരിയായിരിക്കുവാൻ സാധ്യതയുണ്ട്, കാരണം ആ രണ്ടുകൂട്ടരും തങ്ങളുടെ അനുയായികളിൽ ആഹാരനിയമങ്ങൾ അടിച്ചേൽപിച്ചിരുന്നു. എങ്ങനെയായാലും, ആർക്കും തീർച്ചയില്ല.

"മനുഷ്യർ" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *ആന്ത്രോപോയി*

എന്നാണ്, അർത്ഥം, "മനുഷ്യവർഗം" എന്നാണ്. അതിൽ സ്ത്രീകളും പുരുഷന്മാരും ഉൾപ്പെടും. *ആനെർ* എന്ന ഗ്രീക്ക് വാക്ക് പറയുന്നത് പുരുഷൻ അഥവാ ഭർത്താവ് എന്നാണ്, കൊലൊസ്യ ലേഖനത്തിൽ അത് രണ്ടു പ്രാവശ്യം മാത്രമാണ് കാണുന്നത്, അവിടെ തർജിമ ചെയ്തിരിക്കുന്നത് "ഭർത്താക്കന്മാർ" എന്നാണ് (3:18, 19). സ്ത്രീകളുടേയും പുരുഷന്മാരുടേയും സ്വാധീനം മൂലമാണ് മനുഷ്യരുടെ ഉപദേശങ്ങളും കൽപനകളും ഉണ്ടായത്. സമൂഹത്തിന്റെ നിലവാരം അനുസരിച്ചല്ല ക്രിസ്ത്യാനികൾ ജീവിക്കേണ്ടത്. നമുക്ക് ഇപ്പോൾ ഒരു നിയമദാതാവ് മാത്രമാണുള്ളത്, യേശു ആണ് (യാക്കൊ. 4:12), അവന് സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും ഉണ്ട് (മത്താ. 28:18), തന്നെ അനുസരിക്കുന്നവർക്ക് അവൻ നിത്യരക്ഷ നൽകും (എബ്രാ. 5:9).

പൗലൊസ് കൊലൊസ്യർക്ക് നൽകിയ നിർദ്ദേശങ്ങൾക്ക് ഇപ്പോൾ വർത്തമാന-കാല പ്രായോഗികതയുണ്ട്. അവിടെയും ഇവിടെയും കാണുന്നത് ആരാധനയിലേക്ക് കൊണ്ടുവരുവാനുള്ള ഒരു പ്രവണത ചിലരിൽ കാണുവാൻ സാധ്യതയുണ്ട്. "പിതാവിനെ സത്യത്തിലും ആത്മാവിലും നമസ്ക്കരിക്കണം" എന്നാണ് യേശു പറഞ്ഞത് (യോഹ. 4:23, 24). മാത്രമല്ല, താൻ കൽപിച്ചത് "ഒക്കെയും പ്രമാണിപ്പാൻ" തക്കവണ്ണം എല്ലാവരേയും ശിഷ്യരാക്കിക്കൊൾവിൻ എന്നും അവൻ പറഞ്ഞു (മത്താ. 28:20). പ്രാരംഭ സഭ "അപ്പൊസ്തലന്മാരുടെ ഉപദേശത്തിലായിരുന്നു" തുടർന്നു വന്നത് (പ്രവൃ. 2:42).

ക്രിസ്ത്യാനികൾ യേശുവിനെ-മാത്രമാണ് അനുഗമിക്കേണ്ടത് എന്ന ഊന്നലാണ് അദ്ധ്യായം 2 നൽകുന്നത്. പരിജ്ഞാനത്തിന്റേയും വിവേകത്തിന്റേയും സകല നിക്ഷേപങ്ങളും അവനിലാണ് ഉള്ളത് (വാ. 3). ക്രിസ്ത്യാനികളായ നാം അവനിൽ നടക്കണം (വാ. 6) അവനിൽ വളരണം (വാ. 7); നാം ലോകത്തിന്റെ ആദ്യപാഠങ്ങളും തത്വങ്ങളും അനുസരിക്കരുത് (വാ. 8). നീങ്ങപ്പെട്ട ചട്ടങ്ങൾ അനുസരിക്കുകയോ അങ്ങനെ ആരും നമ്മെ വിധിക്കുവാനോ അനുവദിക്കരുത് (വാ. 14, 16). യേശുവിനെ പിടിക്കാതെ തെറ്റായ ആരാധന സ്വീകരിച്ച് നമ്മുടെ വിരുത് തെറ്റിക്കാതെ നാം സൂക്ഷിക്കണം (വാ. 18), നാം മനുഷ്യരുടെ ഉപദേശങ്ങളെയും കൽപനകളെയും വർജിക്കുകയും വേണം (വാ. 22).

### "അത് ഒക്കെയും, ജ്ഞാനത്തിന്റെ പേരു മാത്രമുള്ളത്" (2:23)

ചിലർ ആ വാചകത്തെ ഘടന മാറ്റി ഉപയോഗിക്കുവാൻ ശ്രമിച്ചിട്ട്, ക്ലേശകരമായ വിശദീകരണം നൽകിയിരിക്കുന്നു; എന്നാൽ ഈ കാര്യത്തിൽ എൻഎഎസ്ബി ആണ് ഏറ്റവും നല്ല തർജിമ നൽകിയിരിക്കുന്നത്.

സ്പഷ്ടമായും, സ്വീകാര്യമല്ലാത്ത എല്ലാ മാനുഷ കൽപനകളും പൗലൊസിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. **അത്** എന്ന വാക്ക്, മൗൾ ശരിയായി നിരീക്ഷിച്ചു, "കൂടുതൽ സൂക്ഷ്മമായി ആ വാക്കിനെ പറയുകയാണെങ്കിൽ, *അതു-പോലെ* [അവ്വണ്ണമുള്ള] *കാര്യങ്ങൾ* എന്നെടുക്കാം; മുകളിൽ, വാക്യം 21-ൽ പറഞ്ഞിരിക്കുന്നതും, അതേ തത്വത്തിൽ വരുന്ന മറ്റു കാര്യങ്ങളും ഉൾപ്പെടും."[18] ആ ലിസ്റ്റിൽ പറഞ്ഞിരിക്കുന്നതുപോലെയുള്ള ഒരു തത്വവും ക്രിസ്ത്യാനികൾ അനുസരിക്കേണ്ടതില്ല. അസ്വീകാര്യമായ ജഡത്തിന്റെ പ്രവൃത്തികളെ കുറിച്ചു മറ്റൊരു ഭാഗത്ത് പൗലൊസ് പറയുമ്പോൾ, "ഈ വക" എന്നു ചേർത്തു പറഞ്ഞിരിക്കുന്നതു (ഗലാ. 5:21) വ്യക്തമാക്കുന്നത്, ലിസ്റ്റ്

അപൂർണ്ണമാണെന്നും ജഡത്തിന്റെ മറ്റു പ്രവൃത്തികളെ ഇങ്ങനെ വേർതിരിച്ച് കാണുവാൻ സാധിക്കുമെന്നുമാണ്.

**പ്രത്യക്ഷത** തർജിമ ചെയ്തിരിക്കുന്നത് *ലോഗോസിൽ* നിന്നാണ്, അത് സാധാരണ തർജിമ ചെയ്തിരിക്കുന്നത് "വചനം" ആയിട്ടാണ്. ഇവിടെ, ആശയം, *യാഥാർത്ഥ്യത്തിൽ*നിന്നു വ്യത്യസ്തമായി ജ്ഞാനത്തിന്റെ "പ്രത്യക്ഷത," "പ്രതിനിധീകരണം," "പ്രകടനം" എന്നാണ്. ലോക കാഴ്ച്ചപ്പാടനുസരിച്ച്, മനുഷ്യരുടെ കൽപനകളും ഉപദേശങ്ങളും ബുദ്ധിപരമാണ്, കാരണം അത് ആത്മിയതക്ക് ആത്മ-വിശ്വാസം ജനിപ്പിക്കുന്നു എന്നാണ് അവരുടെ നിഗമനം. എങ്ങനെയായാലും, അത്തരം സ്വയം-ത്യജിക്കൽ തിന്മയെ ഒഴിവാക്കുവാൻ സഹായിക്കുമെന്നോ വിശുദ്ധി വളർത്തുവാൻ ഉതകുമെന്നോ യാതൊരു ഉറപ്പുമില്ല. വാസ്തവത്തിൽ, ഒരാൾ നിഷേധമായ പലതും ഒഴിവാക്കിയതുകൊണ്ട്, അയാൾ ക്രിയാത്മകമായി നല്ല ജീവിതം നയിക്കുമെന്ന് ഉറപ്പില്ല. ഒരാൾ മോഷ്ടിക്കാതെയും, ഭോഷ്ക്ക് പറയാതെയും, വ്യഭിചാരവും കുലയും ചെയ്യാതെ ജീവിച്ചേക്കാം-അതിനാൽ അയാൾ അയൽക്കാരന്റെ ആവശ്യം നിറവേറ്റി ദൈവവുമായി നല്ല ബന്ധം പുലർത്തുമെന്ന് അർത്ഥമാകുന്നില്ല. ഭൗതികമായ പെരുമാറ്റ നിയന്ത്രണ നിയമത്തേക്കാളുപരി, ദൈവഭക്തി വളർത്തുവാൻ മറ്റു പല കാര്യങ്ങളും ആവശ്യമാണ്.

നിയമങ്ങൾ സമൂഹത്തെ നിയന്ത്രിക്കുകയാണെങ്കിൽ, പിന്നെ സാമൂഹ്യ സമ്മർദ്ദമോ പൊലീസ് സേനയോ ആവശ്യമുണ്ടായിരിക്കുകയില്ല. ഒരു സമൂഹത്തിന് ഏതു സാധ്യമായ സാഹചര്യങ്ങളെയും അതിജീവിക്കുവാൻ നിയമം മാത്രമാണ് ആവശ്യമെങ്കിൽ, അത് ഉപദ്രവകരമാകുവാൻ സാധ്യതയുണ്ട്; അപ്പോൾ കുറ്റകൃത്യങ്ങൾ സംഭവിക്കുകയില്ല. നിയമങ്ങൾ പ്രാധാന്യമുള്ളവയാണ്, എന്നാൽ നിയമത്തേക്കാളുപരി, ആത്മ-നിയന്ത്രണവും, സമൂഹത്തിൽ സ്വസ്ഥതയും, യോജിപ്പും ആവശ്യമാണ്.

### "സ്വേ-ഛാരാധനയിലും, താഴ്മയിലും, ശരീരത്തിന്റെ-ഉപേക്ഷയിലും രസിക്കൽ" (2:23)

സ്വയം-ചെലുത്തപ്പെട്ട മൂന്നു മാനുഷ പരിശീലനങ്ങളെ കുറിച്ച് പൗലൊസ് പറയുന്നു: (1) **സ്വേ-ഛാരാധന**, (2) **താഴ്മ-യിൽ**, (3) **ശരീരത്തെ ഉപേക്ഷിക്കൽ**. "സ്വേ-ഛാരാധന" ക്ക് ഉപയോഗിച്ചിരിക്കുന്ന വാക്ക് (*എതെലോത്രെസ്കിയ*) ടിഇൗവിയിൽ തർജിമ ചെയ്തിരിക്കുന്നത് "ദൂതന്മാരെ ആരാധിക്കൽ" എന്നാണ്; സ്ക്വീസറിന്റെ തർജിമയിലും ഇതാണ്.[19] വാക്യം 18 ൽ പറഞ്ഞിരിക്കുന്നതുപോലെ, അത് ദൂതന്മാരെ ആരാധിക്കുന്നതിനെയാണ് പറഞ്ഞിരിക്കുന്നതെന്ന് ചിലർ കരുതുന്നു. ആ വാക്കിന്റെ ഉത്ഭവത്തെ കുറിച്ച് അറിയില്ല, പൗലൊസ് ആ വാക്ക് ഉപയോഗിക്കുന്നതിനുമുൻപ് സാഹിത്യത്തിൽ ആ വാക്ക് ഉപയോഗിച്ചിരുന്നില്ല. അതുകൊണ്ട്, അവൻ പറയുന്നത് ആ അർത്ഥത്തിലാണെന്ന് ചിലർ തീർച്ചപ്പെടുത്തുന്നു. പുതിയനിയമത്തിൽ ആ വാക്ക് ഇവിടെ മാത്രം കാണുന്നതിനാൽ, അതിന്റെ അർത്ഥം മനസിലാക്കുവാൻ, നാം മറ്റു രേഖകൾ പരിശോധിക്കണം. "മതം" എന്നു തർജിമ ചെയ്തിരിക്കുന്ന നാമം ആയ ത്രെസ്കെയിയാ എന്ന വാക്കുൾപ്പെടെയുള്ള ഒരു സംയുക്തവാക്കാണ് അത് (യാക്കൊ. 1:26, 27). ആരാധനയുമായുള്ള ബന്ധത്തിൽ, *യെതെലോത്രെസ്കിയ*യുടെ അർത്ഥം, ആത്മിയമായ അനുഗ്രഹങ്ങൾക്ക് മനുഷ്യരെ യോഗ്യമാക്കുന്ന ആരാധനയെയാണ് സൂചിപ്പിക്കുന്നത്, അല്ലാതെ താഴ്മയോ

ടെ, ആത്മാർത്ഥമായ സമർപ്പണാരാധനയെ അല്ല.

സ്വയം-ത്യജിക്കലുമായി ബന്ധപ്പെട്ട കഠിനമായ ഉപവാസം അടക്കമുള്ള അർത്ഥത്തിലാണ് രണ്ടു വേദഭാഗങ്ങളും ഉപയോഗിച്ചിരിക്കുന്നത്. ഓബ്രിയെൻ പറഞ്ഞു, "ഇതുപോലെയുള്ള സന്യാസ പരിശീലനം 'മാനുഷ നയമാണ്' അത് സ്വർഗീയ ദർശനങ്ങളും മർമ്മങ്ങളും ലഭിക്കുവാൻ ഫലപ്രദമാണെന്ന് അവർ കരുതുന്നു."[20] ശരീരത്തെ ഏറ്റവും അധികം തരംതാഴ്ത്തുന്നവരാണ് മിക്ക മതപരമായ ആളുകളുമെന്നായിരിക്കാം ചിലരുടെ ധാരണ.

ശരീരത്തെ "കഠിനമായി" (*അഫെയിഡിയ*, അക്ഷരികമായി, ശരീരത്തിന്റെ "നിർദ്ദയമായ" ഉപയോഗം) ദണ്ഡിപ്പിക്കൽ സന്യാസിമാർ സ്വീകരിച്ചിരുന്ന ഉയർന്ന ഊഷ്മള വികാരമായിരുന്നു. കഠിനമായ ശാരീരിക ദണ്ഡനമായ അച്ചടക്കം മൂലം മതപരമായ വികാരം ജ്വലിപ്പിക്കാമെന്നായിരുന്നു അവരുടെ ധാരണ. ആത്മാവിന്റെ തടവറയായിട്ടാണ് ശരീരത്തെ അവർ കണക്കാക്കിയിരുന്നത്, അതിന്റെ ദുഃഖങ്ങൾ അകറ്റുവാനായി പലതും ത്യജിക്കണമെന്നാണ് അവരുടെ പക്ഷം. ശരീരത്തെ കഠിനമായ വിധത്തിൽ അച്ചടക്കം വരുത്തിയാൽ ശരീരത്തെയും ആത്മാവിനേയും യോജിപ്പിക്കുവാൻ കഴിയും എന്നായിരുന്നു അവരുടെ ചിന്ത. ജഡത്തിന്റെ ഇഛകളെ അങ്ങനെ ക്ഷയിപ്പിച്ച്, ആത്മാവിനെ ശരീരത്തിൽനിന്നു മോചിപ്പിക്കുവാൻ കഴിയും എന്നാണ് അവർ കരുതിയത്. തിമൊഥെയൊസിനു ലേഖനം എഴുതുമ്പോഴും പൗലൊസ് ഇതേ ആശയം വ്യക്തമാക്കി, ചില "ഭക്ഷണപദാർത്ഥങ്ങൾ വർജിക്കുകയും വിവാഹം വിലക്കുകയും ചെയ്യും" (1 തിമൊ. 4:3).

ശരീരത്തെ ദണ്ഡിപ്പിച്ച് ബാലിന്റെ ശ്രദ്ധയെ ആകർഷിക്കാമെന്നും, അങ്ങനെ അവൻ സഹായത്തിനായുള്ള അവരുടെ അപേക്ഷ കേൾക്കുകയും ചെയ്യും എന്നായിരുന്നു വിഗ്രഹാരാധികളായിരുന്ന ബാലിന്റെ പുരോഹിതന്മാർ കരുതിയത് (1 രാജാ. 18:26-28). ചില മതവിഭാഗങ്ങൾ ഇന്ന്, ദൈവഭക്തിയും, നന്മയും, അനുഗ്രഹങ്ങളും ലഭിക്കുവാൻ ശാരീരികമായ പീഢനം ആവശ്യമാണെന്ന് കരുതുന്നു.

ശാരീരികമായി കഠിന പരിശീലനങ്ങൾ നടത്തുന്നവർ ദൈവത്തിൽനിന്നു അത്യധികം അനുഗ്രഹങ്ങൾ പ്രാപിക്കുവാനും ആവശ്യങ്ങൾ നിറവേറ്റുവാനുമാണ് ശ്രമിക്കുന്നത്. ഉയർന്ന വിശുദ്ധി കൈവരിക്കുന്നതിനു പകരം, അത്തരം അമിതമായ ആവശ്യങ്ങളോടൊപ്പം ദൈവത്തിൽ നിന്നു യോഗ്യത നേടുവാൻ ശ്രമിക്കുന്നു എന്ന പോരായ്മയാണ് ഉള്ളത്, അത് അഹങ്കാരം ജനിപ്പിക്കുന്ന മനോഭാവമാണ്. അത്തരം ചിന്ത വരുമ്പോൾ, അത്തരം പരിശീലനം വിജയകരമായി പ്രമാണിക്കുമ്പോൾ, "ഞാൻ നിന്നേക്കാൾ വിശുദ്ധനാണ്" എന്ന മനോഭാവമാണുണ്ടാകുന്നത്.

### "എന്നാൽ അവ ശരീരത്തിന്റെ ഉപേക്ഷയിൽ രസിക്കുന്നവരുടേതാണ്" (2:23)

ആ പ്രയോഗത്തെ പണ്ഡിതന്മാർ മൂന്നു വിധത്തിലാണ് മനസിലാക്കിയിരിക്കുന്നത്:

(1) *ആ നിയമങ്ങൾക്ക് ഒരു വിലയുമില്ല, ജഡിക ഇഛ തൃപ്തിപ്പെടുത്തുവാൻ മാത്രമുള്ളതാണ്*. ആ വ്യാഖ്യാനം ശാരീരിക തൃപ്തിക്കായി **ജഡിക ഇഛയെ** ഉപയോഗിക്കുന്നു എന്നതാണ്. ആ ചിന്തയനുസരിച്ച്, ആ നിയമങ്ങൾ പ്രമാണിക്കുന്നവർക്ക് ജഡികമായി ആസ്വദിക്കുവാൻ കഴിയുകയില്ല എന്നാണ്

പൗലൊസ് അർത്ഥമാക്കിയത്.

(2) *ആ നിയമങ്ങളെ അനുസരിച്ച് ജീവിക്കുന്നവർക്ക് ജഡിക തൃപ്തി വരുത്തുമെങ്കിലും, ആ പരിശീലനം അവരെ കൂടുതൽ ആത്മിയരാക്കുകയി ല്ല.* പ്രോസ് ("എതിരായി") എന്ന വാക്കിൽനിന്നാണ് അവർ ആ വീക്ഷണം എടുത്തിരിക്കുന്നത്. അതിന്റെ അർത്ഥം കൂടുതലായും "ലേക്ക്" എന്നാണ്. ഓബ്രിയെൻ വിശദീകരിച്ചു,

> അവരുടെ *പ്രോസ്* പരിശ്രമങ്ങളെല്ലാം ലക്ഷ്യമിടുന്നത്-കർശന നിയന്ത്ര ണങ്ങൾ പാലിക്കുക എന്നതാണ്. വാഴ്ച്ചകളെയും അധികാരങ്ങളെയും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നത്-തൃപ്തിക്കാണ്. എന്നാൽ അതെല്ലാം തൃപ്തിപ്പെടുത്തുന്നത് "ജഡത്തെ" (*ടെസ് സർകോ സ്*) ആണ്. അവരുടെ ഊർജ്ജസ്വലമായ മതപരമായ പരിശ്രമങ്ങൾക്ക് ശരീരത്തെ പരിശോധിക്കുവാൻ കഴിയുകയില്ല. സംഭവിക്കുന്നത് അതി നെതിരാണ്. ആ മനുഷ-നിർമ്മിത നിയമങ്ങളെല്ലാം ജഡത്തിനുവേണ്ടി യുള്ളതാണ്.[21]

ആ കാഴ്ച്ചപ്പാടിനെ പിന്താങ്ങുവാനായി പ്രോസ് "ലേക്ക്" എന്ന തർജിമ ചെയ്തു കെജെവിയിലേതുപോലെ പറഞ്ഞിരിക്കുന്നു, "ജഡത്തെ തൃപ്തി പ്പെടുത്തുന്ന ആദരവിലല്ല" ആർഎസ്‌വിയിൽ, "ജഡത്തെ തൃപ്തിപ്പെടുത്തു ന്നവർക്ക് പരിശോധിക്കുവാൻ വിലയില്ലാത്തതാണ്," കുറിപ്പിൽ "ജഡത്തെ രസിപ്പിക്കുവാനല്ലാതെ മറ്റു വിലയില്ല." അതായിരിക്കണം പൗലൊസ് അർത്ഥ മാക്കിയത്.

(3) *ഭൗതികമായ ഇഛകളെ നിയന്ത്രിക്കുവാൻ ആ നിയമങ്ങൾക്ക് കഴി വില്ല. ശരീരത്തെ കഠിനമായി ദണ്ഡിപ്പിക്കുന്നവയാണ് മാനുഷനിയമങ്ങൾ,* എന്നാൽ അവയ്ക്കൊന്നിനും ജഡിക ഇഛകൾ തടയുവാൻ സാധ്യമല്ല. മനു ഷ്യരുടെ നിയമങ്ങളായ, സ്വേഛാരാധന, താഴ്മ, ശരീരത്തെ ഉപേക്ഷിക്കൽ എന്നിവ ശാരീരിക ഇഛകളെ അമർത്തുവാൻ സഹായകരമല്ല എന്നായിരിക്കാം പൗലൊസ് അർത്ഥമാക്കിയത്.

ആദ്യത്തെ വിശദീകരണം തള്ളിക്കളയാം കാരണം, അത് "ശരീരത്തെ ദണ്ഡിപ്പിക്കൽ" ആണ്. അത് ഒരിക്കലും ശരീരത്തെ തൃപ്തിപ്പെടുത്തുകയില്ല എന്നു പറയാം. പൗലൊസ് പറയുന്നത് ശരീരത്തെ കുറിച്ചു മാത്രമല്ല, ജഡിക മായ ഇഛകളെയും-മനുഷ്യന്റെ ചിന്തയിൽനിന്നും ഉരുത്തിരിഞ്ഞു വരുന്നത്. ചില രീതിയിൽ നോക്കിയാൽ രണ്ടാമത്തെ വിശദീകരണം ശ്ലാഘനീയമാണ്, പൗലൊസ് അർത്ഥമാക്കിയത് അതുമായിരിക്കയില്ല. സന്ദർഭത്തോട് യോജി ക്കുന്ന വിശദീകരണം മൂന്നാമത്തേതാണ്.

*പ്ലെസ്മോനേ* എന്ന വാക്ക് ("രസിക്കൽ") പുതിയനിയമത്തിൽ ഇവിടെ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്, അത് LXX ൽ ഇരുപത്തി-എട്ടു പ്രാ വശ്യം കാണാം. അർത്ഥമാക്കുന്നത് "നന്ദി" അല്ലെങ്കിൽ "തൃപ്തിയിൽ" "നി റവ്" എന്നാണ്. കൂടാതെ പൂർണ്ണമായ ഉൾപ്പെടൽ, രസിക്കൽ എന്ന അർത്ഥ ത്തിലും കാണാം.

വാക്യം 20-ൽ പറഞ്ഞ നിയമങ്ങൾക്ക് ജഡികമായ ഇഛകളെ തടയുവാൻ കഴിയുകയില്ല. സ്വേഛാരാധനയാലും, താഴ്മയിലും, ശരീരത്തെ ഉപേക്ഷിക്കു ന്നതിനാലും, ജഡത്തെ നിയന്ത്രിക്കുവാൻ സാധ്യമല്ല എന്നാണ് പൗലൊസ്

പറഞ്ഞത്. ജഡിക ഇച്ഛയോട് പോരാടുവാൻ ശ്രമിക്കുന്നവർ ശരീരത്തെ ദണ്ഡിപ്പിച്ചാൽ, വിശുദ്ധിയോ, നിർമ്മലതയോ ലഭിക്കുകയില്ല, അതുകൊണ്ട് ദൈവത്തോട് അടുക്കുവാനും കഴിയുകയില്ല.

ശരീരാഭ്യാസം അൽപം പ്രയോജനമുള്ളതാണ്, എന്നാൽ ദൈവഭക്തിയോ വളരെ പ്രയോജനമുള്ളതുമാണ് (1 തിമൊ. 4:8). ദൈവഭക്തിയുള്ള ജീവിതം വരുന്നത് ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നതിന്റെ ഫലമായിട്ടാണ് (ഗലാ. 5:22, 23), അതുമൂലമാണ് ക്രിസ്ത്യാനിക്ക് ആത്മിയ ശക്തിയും (എഫെ. 3:16) ലോകത്തെ അതിജീവിക്കുവാനുള്ള ശക്തിയും ലഭിക്കുന്നത് (1 യോഹ. 4:4). ആളുകൾക്ക് അവരുടെ ജഡാഭിലാഷങ്ങൾ നിയന്ത്രിക്കുവാൻ വെറും നിയമങ്ങൾ മാത്രം പോരാ. “നിങ്ങൾ ജഡത്തെ അനുസരിച്ചു ജീവിക്കുന്നു എങ്കിൽ മരിക്കും നിശ്ചയം; ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നു എങ്കിലോ നിങ്ങൾ ജീവിക്കും” (റോമ. 8:13).

ക്രിസ്ത്യാനികൾ ആത്മാവിന്റെ പുതുക്കത്തിലാണ് സേവിക്കുന്നത് (അല്ലെങ്കിൽ “ആത്മാവിൽ”), അക്ഷരത്തിന്റെ പഴക്കത്തിലല്ല (റോമ. 2:29; 7:6; 2 കൊ. 3:6). ന്യായപ്രമാണവും അതിന്റെ നിയമാവലികളും ശാരീരിക ഇച്ഛകളകറ്റുവാൻ പര്യാപ്തമായിരുന്നില്ല (റോമ. 8:3), മറിച്ച് അത് ജഡിക ഇച്ഛകളെ ഉണർത്തുകയായിരുന്നു ചെയ്തത് (റോമ. 7:8). ജഡിക ഇച്ഛ കൾക്കായി മനസിനെ തിരിക്കുന്നവർക്ക് തങ്ങളുടെ മോഹങ്ങളെ നിയന്ത്രി ക്കുവാൻ കഴിയാതെ വരുന്നു (റോമ. 8:7). ഹൃദയങ്ങളെ നിയന്ത്രിക്കുവാനോ ആത്മാവിന്റെ സ്വാധീനത്തിലാകുവാനോ മതിയായതല്ല മനുഷ്യ-നിർമ്മിത നി യമങ്ങൾ. ആത്മിയ വളർച്ചക്ക് ആത്മാവിനെ പോഷിപ്പിക്കുകയാണ്, അല്ലാതെ പട്ടിണിക്കിടുകയല്ല വേണ്ടത് (1 പത്രൊ. 2:2).

ശരീരത്തെ ദണ്ഡിപ്പിക്കുന്നതോ, ഉപേക്ഷയായി വിചാരിക്കുന്നതോ അല്ല വിശുദ്ധിക്ക് അടിസ്ഥാനം; ദൈവഭക്തി വളർത്തിയെടുക്കുവാനുള്ള മാർഗ്ഗവും അതല്ല. ഉപവാസത്തിന് ഒരു ഉദ്ദേശം ഉണ്ട്, താൽക്കാലികമായി സമൂഹത്തിൽനി ന്നു വിട്ടുനിൽക്കലാണ്. ഒരാളുടെ ജീവിതത്തിൽനിന്നു ദോഷം അകറ്റുന്നത് പ്രാധാന്യമുള്ള കാര്യമാണ്, എന്നാൽ ഒരാളുടെ ജീവിതത്തിൽ ആത്മികമായ കാര്യങ്ങൾ കൊണ്ടു നിറക്കുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആരു ടേയും ജീവിതം ശൂന്യമായിരിക്കുവാൻ സാധ്യതയില്ല. യേശുവിനെ ഒരാളുടെ ജീവിതത്തിൽ നിറച്ചാൽ മാത്രമെ ദോഷം അയാളിൽനിന്നു മാറുകയുള്ളു.

ന്യായപ്രമാണത്തിൽനിന്നും, കുറ്റത്തിൽനിന്നും, പാപത്തിനുള്ള ശിക്ഷ യിൽനിന്നുമാണ് യേശു കൊലൊസ്യരെ വിടുവിച്ചത്. സ്നാനത്തിൽ അവർ അവനോടുകൂടെ മരിച്ചപ്പോൾ, സകല മതപരമായ ചട്ടങ്ങളും തത്വജ്ഞാന ങ്ങളും അവർ മരിപ്പിച്ചു. അവരെ ഏതിൽനിന്നെല്ലാമാണോ മോചിപ്പിച്ചത്, അതി ലേക്ക് അവർ തിരിച്ചുപോകുവാൻ പൗലൊസ് ആഗ്രഹിച്ചില്ല. അവർ അങ്ങനെ പോയാൽ യേശുവിന് അവരുടെ ജീവിതത്തിൽ സ്ഥാനം ഉണ്ടായിരിക്കുകയില്ല.

മാനുഷിക വിവേചനത്താലും സ്വന്ത-നിയമാവലികളാലും ജീവിതം പണി യുന്നവർ സ്വയ-വ്യാമോഹവും നിഗളവും നിറഞ്ഞവരായി തീരും. കൊലൊ സ്യർ അഭക്തിയും, അധർമ്മവും, ലോകത്തിന്റെ ആദ്യപാഠങ്ങളും തള്ളിക്കള യണമായിരുന്നു. ലൗകിക കാര്യങ്ങളെ വിട്ടുകളഞ്ഞ്, യേശുവിൽ കാണുന്ന ദിവ്യസ്വഭാവം സ്വീകരിച്ച്, ഉയർന്ന ജീവിതനിലവാരം പിന്തുടരുവാനാ ണ് പൗലൊസ് അദ്ധ്യായം 3-ൽ പ്രബോധിപ്പിക്കുന്നത്. ക്രിസ്ത്യാനിക്ക് ഈ ഭൂമിയിൽ വെച്ചും വരുവാനുള്ള ലോകത്തിൽ സ്വർഗം എന്ന പ്രത്യാശയും

ക്രിസ്തുവിൽനിന്നു മാത്രമാണ് ലഭിക്കുന്നത്.

## കൂടുതൽ പഠനത്തിന്

**"നമസ്ക്കാരം"**

പല തരത്തിലുള്ള ഗ്രീക്ക് വാക്കുകളാണ് "നമസ്ക്കാരം" എന്നു തർജിമ ചെയ്തിരിക്കുന്നത്:

1. *ത്രെസ്കെയിയാ*–അർത്ഥം മതപരമായ ആചാരം (യാക്കൊ. 1:26, 27).
2. *പ്രോസ്കുനെയോ*–"നമസ്ക്കാരത്തിന് കുമ്പിടൽ, ആദരവ് കാണിക്കൽ" (മത്താ. 4:10; ലൂക്കൊ. 4:8).
3. *ലാട്രെയുവോ*–"ശുശ്രൂഷിക്കുക" (മത്താ. 4:10; ലൂക്കൊ. 4:8).
4. *എയുസേബെയോ*–"ഉയർന്ന ബഹുമാനവും ആദരവും കാണിക്കൽ" (പ്രവൃ. 17:23).
5. *തെരാപെയിവോ*–"സേവിക്കുകയും ആദരവ് കാണിക്കുകയും ചെയ്യുക" (പ്രവൃ. 17:25). പുതിയനിയമത്തിൽ മിക്കവാറും, ആ വാക്കിന്റെ അർത്ഥം "സൗഖ്യമാക്കുക, യഥാസ്ഥാനമാക്കുക" എന്നാണ് (മത്താ. 4:24; 8:7).
6. *സെബാസോമായി*–"നമസ്ക്കരിക്കുക" (റോമ. 1:25, പുതിയനിയമത്തിൽ ഇവിടെ മാത്രമാണ് അത് ഉള്ളത്).
7. സെബോ–"ആരാധനയിൽ ആഘോഷപരമായ ചടങ്ങുകൾ" (മത്താ. 15:9; പ്രവൃ. 18:13).

മുകളിൽ പറഞ്ഞ ഗ്രീക്ക് വാക്കുകളിൽ, ഇംഗ്ലീഷ് വാക്ക് "വർഷിപ്പ്" എന്നതുമായി അടുത്തിരിക്കുന്നത് *പ്രോസ്കുനെയോ* എന്ന വാക്കാണ്; അക്ഷരികമായി അതിന്റെ അർത്ഥം, "ചുംബിക്കുവാനായി" എന്നാണ്. ഉയർന്ന വ്യക്തിയോടുള്ള ആരാധനക്കുള്ള കുമ്പിടലിനെയാണ് അത് സൂചിപ്പിക്കുന്നത് (യോഹ. 4:24). നമസ്ക്കാരത്തേക്കാൾ വിശാലമായ അർത്ഥമാണ് ലാട്രെയുവോ നൽകുന്നത്, അത് വണക്കമായി മാത്രം ചുരുക്കുന്നില്ല. ദൈവത്തെ ആയാലും, മറ്റാരെയായാലും സേവിക്കുന്നതിനെ അർത്ഥമാക്കുവാൻ ഉപയോഗിക്കുന്നതാണ് (ലൂക്കൊ. 1:74) അല്ലെങ്കിൽ ദൈവം അല്ലാത്തതിനെ ബഹുമാനിക്കുന്നതിനും ഉപയോഗിച്ചിരിക്കുന്നു (പ്രവൃ. 7:42; റോമ. 1:25), അല്ലെങ്കിൽ പൊതുവായ സേവനത്തിനും ആ വാക്ക് പറഞ്ഞിരിക്കുന്നു (എബ്രാ. 8:5; 13:10).

ക്രിസ്ത്യാനി ചെയ്യുന്നതെല്ലാം "നമസ്ക്കാരം" ആയി കണക്കാക്കാവുന്നതല്ല, കാരണം എല്ലാ പ്രയോഗങ്ങളും ദൈവത്തെ ആരാധിക്കുന്നവയല്ല. എല്ലാ *പ്രോസ്കുനെയോ* വും ചെയ്യേണ്ടത് "സത്യത്തിലും ആത്മാവിലും" ആയിരിക്കണം (യോഹ. 4:23, 24). അതുകൊണ്ട്, അത് ദൈവം പരിമിതപ്പെടുത്തിയ ചുറ്റുപാടിൽ തന്നെ ആയിരിക്കണം. *ലാട്രെയുവോ*, ക്രിസ്ത്യാനികൾക്ക് പ്രയോഗിക്കുമ്പോൾ, യേശുവിനോടുള്ള സജീവമായ ഏതു സേവനത്തെയും പറയുന്നു. അത്തരം എല്ലാ പ്രവൃത്തികളും ആരാധനയിൽ പെടുന്നതല്ല. ഒരാൾ ശരീരത്തിന്റെ പ്രവൃത്തികളെ ശരിയായി ശ്രദ്ധിക്കുന്നത് ഒരു വിധത്തിൽ ദൈവത്തെ (*ലാട്രെയോ*) സേവിക്കുന്നതാണ്. അത്തരം സേവനങ്ങൾ നാം നടത്തണമെന്ന് ദൈവം പ്രതീക്ഷിക്കുന്നു, എന്നാൽ അവ ദൈവത്തെ ആരാ

ധിക്കുന്നതല്ല. ശരിയായി ചെയ്യുന്ന ഏതൊരു സേവനവും അവനെ സേവിക്കുന്നതാണ്; എങ്ങനെയായാലും, ആരാധനയിൽ ഉപയോഗിക്കുവാൻ യേശു വെളിപ്പെടുത്തിയതിനപ്പുറമുള്ളതാണെങ്കിൽ, അത് ദൈവത്തെ ശരിയായി ആരാധിക്കുന്നതായിരിക്കുകയില്ല.

## പ്രായോഗികത

**തലയെ മുറുകെ പിടിക്കൽ**

യേശു എന്ന അടിസ്ഥാനത്തിന്മേലാണ് നാം പണിയേണ്ടത് എന്നു പറഞ്ഞശേഷം (1 കൊ. 3:10 നോക്കുക), യേശുവിനെ വിട്ടകന്നു പോകുന്നതിനെതിരായി പൗലൊസ് മുന്നറിയിപ്പുകൾ നൽകുവാൻ തുടങ്ങി, കാരണം അവൻ സകലവും സൃഷ്ടിച്ചവനും എല്ലാവർക്കും മീതെയുള്ളവനുമാണ്. പ്രേരണ ചെലുത്തുന്ന വാദങ്ങളാൽ ആളുകൾ കൊലൊസ്യരെ വഴി തെറ്റിക്കുന്നതിനെതിരായ മുന്നറിയിപ്പുകൾ മുൻഭാഗങ്ങളിൽ അവൻ നൽകിയിരുന്നു (2:4), തത്വജ്ഞാനം, വെറും വഞ്ചന, ലോകത്തിന്റെ ആദ്യപാഠങ്ങൾ എന്നിവ (2:8). യെഹൂദ പരിശീലനങ്ങൾക്കെതിരായി യോഹ. 2:16–23 ൽ നൽകിയിരിക്കുന്നു. യെഹൂദ പരിശീലനങ്ങൾക്കെതിരായും മുന്നറിയിച്ചത് (2:16), സ്വയം-രസിക്കൽ (2:18, 23), ദൂതന്മാരെ ആരാധിക്കൽ (2:18) തലയെ മുറുകെ പിടിക്കാതിരിക്കൽ (2:19), ലൗകികമായ ചട്ടങ്ങൾ (2:20), സ്വേഛാരാധന (2:23) എന്നിവയാണ്.

*യെഹൂദ പരിശീലനങ്ങൾ.* ന്യായപ്രമാണ ചട്ടങ്ങൾ ക്രൂശിൽ തറെച്ചു നീക്കം ചെയ്തു (2:14), അത് ക്രിസ്ത്യാനികളെ ന്യായപ്രമാണത്തിൽനിന്നു സ്വതന്ത്രരാക്കി (ഗലാ. 5:1). ആ കാര്യങ്ങളെ റോമർക്കെഴുതിയ ലേഖനത്തിലും, ഗലാത്യലേഖനത്തിലും, എബ്രായ ലേഖനത്തിലും വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. ന്യായപ്രമാണത്തെ സംബന്ധിച്ച് പൗലൊസ് റോമർക്കെഴുതിയ ലേഖനത്തിൽ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ പഠിപ്പിക്കുന്നു:

1. ന്യായപ്രമാണത്താൽ ഒരു ജഡവും നീതീകരിക്കപ്പെടുന്നില്ല (3:20).
2. ന്യായപ്രമാണം ദൈവത്തിന്റെ നീതി പ്രവർത്തിക്കുന്നില്ല (3:21).
3. വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നതിന്റെ അടിസ്ഥാനത്തിലാണ് അവകാശം ലഭിക്കുന്നത് (4:13).
4. ന്യായപ്രമാണത്താൽ ജനം അവകാശികളാകുന്നില്ല (4:14).
5. ന്യായപ്രമാണം കോപമാണ് കൊണ്ടുവരുന്നത് (4:15).
6. നാം ന്യായപ്രമാണസംബന്ധമായി മരിച്ചിരിക്കുന്നു (7:4).
7. നാം ന്യായപ്രമാണത്തിൽ നിന്നു സ്വതന്ത്രരായി (7:6).
8. ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം (10:4).

ഗലാത്യർക്കെഴുതിയ ലേഖനത്തിൽ, ചിലർ ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ താൽപര്യപ്പെട്ടതിൽ ആകുലപ്പെട്ടതായി പറയുന്നു (ഗലാ. 1:6, 7). ആ ലേഖനത്തിൽ അവൻ പഠിപ്പിച്ചു:

1. ഒരു വ്യക്തി ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുന്നില്ല (2:16).
2. അവൻ, പൗലൊസ്, ന്യായപ്രമാണ സംബന്ധമായി മരിച്ചിരുന്നു (2:19).
3. ന്യായപ്രമാണത്താൽ നീതി വരുമെങ്കിൽ, ക്രിസ്തു മരിച്ചതു

വെറുതെ (2:21).

4. ന്യായപ്രമാണത്തിൻകീഴിലുള്ളവർ ശാപത്തിൻകീഴാകുന്നു (3:10).
5. ക്രിസ്തു വരുന്നതുവരെയായിരുന്നു ന്യായപ്രമാണം (3:19).
6. ഇപ്പോൾ വിശ്വാസം വന്നതിനാൽ, നാം ന്യായപ്രമാണത്തിൻ കീഴിൽ അല്ല (3:25).
7. ന്യായപ്രമാണത്തെ പ്രതിനിധീകരിച്ച ദാസിയുടെ മക്കളല്ല നാം (4:31).

ദൂതന്മാർ മുഖാന്തരം നൽകിയ ന്യായപ്രമാണവുമായി ബന്ധപ്പെട്ടതിനേക്കാൾ ശ്രേഷ്ഠമായ അവസ്ഥയിലാണ് നാം എത്തിയിരിക്കുന്നത് എന്നു കാണിക്കുകയാണ് എബ്രായ ലേഖനത്തിന്റെ ഉദ്ദേശം (1:4; 2:2); മോശെ മുഖാന്തരമായിരുന്നു ന്യായപ്രമണം കൊടുത്തത് (3:3); ന്യായപ്രമാണപ്രകാരം പുരോഹിതന്മാരെ നിയമിച്ചിരുന്നു (7:11, 12); ന്യായപ്രമാണത്തിന്റെ ഉടമ്പടിയും വാഗ്ദാനങ്ങളും (7:22; 8:6); സമാഗമനകൂടാരവും അതിൽ ഉൾപ്പെട്ടിരുന്നു (9:11). യേശു ഏറ്റവും നല്ലത് കൊണ്ടുവന്നപ്പോൾ, മോശെയുടെ ന്യായപ്രമാണം അവസാനിച്ചു.

1. ന്യായപ്രമാണം മാറി (7:12).
2. ന്യായപ്രമാണത്തെ നീക്കി (7:18, 19).
3. ന്യായപ്രമാണത്തിന്റെ ഉടമ്പടി പഴയതായിരിക്കുന്നു (8:13).
4. രണ്ടാമത്തേതിനെ സ്ഥാപിപ്പാൻ യേശു ഒന്നാമത്തേതിനെ നീക്കി (10:9).

ന്യായപ്രമാണം അസാധുവാക്കി ക്രൂശിൽ തറെച്ച് മായിച്ചു കളഞ്ഞതിനാൽ, നാം ന്യായപ്രമാണത്തിന്റെ ചട്ടങ്ങൾ അനുസരിക്കാത്തതിന്റെ പേരിൽ, നമ്മെ ആരും വിധിക്കരുത് (കൊലൊ. 2:14–16). ആ കൽപനകൾ യേശുവിന്റെ ഉപദേശ യാഥാർത്ഥ്യത്തിന്റെ നിഴൽ മാത്രമായിരുന്നു (2:17; എബ്രാ. 10:1).

*വിരുത് തെറ്റിക്കൽ ഒഴിവാക്കണം.* ക്രിസ്ത്യാനികളുടെ ഉപദേശത്തെ ബാധിക്കുന്നവയാണ് അന്യമത പരിശീലനങ്ങൾ. അവ യേശു ആളുകളിൽനിന്നു ആവശ്യപ്പെടുന്നതിൽനിന്നും അകറ്റുകയാണ് ചെയ്യുന്നത്. സന്യാസ ജീവിതത്തിനു നിർബ്ബന്ധിക്കുന്ന സ്വേഛാ-രാധനയും, താഴ്മയും, ശരീരത്തെ-ഉപേക്ഷിക്കലും ഉൾപ്പെടുന്നതാണ് അത്തരം പരിശീലനങ്ങൾ. ആവശ്യമില്ലാത്ത ആദരവും ബഹുമാനവുമാണ് അവർ ദൂതന്മാർക്ക് കൊടുത്തിരുന്നത്. ദൂതൻ തങ്ങൾക്ക് പ്രത്യക്ഷപ്പെട്ട് പ്രത്യേക സന്ദേശം നൽകിയതായി ചിലർ അവകാശപ്പെട്ടിരുന്നു, ഉദാഹരണമായി, മൊറോനി എന്ന ദൂതൻ തനിക്ക് പ്രത്യക്ഷനായതായി ജോസഫ് സ്മിത്ത് അവകാശപ്പെട്ടിരുന്നു. കൂടാതെ കത്തോലിക്കാ സഭയും മറ്റുള്ളവരും ദർശനങ്ങൾ സംഭവിച്ചതായി അവകാശപ്പെടുന്നു.

അങ്ങനെയുള്ള അവകാശങ്ങളിൽ നാം ഇളകി പോകരുത്, പ്രത്യേകിച്ച് ബൈബിളിൽ വ്യക്തമായി പഠിപ്പിക്കുന്ന ഉപേദശങ്ങൾക്ക് വിരുദ്ധമായി പഠിപ്പിക്കുന്ന അവകാശങ്ങൾ. അപ്പൊസ്തലന്മാർ അറിയിച്ചതിനു വിരോധമായി അവരാകട്ടെ, സ്വർഗത്തിൽനിന്ന് വേറൊരു ദൂതനാകട്ടെ സുവിശേഷം അറിയിച്ചാൽ ശപിക്കപ്പെട്ടവൻ എന്നാണ് സ്വർഗം അരുളിച്ചെയ്യുന്നത് (ഗലാ. 1:8, 9).

*തലയെ മുറുകെ പിടിക്കാതിരിക്കൽ.* പുതിയ നിയമത്തിൽ പല വേദഭാഗങ്ങളിലും യേശുവിനെ തലയായിട്ടാണ് പറഞ്ഞിരിക്കുന്നത് (1 കൊ. 11:3),

സഭയുടെ തല (എഫെ. 1:22; 5:23), ശരീരത്തിന്റെ തല (കൊലൊ. 1:18), സകല വാഴ്ച്ചയുടേയും അധികാരത്തിന്റേയും തല (കൊലൊ. 2:10). മറ്റൊരു ഭാഗത്ത് അവനെ തലയായി മാത്രം പറയുന്നു (എഫെ. 4:15; കൊലൊ. 2:19).

അവന്റെ ആത്മിയ ശരീരമായ സഭയുടെ തലയാണ് യേശു. നാം അവനെ മുറുകെ പിടിച്ചാൽ നമ്മെ ആരും വിരുത് തെറ്റിക്കുകയില്ല. സത്യം അനുസരിച്ചവരെ മനുഷ്യരുടെ ഉപദേശത്താൽ പല അന്യമായ പരിശീലനങ്ങളിലേക്ക് തിരിക്കുവാൻ സാധ്യതയുണ്ട്.

യേശുവിനെ മുറുകെ പിടിക്കുവാനുള്ള ഉത്തരവാദിത്വം നമുക്കാണുള്ളത്. നാം അവന്റെ കൽപനകൾ പ്രമാണിക്കുന്നേടത്തോളം അവൻ നമ്മെ ഉപേക്ഷിക്കുകയില്ല, കൈവിടുകയുമില്ല (യോഹ. 15:9, 10). നാം യേശുവിനെ മുറുകെ പിടിച്ചാൽ, അവൻ നമ്മെയും മുറുകെ പിടിക്കും.

യേശു നല്ല ഇടയനാണ് (യോഹ. 10:11; 1 പത്രൊ. 5:4). നാം അവന്റെ ആടുകളാണ് എങ്കിൽ, അവന്റെ ശബ്ദം കേട്ട് അവനെ അനുഗമിക്കും. നാം അന്യന്മാരെ അനുഗമിക്കുകയില്ല (യോഹ. 10:2–5). നാം അവനെ അനുഗമിച്ചാൽ, അവൻ നമ്മെ ഒരിക്കലും വിട്ടുകളയുകയില്ല. നമുക്ക് അനുഗമിക്കുവാൻ ഒരു ഇടയൻ മാത്രമാണുള്ളത്, ഒരേ ഒരു കൂട്ടത്തിലാണ് നാം അംഗമായിരിക്കുന്നത് (യോഹ. 10:16).

ഒരർത്ഥത്തിൽ, ഇടയനാണ് കൂട്ടത്തിന്റെ തല. തങ്ങൾക്കു മുൻപേ നടന്നുപോയ ഇടയനിലേക്കാണ് അവർ നയിക്കപ്പെടുവാൻ നോക്കുന്നത്. അവരുടെ നായകനും തലയും അവനാകയാൽ, അവർക്ക് അവന്റെ ശബ്ദം തിരിച്ചറിയുവാൻ കഴിയും. അപ്രകാരമാണ് യേശു തന്റെ ആടുകളെ നയിക്കുന്നത് (യോഹ. 10:27).

യേശുവിനെ സഭയുടെ തലയായി നാം ബഹുമാനിക്കണം. അതിന് ഭൂമിയിൽ തലസ്ഥാനമില്ല, സ്വർഗത്തിലാണുള്ളത്. ഏതെങ്കിലും ഒരാളോ അല്ലെങ്കിൽ ഒന്നിലധികം പേരോ സഭയുടെ തലയായി അവകാശപ്പെടുന്നത് ഏക തലയും ഏക ഇടയനുമായ യേശുവിനോട് മൽസരിക്കലാണ്. നമ്മുടെ ആത്മാവിന്റെ തലയായ ക്രിസ്തുവിന്റെ ഉപദേശമല്ലാതെ മറ്റൊരു ഉപദേശത്തിലേക്ക് വ്യതിചലിക്കരുത്.

*ലൗകിക ചട്ടങ്ങൾ*. സ്നാനത്തിൽ നാം യേശുവിനോടുകൂടെ മരിച്ചപ്പോൾ, ലോകത്തിന്റെ ചട്ടങ്ങൾ സംബന്ധിച്ചും മരിച്ചു, കാരണം അവയൊന്നും യേശുവിൽനിന്നു വന്നതല്ല. മതങ്ങളിൽ രണ്ട് വ്യത്യസ്തമായ അറ്റമാണുള്ളത്: ദൈവം ഉണ്ടാക്കിയിട്ടില്ലാത്ത നിയമങ്ങൾ ഉണ്ടാക്കുന്നതും ദൈവം രൂപപ്പെടുത്തിയ നിയമങ്ങളെ മാറ്റി നിർത്തുന്നതും. ഇത് രണ്ടും തെറ്റാണ്. മനുഷ്യ-നിർമ്മിത നിയമങ്ങൾക്കെതിരായി 2:16–23 ൽ മുന്നറിയിച്ചിരിക്കുന്നു.

യേശുവിന്റെ ഉപദേശങ്ങളെ പ്രമാണിക്കുവാനാണ് നാം കടപ്പെട്ടിരിക്കുന്നത് (മത്താ. 28:20), അല്ലാതെ ലോകത്തിന്റെ ചട്ടങ്ങളല്ല. അവ നമ്മെ സഹായിക്കുന്നതിനും, ദൈവത്തോട് അടുക്കുന്നതിനും ഉള്ളതാണെന്ന് നമ്മെ വിശ്വസിപ്പിച്ചേക്കാം, പക്ഷെ അവ വിലയില്ലാത്തതും നമ്മെ ദൈവത്തോട് അടുപ്പിക്കാത്തതുമാണ്. ബുദ്ധിപരമെന്ന് വിചാരിച്ച് നമുക്ക് ഇഷ്ടമായ പരിശീലനങ്ങൾ ദൈവിക ജ്ഞാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്നില്ല.

*സ്വേഛാ-രാധന.* ഉപവാസത്താലും, വിവാഹം വിലക്കുന്നതിനാലും, വിവാഹം കഴിച്ചവർ ലൈംഗിക ബന്ധം ഒഴിവാക്കുന്നതും, ശരീരത്തെ ഉപേക്ഷിക്കുന്നതും, ഭൗതിക നിയന്ത്രണത്താൽ രസിക്കുന്നതും നീതിയാണെന്ന്

ചില മതങ്ങൾ പഠിപ്പിക്കുന്നു. അവ ഒന്നും ദൈവഭക്തി ജനിപ്പിക്കുന്നില്ല.

എല്ലാ മതപരമായ പരിശീലനങ്ങളെയും യേശുവിന്റെ ഉപദേശവുമായി ഒത്തു നോക്കണം. എല്ലാ കാര്യത്തിലും നാം യേശുവിനെ ആണ് മുറുകെ പിടിക്കേണ്ടത്, അല്ലാതെ യെഹൂദ സമ്പ്രദായങ്ങളോ, മാനുഷ്യ മതങ്ങളോ, അല്ലെങ്കിൽ ലൗകിക ചിന്തകളോ അല്ല. തലയും, ഇടയനും, നായകനും യേശു മാത്രമായിരിക്കണം.

### ക്രിസ്തു ക്രിസ്ത്യാനികളെ ന്യായപ്രമാണത്തിൽനിന്നു സ്വതന്ത്രമാക്കി (2:16, 17)

ന്യായപ്രമാണത്തിന്റെ ചട്ടങ്ങളിൽനിന്നു ക്രിസ്ത്യാനികളെ ക്രിസ്തു മോചിപ്പിച്ചു. ഭക്ഷണം, പെരുന്നാളുകൾ, ശബ്ബത്തു നിയമങ്ങൾ എന്നിവ നമ്മെ ബാധിക്കുന്നില്ല. ന്യായപ്രമാണ ചട്ടങ്ങളിൽനിന്നു നമ്മെ സ്വതന്ത്രമാക്കിയ യേശുക്രിസ്തുവിന്നു നാം നന്ദിയുള്ളവരായിരിക്കണം (എഫെ. 2:14, 15).

ന്യായപ്രമാണത്തെ നീക്കിയതിനാൽ ക്രിസ്ത്യാനികൾക്ക് ഇനി പാപം ചെയ്യാമെന്ന് അർത്ഥമാകുന്നില്ല (റോമ. 6:1–3). യേശു കർത്താവാണ് അഥവാ അവന്റെ കൽപനകൾ പ്രമാണിക്കണം എന്നതിൽനിന്നു കൃപ ഒരാളെ സ്വതന്ത്രമാക്കുന്നില്ല (മത്താ. 28:18–20; യോഹ. 14:15, 21; 15:10; 1 കൊ. 7:19).

യേശു മുലം യാഥാർത്ഥ്യമായവയുടെ നിഴലായിരുന്നു ന്യായപ്രമാണം. (എബ്രാ. 10:1). രക്തം ചിന്തലിന്റെ അടിസ്ഥാനത്തിലാണ് പാപമോചനം എന്ന് മോശെയുടെ ന്യായപ്രമാണം മുഖാന്തരം ദൈവം വെളിപ്പെടുത്തിയിരുന്നു (എബ്രാ. 9:22), പഴയനിയമം യേശു വരുമെന്ന യാഥാർത്ഥ്യത്തിനായി ആളുകളെ ഒരുക്കുന്നതിനുള്ളതായിരുന്നു (ഗലാ. 3:24, 25).

എങ്ങനെയായാലും, മോശെയുടെ ന്യായപ്രമാണം ശരിക്കും പാപമോചനം നൽകിയില്ല, കാരണം മൃഗയാഗം പാപമോചനത്തിന് പര്യാപ്തമായിരുന്നില്ല (എബ്രാ. 10:4). ന്യായപ്രമാണത്താൽ നീതീകരിക്കപ്പെടുവാൻ ഒരാളുടെ പ്രവൃത്തികളെല്ലാം പാപമില്ലാത്തതായിരിക്കണം. ന്യായപ്രമാണത്തിൻകീഴിലായിരുന്ന എല്ലാവരും പാപം ചെയ്ത്, ആരും പ്രവൃത്തികളാൽ രക്ഷിപ്പെടുകയില്ല എന്നു കാണിച്ചു (ഗലാ. 2:16). പ്രവൃത്തികളാലല്ല, വിശ്വാസത്താലാണ് മനുഷ്യർക്ക് രക്ഷ ആവശ്യമെന്ന് ദൈവം തെളിയിച്ചു. അവൻ അബ്രഹാമിനെ തിരഞ്ഞെടുത്തു–അവൻ നീതിമാനായിരുന്നു, അവന്റെ മക്കളെ കർത്താവിന്റെ വഴി അവൻ പഠിപ്പിച്ചു (ഉല്. 18:19)–അവന്റെ പിൻഗാമികളെ പാപമുള്ള ചുറ്റുപാടിൽനിന്നും മാറ്റി നിർത്തി (ആവ. 7:3, 4). ഈ നേട്ടങ്ങളെല്ലാം ലഭിച്ചിട്ടും, അവർ ജാതികളെ പോലെ, ദൈവത്തിനെതിരായി പാപം ചെയ്തു (റോമ. 3:9, 10).

അനേക വർഷങ്ങളോളം ന്യായപ്രമാണത്തിൻകീഴിൽ യിസ്രായേൽ ജനത്തെ ജീവിക്കുവാൻ അനുവദിച്ചുകൊണ്ട്, ഒരു മനുഷ്യനും പാപമില്ലാതെ ജീവിക്കുവാൻ സാധ്യമല്ല എന്നു ദൈവം തെളിയിച്ചു.

### നമ്മുടെ വളർച്ചയുടെ ഉറവിടം ക്രിസ്തു ആണ് (2:19)

ജഡികമായ ഇഛകളെ അതിജീവിക്കുവാൻ ലൗകിക തത്വജ്ഞാനങ്ങൾ പ്രയോജനമില്ലാത്തവയാണ്. സഹായത്തിനായി ക്രിസ്ത്യാനികൾ ക്രിസ്തുവിനെ നോക്കണം. ലോകത്തിലെ പരീക്ഷണങ്ങളെ അതിജീവിക്കുവാൻ കഴിയുന്നത് യേശു മുഖാന്തരമാണ്, നമ്മുടെ ആത്മിയ വളർച്ചക്കുള്ള ഉറവിടം ക്രിസ്തുവാണ്.

ക്രിസ്ത്യാനിയുടെ ആവശ്യങ്ങളെല്ലാം ക്രിസ്തു നിറവേറ്റി തരും. യേശുവിന്റെ ഉപദേശത്തോട് ഭേദപ്പെട്ട യാതൊന്നും കൂട്ടിച്ചേർക്കുവാൻ തത്വചിന്തകന്മാർക്കോ ലോകത്തുള്ള മറ്റുപദേഷ്ടാക്കന്മാർക്കോ കഴിയുകയില്ല. ജോൺ ഗ്രീൻലീഫ് വൈറ്റിയർ എഴുതി,

സത്യത്തിനായി നാം ലോകത്തിൽ തിരയുന്നു; നാം വേർതിരിക്കുന്നു
നല്ലത്, ശുദ്ധമായത്, ഭംഗിയുള്ളത്,
കൊത്തുപണിയുള്ള കല്ല്, എഴുതപ്പെട്ട ചുരുളുകൾ,
പഴയ ആത്മാവിന്റെ പുഷ്പങ്ങളിൽനിന്ന്;
നല്ലത് തിരഞ്ഞു ക്ഷീണിതരായവർ,
എല്ലാ ജ്ഞാനികളും കണ്ടെത്തുവാൻ പറഞ്ഞു
അത് നമ്മുടെ അമ്മമാർ വായിക്കുന്ന പുസ്തകത്തിലുണ്ട്.[22]

സഭയിലെ ഓരോ അംഗവും വളർച്ചക്ക് സംഭാവന ചെയ്യേണ്ടതായിട്ടുണ്ട് ക്രിസ്ത്യാനികൾക്ക് ഇരട്ട ബന്ധമാണുള്ളത്-ക്രിസ്തുവിനോടും-അന്യോന്യവുമുള്ള ബന്ധം-അങ്ങനെയാണ് നമ്മുടെ ആത്മിയ വളർച്ചക്ക് ആവശ്യമായതെല്ലാം ലഭിക്കുന്നത്. മിസൗറിയിൽ ലെവൻ പോയിന്റ് നദിയിലേക്ക് പതിനൊന്നു അരുവികളിൽനിന്നാണ് വെള്ളം ഒഴുകി വരുന്നത്. പതിനൊന്ന് ഉറവകൾ ഒരു നദിയായി തീരുന്നു. ക്രിസ്ത്യാനികളെ സംബന്ധിച്ച് അതിന് നേരെ എതിരാണ് സംഭവിക്കുന്നത്: ഒരു ഉറവ. യിൽനിന്നാണ് അനേകം ക്രിസ്ത്യാനികളിലേക്ക് ശക്തി പകരുന്നത്. യേശു എന്ന ഉറവയിൽനിന്നാണ് നമ്മുടെ പോഷണത്തിനാവശ്യമായതും അന്യോന്യമുള്ള വളർച്ചക്കു ആവശ്യമായതും എടുക്കുന്നത്.

ക്രിസ്തീയ വളർച്ചക്കുള്ള ഏക ഉറവിടം യേശു ആണ്. ഒരിക്കലും തീർന്നുപോകാത്ത ആത്മിയ ശക്തിയുടെ ഉറവയാണ് ക്രിസ്തു. അവൻ മതിയായവനും, ഒരിക്കലും പരാജയപ്പെടാത്തവനും, എല്ലായ്പോഴും ലഭ്യമായവനുമാണ്. അവനെ നോക്കി, ക്രിസ്ത്യാനികൾക്ക് അവരുടെ വളർച്ച ഉറപ്പാക്കുവാനും, ക്രിസ്തുവിനുവേണ്ടി മറ്റുള്ളവരെ വളരുവാൻ സഹായിക്കുവാനും കഴിയും.

**ക്രിസ്തു നമ്മെ മാനുഷ നിയമങ്ങളിൽനിന്നു സ്വതന്ത്രമാക്കുന്നു (2:20–22)**

മനുഷ്യരുടെ ഉപദേശങ്ങളും കൽപനകളും സംബന്ധിച്ച് ക്രിസ്ത്യാനികൾ മരിച്ചു മറ്റുള്ളവർ ജീവിക്കുന്നതുപോലെ ജീവിക്കുക എന്ന ഒരു പ്രവണത സ്വാഭാവികമാണ്, അവർ ചെയ്യുന്നതുപോലെ ചെയ്യുക, നമുക്ക് ചുറ്റുമുള്ള ആളുകളുടെ ജീവിതത്തെ നിയന്ത്രിക്കുവാൻ അനുവദിക്കുന്നതുപോലെ ജീവിക്കുക എന്നിവയാണ്. ജീവിതത്തോട് “കേട്ട” സമീപനമാണ് ഇത്. ഭൂരിഭാഗവും ചിന്തിക്കുന്നതിനനുസരിച്ചാണ് വോട്ടെടുപ്പ്. ഭൂരിഭാഗത്തിന്റെ വിലയിരുത്തൽ ഒരുപക്ഷെ രാഷ്ട്രീയത്തിലും മറ്റു ചില കാര്യങ്ങളിലും പ്രായോഗികമായിരിക്കാം, പക്ഷെ പൊതുവായ അഭിപ്രായം ധാർമ്മികവും ആത്മികവുമായ കാര്യങ്ങളിലെ ശരി തീരുമാനിക്കുവാൻ പാടില്ല. ക്രിസ്തുവിനുവേണ്ടി എങ്ങനെ ജീവിക്കണമെന്ന് പറയുവാനുള്ള അധികാരം ബൈബിളിലെ പുതിയ നിയമത്തിനാണുള്ളത്. സ്വയം-ചെലുത്തപ്പെട്ട നിയമങ്ങൾ വിഡ്ഢിത്തങ്ങളാണ് കാരണം അവയ്ക്ക് നമ്മുടെ ഇന്ദ്രിയങ്ങളെ ജയിക്കുവാൻ കഴിയുകയില്ല. അവ ഉപയോഗത്താൽ നശിച്ചുപോകുന്ന വസ്തുക്കളെ കുറിച്ചുള്ളതാണ്;

ആത്മിയ ജീവിതത്തിനു അത് പ്രയോജനമുള്ളതല്ല. ഒരു ഉദാഹരണമായ് ശരീരാഭ്യാസം. പേശികളുടെ ഉറപ്പിനും വലിപ്പത്തിനും പരമാവധി കഠിനമായ വ്യായാമം നടത്തും, എന്നാൽ ഏറ്റവും ശക്തമായ ശാരീരിക ക്ഷമതയുള്ള ആളും ഒരിക്കൽ മണ്ണിനടിയിലാകും. ശരീരാഭ്യാസം നമുക്ക് ആത്മികശക്തി നൽകുന്നില്ല. ശിംശോൻ ആ സത്യമാണ് നമ്മെ പഠിപ്പിക്കുന്നത്. അവനു ലഭിച്ച ശക്തി ദൈവത്തിൽനിന്നായിരുന്നു, അത് ധാർമ്മിക ബലഹീനതയിൽ അവനെ സഹായിച്ചില്ല (ന്യായാ. 14–16 നോക്കുക). “ശരീരാഭ്യാസം അൽപ പ്രയോജനമുള്ളതത്രെ; ദൈവഭക്തിയോ ഇപ്പോഴത്തെ ജീവന്റേയും വരുവാനിരിക്കുന്നതിന്റേയും വാഗ്ദത്തമുള്ളതാകയാൽ സകലത്തിന്നും പ്രയോജനമുള്ളതത്രെ” (1 തിമൊ. 4:8).

സ്വയ-നിർമ്മിത മതത്തോടുള്ള മാനുഷ സമീപനം ബുദ്ധിപരമെന്ന് തോന്നിയേക്കാം. മനുഷ്യരിൽനിന്നുത്ഭവിച്ച പരിശീലനങ്ങളെ കുറിച്ച് വാദിക്കുന്നത് നല്ലതാണെന്ന് വന്നേക്കാം. മാനുഷിക കാഴ്ച്ചപ്പാടിൽ ദൈവത്തിന്റെ സമീപനം അസാധാരണമായി തോന്നിയേക്കാം. നയമാൻ ഏലിശാപ്രവാചകന്റെ നിർദ്ദേശത്തോട് വിയോജിച്ചു (2 രാജാ. 5:1–14). പ്രവാചകൻ എന്തു ചെയ്യണമെന്ന് നയമാൻ ആദ്യം തന്നെ തീരുമാനിച്ചിരുന്നു. മാനുഷിക വിവേചനം വെച്ച് നോക്കിയാൽ, യോർദ്ദാൻ നദിയിൽ പോയി മുങ്ങിയാൽ കുഷ്ഠം മാറുകയില്ല-എന്നാൽ മനുഷ്യന്റെ വഴികളല്ല ദൈവത്തിന്റെ വഴികൾ (യെശ. 55:8, 9 നോക്കുക).

നാം മനസ് പുതുക്കി ലോകത്തിന് അനുരൂപരാകാതെ നമ്മുടെ ശരീരങ്ങളെ ദൈവത്തിന് യാഗമായി സമർപ്പിച്ച് അവനെ സേവിക്കണം (റോമ. 12:1, 2). നാം അവനെ മാത്രം ആരാധിച്ചു സേവിക്കണം (മത്താ. 4:10), അത് സത്യത്തിലും ആത്മാവിലും ആയിരിക്കണം (യോഹ. 4:24). സകല സത്യവും വെളിപ്പെടുത്തിയിരിക്കുന്നു (യോഹ. 16:13); മാനുഷിക നിഗളം നമ്മെക്കൊണ്ട് എഴുതിയിരിക്കുന്നതിനപ്പുറം ഭാവിച്ച് പ്രയോജനമില്ലാത്ത സമ്പ്രദായങ്ങളിലേക്കും, മനുഷ്യരുടെ കൽപനകളിലേക്കും എത്തിക്കുന്നു (മത്താ. 15:7–9; മർ. 7:6–13; തിത്തൊ. 1:14). ക്രിസ്ത്യാനികൾ എല്ലാം ചെയ്യേണ്ടത് യേശുവിന്റെ അധികാരത്തിൽ (നാമത്തിൽ) ആയിരിക്കണം (കൊലൊ. 3:17).

---

കുറിപ്പുകൾ

[1]പീറ്റർ ടി. ഓബ്രിയെൻ, *കൊലൊഷ്യൻസ്, ഫിലെമോൻ*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 44 (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1982), 141. [2]“യാഥാർത്ഥ്യത്തിന്റെ” നിഴലുകളായിരിക്കാം യേശുവിന്റെ ഉപദേശത്തിൽ അവതരിപ്പിച്ചത് എന്ന ആശയമാണ് എഡ്വേർഡ് സ്ക്വീസർ എടുത്തു കാണിച്ചത്. അവൻ എഴുതി, “തീർച്ചയില്ലാത്ത ഒരേ ഒരു കാര്യം നിഴലിന്റെ യാഥാർത്ഥ്യം സഭയാണോ ക്രിസ്തുവാണോ എന്നതു മാത്രമാണ്.” (എഡ്വേർഡ് സ്ക്വീസർ, *ദ ലെറ്റർ ടു ദ കൊലൊഷ്യൻസ്: ഏ കമെന്ററി*, ട്രാൻസ്. ആൻഡ്ര്യുചെസ്റ്റെർ [സൂറിച്ച്: ബെൻസിഗെർ വെർലാഗ്, 1976, റീപ്രിന്റ്, മിന്നെപൊലിസ്: ആഗ്സ്ബർഗ് പബ്ലിഷിങ് ഹൗസ്, 1982], 158). കൂടാതെ, ഈ വേദഭാഗത്തിന്റെ അർത്ഥം ബാവർ പറഞ്ഞു, “തെളിവോടുകൂടിയ യാഥാർത്ഥ്യമാണ്; *ഒരു ശരീരത്തിൽനിന്നു നിഴൽ പുറപ്പെടുന്ന ഭാവനയാണ്, സ്കിയാ* യിൽനിന്നു വ്യത്യസ്തമാണ് ... കൊലൊ. 2:17” (വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ,* 3ഡ് എഡി., റെവ.

ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ [ഷിക്കാഗോ: യൂണിവെഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000], 984). [3]ഇബിഡ്., 448. [4]നോക്കുക മത്താ. 8:2; 9:18; 14:33; 15:25; 20:20; 28:9, 17; മർ. 5:6; ലൂക്കൊ. 24:52. [5]ഐറേനിയസ് *എഗൻസ്റ്റ് ഹെരെസീസ്* 2.32.5. [6]ഈ. കെ. സിംസൺ ആന്റ് എഫ്. എഫ്.ബ്രൂസ്, *കമെന്ററി ഓൺ ദ എപ്പിസ്റ്റിൽസ്, ടു ദ എഫെഷ്യൻസ് ആന്റ് ദ കൊലൊഷ്യൻസ്,* ദ ന്യു ഇന്റർ നാഷ്ണൽ കമെന്ററി ഓൺ ദ ന്യു ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1957), 248. [7]ബാവർ, 459. [8]"അല്ല" എന്ന വാക്ക് പുരാതന കയ്യെ ഴുത്തു പ്രതികളിൽ ഇല്ല. [9]ബാവർ, 321. [10]ഓബ്രിയെൻ, 144.

[11]യേശുവിന്റെ ഉയർപ്പിനു-ശേഷം ഉടനെ പ്രത്യക്ഷനാവുകയും പിന്നെ "എല്ലാ വർക്കും ഒടുവിൽ" ശൗലിന്നു പ്രത്യക്ഷനാകുകയും ചെയ്തു. എങ്ങനെയായാലും, ക്രിസ്തു വെളിപ്പാടുപുസ്തകത്തിൽ യോഹന്നാന് മറ്റൊരു സന്ദർഭത്തിൽ പ്രത്യ ക്ഷനായതും പറഞ്ഞിരിക്കുന്നു. [12]സ്കവീസർ, 162. [13]ഇബിഡ്., 164. [14]റോബർട്ട് ജി. ബ്രാച്ചർ ആന്റ് യൂജിൻ ഏ.നിഡാ, *ഏ ട്രാൻസ്ലേറ്റേഴ്സ് ഹാന്റ് ബുക്ക് ഓൺ പോ ൾസ് ലെറ്റേഴ്സ് ടു ദ കൊലൊഷ്യൻസ് ആന്റ് ടു ഫിലെമോൻ.* ഹെൽപ്സ് ഫോർ ട്രാൻസ്ലേറ്റേഴ്സ് (ന്യു യോർക്ക്: യൂണൈറ്റഡ് ബൈബിൾ സ്വസൈറ്റീസ്, 1977), 70. [15]എച്ച്. സി. ജി. മൗൾ, *ദ എപ്പിസ്റ്റിൽസ് ടു ദ കൊലൊഷ്യൻസ് ആന്റ് ടു ഫിലെമൊൻ,* ദ കെയിംബ്രിഡ്ജ് ബൈബിൾ ഫോർ സ്കൂൾസ് ആന്റ് കോളേജസ് (കെയിംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്, 1893ച റീപ്രിന്റ്, 1902), 114-15. [16]ഇബിഡ്., 115. [17]ഓബ്രിയെൻ, 150. [18]മൗൾ, 115. [19]സ്കവീസർ, 159. [20]ഓബ്രിയെൻ, 153.

[21]ഇബിഡ്., 155. [22]ജോൺ ഗ്രീൻലീഫ് വൈറ്റിയർ, "ഫ്രം ഗ്രേവെൻ സ്റ്റോൺ ടു റിട്ടൺ സ്ക്രോൾ," ക്വോട്ടഡ് ഇൻ എച്ച്. ഐ.ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ഹീബ്രു ഹിസ്റ്ററി: ഏ സ്റ്റഡി ഓഫ് ദ ഓൾഡ് ടെസ്റ്റമെന്റ്* (ലിബർട്ടി, മോ: വില്യം ജെവെൽ പ്രസ്, 1951), 11.